# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 9 | ലക്കം - 7 | മിഥുനം - 1191 | ജൂലൈ 2016



## എറണാകുളം കരയോഗം 91-ാമത് വാർഷിക പൊതുയോഗത്തിൽ ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ (വേണു) സംസാരിക്കുന്നു.



## 2016-2018 ലെ എറണാകുളം കരയോഗം
## ഭരണസമിതി അംഗങ്ങൾ


President
K.P.K Menon
Ph: 9446352343


Gen. Secretary
P.Ramachandran
Ph: 9447053940


Treasurer
CA. K.T. Mohanan
Ph: 9947134381


Vice President
A. Muraleedharan
Ph: 9447060693


Vice President
Adv. T.Sivadasan Nair
Ph: 9496513424


Secretary
K.Prasannakumar
Ph: 9447753855


Secretary
K.Janardanan
Ph: 9745007187


K.Rajagopal
Ph: 9447665607


P.R.Prabhakaran Nair
Ph: 9400604625


K.Sadeish
Ph: 9447022006


Adv. A.Balagopal
Ph: 9847039205


M.Sreevallabhan Nair
Ph: 9947736071


S. Sreekumar
Ph: 9446517644


K.S. Ravindranath
Ph: 9895637118


P.Sajeevkumar
Ph: 9447170198


K. Sudha Krishnakumar
Ph: 9544629588


Lakshmi Mohan
Ph: 9447068757


K. Bhavani
Ph: 9895071101


Prof.C.Sumangaladevi
Ph: 9447785214


Dr. A. Parvathi
Ph: 94475579402


CA. Anil K Nair
Ph: 9447080703

എഡിറ്റോറിയൽ

# ശുഭസൂചകം തുടക്കം

പുതിയ സർക്കാർ അധികാരമേറ്റിട്ട് നാളധികമായില്ല. ഭരണത്തെ വിലയിരു ത്താനുള്ള സമയവുമായിട്ടില്ല. എങ്കിലും ആദ്യകാൽവെയ്പുകൾ ശുഭസൂചകങ്ങളാണ്. വികസന കാര്യത്തിൽ രാഷ്ട്രീയം കലർത്താതെ കേന്ദ്രവുമായി സഹകരിച്ച് മുന്നേറാനുള്ള തീരുമാനം സ്വാഗതാർഹമെന്നു മാത്രമല്ല, തകർന്ന് തരിപ്പണമായിരിക്കുന്ന കേരളത്തിന്റെ സാമ്പത്തിക, വ്യാവസായിക, ആരോഗ്യ, കാർഷിക, വിദ്യാഭ്യാസമേഖലകൾക്ക് പുതുജീവൻ നല്കാൻ അത് അനിവാര്യവുമാണ്. ഏറ്റവും ശ്ലാഘനീയമായിട്ടുള്ളത് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിലും കേരളത്തിന്റെ വ്യാവസായിക പുരോഗതിക്ക് ഏറെ പ്രയോജനപ്രദമാകുന്ന എൽ.എൻ.ജി പദ്ധതി നടപ്പിലാക്കുവാനും എടുത്ത തീരുമാനങ്ങളാണ്. ചില വർഗ്ഗീയ ശക്തികളുടെ നിയന്ത്രണം ഏതെല്ലാം തരത്തിൽ ഒരു സർക്കാരിനെ ബാധിക്കും, പിന്നോട്ടടിക്കും എന്നുള്ളതിന്റെ തെളിവാണ് കഴിഞ്ഞ സർക്കാർ ഈ രണ്ട് കാര്യങ്ങളിലും എടുത്ത പ്രീണന നിലപാട്. കൊച്ചി എൽ.എൻ.ജി. പദ്ധതിയോടൊപ്പം തുടങ്ങിയ ഗുജറാത്തിലെ എൽ.എൻ.ജി. പദ്ധതി പൂർത്തികരിച്ച് പരിപൂർണ്ണമായും നടപ്പിലായി കഴിഞ്ഞെന്നു മാത്രമല്ല, രണ്ടാംഘട്ട വികസനവും നടന്നുക്കൊണ്ടിരിക്കുന്നു. എൽ.എൻ.ജി. കൊണ്ട് വ്യവസായങ്ങളുടെ പ്രവർത്തനച്ചിലവ് വൻതോതിൽ ലാഭിക്കാമെന്നു മാത്രമല്ല ഗാർഹിക ഉപഭോക്താക്കൾക്ക്സിലണ്ടർഗ്യാസിനേക്കാൾഗുണമേന്മയുള്ള ഗ്യാസ് കുറഞ്ഞ വിലയ്ക്കു ലഭിക്കുകയും ചെയ്യും. സിലിണ്ടറിനേക്കാൾ പതിൻമടങ്ങ് സുരക്ഷിതവുമാണിത്. എന്നിട്ടും എന്തുകൊണ്ട് ഈ പദ്ധതി ഇത്രകാലമായിട്ടും

# ഉള്ളടക്കം

വാല്യം 9 | ലക്കം 7 | ജൂലൈ 2016

എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 5
വാസ്തു 7
ബാലലോകം 8
രാഗപരിചയം (ബേഗഡ) 10
കവിത (രാമാനന്ദം) 11
ബാലിദ്വീപ് യാത്ര 12
ആരോഗ്യത്തിനും സന്തോഷത്തിനും 14
കത്തുകൾ 16
സ്മൃതിപഥങ്ങളിൽ 17
ഗാന്ധിസൂക്തം 21
ക്ഷേത്രങ്ങളിലൂടെ 22
മിഴിവിളക്ക് 24
ഭാരതത്തിലെ ഋഷികവികൾ 29
സൗഹൃദം 34
സ്കിസോഫ്രീനിയ 37
രാമായണമാസത്തിലെ നാലമ്പലദർശനം 38
എത്ര മനോഹരം ബാല്യകാലം (കവിത) 42
കിട്ടുവിന്റെ ആത്മരോദനം 43
ഹൈന്ദവാചാര വൈകല്യം 47
വർഷകാലായുർവ്വേദം 50
അഘോരികൾ 53
ചാരിറ്റി 55
മാസഫലം 56
മാട്രിമോണിയൽ 57-66

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

നടപ്പിലാക്കിയില്ല. സർക്കാർ തലത്തിൽ നടപ്പിലാക്കേണ്ട സ്ഥലമെടുപ്പുൾപ്പടെയുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല?. കോടീശ്വരൻമാരായ ചില ടാങ്കർ ലോറി ഉടമകളുടെ നിർബന്ധത്തിന് വഴങ്ങിയ കുറെ മതമേലാളൻമാരുടെ സൃഷ്ടിയല്ലേ ഇതിനെതിരെ നടക്കുന്ന കുപ്രചരണങ്ങളും സമരങ്ങളുമെന്ന് ജനം സംശയിക്കുന്നു. ഒപ്പം ഞങ്ങളും. ഈ വികസന വിരുദ്ധരുടെ നീരാളിപ്പിടുത്തത്തിൽ നിന്നും എൽ.എൻ.ജി. പദ്ധതിക്ക് മോചനമേകും എന്ന് പ്രഖ്യാപിച്ച കേരളമുഖ്യമന്ത്രിക്ക് അഭിനന്ദനങ്ങൾ.

അതുപോലെ തന്നെ മുല്ലപ്പെരിയാർ വിഷയം ഒന്നിച്ച് തോളോടു തോൾ ചേർന്നുനിന്നുകൊണ്ട് പുരോഗതിയുടെ പാതയിലൂടെ സഞ്ചരിക്കേണ്ട രണ്ട് അയൽ സംസ്ഥാനങ്ങൾ. രണ്ട് സംസ്ഥാനങ്ങളിലെയും ജനങ്ങളുടെ താല്പര്യങ്ങളെ ഹനിക്കാതെ, രണ്ട് കൂട്ടർക്കും പ്രയോജന പ്രദമായ വിധത്തിൽ ഉഭയകക്ഷി ചർച്ചകളിലൂടെ തീരുമാനങ്ങളെടുക്കുന്നതിന് പകരം, യാതൊരു വിധ ശാസ്ത്രീയ അടിത്തറയുമില്ലാതെ, തെളിവുകളില്ലാതെ, അകാരണമായി ജനങ്ങളെ ഭയവിഹ്വലരാക്കി, പൊതുമുതൽ നശിപ്പിച്ചും, നീതിന്യായ വ്യവസ്ഥകളെയും, സർക്കാരിനെയും, കോടതികളെയുംപോലും വെല്ല് വിളിച്ച് ചില പുരോഹിതൻമാരുടെയും അവരുടെ പിണിയാളുകളായ കുറെ രാഷ്ട്രീയ നേതാക്കളുടെയും നേതൃത്വത്തിൽ കാട്ടികൂട്ടിയ അക്രമ പരമ്പരകൾക്ക് ഒത്താശപാടിയ സർക്കാർ നടപടിയും നമ്മൾ കണ്ടു. കേരളത്തിൽ നിന്ന് തമിഴ്നാട്ടിലും, തമിഴ്നാട്ടിൽ നിന്ന് കേരളത്തിലും വന്ന് താമസിക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് ആശ്വാസമേകുന്നതാണ് ഉഭയകക്ഷി ചർച്ചകളിലൂടെ പ്രശ്നം രമ്യമായി പരിഹരിക്കും എന്ന മുഖ്യമന്ത്രിയുടെ തിരുമാനം. അതുപോലെ തന്നെ ഓരോഫയലിലും ഓരോ ജീവിതം ഉണ്ടെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് അതിനനുസൃതമായി തീരുമാനമെടുക്കാൻ സമയപരിധി നിശ്ചയിച്ചതും തികച്ചും അഭിനന്ദനാർഹമാണ്.

ഇങ്ങനെയൊക്കെ ആണെങ്കിലും നാട്ടിൽ പലയിടത്തും നടക്കുന്ന അക്രമപ്രവർത്തനങ്ങളും, ചില മന്ത്രിമാരുടെ നിരുത്തരവാദപരമായ പ്രസ്ഥാവനകളും ഭരണത്തിളക്കത്തിന് മങ്ങലേല്പിക്കുന്നുണ്ട്. പരമപൂജ്യരായ സന്യാസിശ്രേഷ്ഠൻമാരെക്കുറിച്ച് ഒരു മന്ത്രി നടത്തിയ പ്രസ്ഥാവന അപലപനീയമെന്ന് മാത്രമല്ല, പ്രതിഷേധാർഹവുമാണ്. സന്യാസിവര്യൻമാരുടെ ജീവിതചര്യയേയും, അവർ ലോകത്തിന് നല്കുന്ന മഹത്തായ സംഭാവനകളെയും കുറിച്ച് അറിയില്ലായെങ്കിൽ ആ അജ്ഞത പുരപ്പുറത്ത് കയറി നിന്ന് കൂവി മറ്റുള്ളവരെ അറിയിക്കാതിരിക്കുകയല്ലേ ഭൂഷണം? മറ്റ് മതസ്ഥരുടെ പരിപാടിയിൽ പങ്കെടുക്കാനുള്ള അവകാശം മന്ത്രിക്കുണ്ട്. പക്ഷെ അവരുടെ വേദികൾ ഹൈന്ദവ സമൂഹത്തെ അവഹേളിക്കുവാനും, അധിക്ഷേപിക്കുവാനുമായി ഉപയോഗിക്കുവാനുള്ള ഒരധികാരവും അദ്ദേഹത്തിനില്ല. ഹിന്ദുവിന് ഐക്യമില്ലെന്നും അവന് പ്രതികരണശേഷി ഇല്ലെന്നുമുള്ള ധൈര്യം കൊണ്ടായിരിക്കാം അവർക്കു നേരെ അകാരണമായി വിരൽ ചൂണ്ടുവാൻ ധൈര്യപ്പെടുന്നത്. എന്നാൽ ഓർക്കുക, ആ കാലം കഴിഞ്ഞു പോയി. സംഘടിത ശക്തിയുടെ ഗുണം ഹിന്ദു അറിഞ്ഞ് തുടങ്ങിയിരിക്കുന്നു. ബഹു. മന്ത്രിയോട് ഒന്ന് ചോദിച്ചു കൊള്ളട്ടെ, മറ്റുള്ള മതങ്ങളിലെ അനാചാരങ്ങളെക്കുറിച്ചോ അവരുടെ മതനേതാക്കളെക്കുറിച്ചോ, അവരുടെ പുരോഹിതൻമാരെക്കുറിച്ചോ ഇതുപോലെ അവഹേളനാത്മകമായ രീതിയിൽ പ്രസ്ഥാവനകൾ നടത്താൻ അങ്ങയ്ക്ക് ധൈര്യമുണ്ടോ? വിഷലിപ്തമായ ഇമ്മാതിരി പ്രസ്ഥാവനകൾകൊണ്ട് നാടിന്റെ അന്തരീക്ഷം മലീമസമാക്കാതെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച് ജനങ്ങൾക്ക് എന്തെങ്കിലും ഗുണം ചെയ്യുവാൻ ശ്രമിക്കുക, അതാണുത്തമം ●

## നായർ സ്ത്രീസമാജം
## 2016 ജൂലൈ മാസ പരിപാടികൾ

| | | | |
|---|---|---|---|
| 12.7.2016 | ചൊവ്വ | അംഗങ്ങളുടെ ഒത്തു ചേരൽ | 4.00 p.m. |
| 20.7.2016 | ബുധൻ | രാമായണം വായന (സുന്ദരകാണ്ഡം) | 10.30 a.m. |
| 22.7.2016 | വെള്ളിയാഴ്ച | വിളക്കുപൂജ (ലളിതസഹസ്രനാമം) | 10.30 a.m. |

# ജനറൽ സെക്രട്ടറിയുടെ പംക്തി

2016 - 2017 വർഷത്തേക്ക് വിവിധ സാമൂഹ്യ സേവന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഗുരുവായൂർ നവതി മെമ്മോറിയൽ ഗസ്റ്റ്ഹൗസ്, പറവൂർ താലൂക്കിൽ തൃക്കടക്കാപ്പിള്ളി ദേശത്ത് ജീവകാരുണ്യ സേവന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ കൂടാതെ അരക്കോടിയോളം രൂപ ജീവകാരുണ്യപ്രവർത്തനങ്ങൾക്കും സാമൂഹ്യസേവനത്തിനും മാത്രമായി നീക്കിവച്ചുകൊണ്ട്

91-ാമത് എറണാകുളം കരയോഗം വാർഷിക പൊതുയോഗം 26.06.2016 ൽ നടക്കുകയുണ്ടായി.

എറണാകുളം കരയോഗത്തെ സംബന്ധിച്ച് വരുംവർഷങ്ങൾ പുതിയ പദ്ധതികൾ നടപ്പിലാക്കി വികസനത്തിന്റെയും സേവനത്തിന്റെയും പാതകൾ തുറക്കുകയാണ് ലക്ഷ്യം. ഈ പൊതുയോഗത്തിൽ യോഗമെമ്മോറാണ്ടവും നിയമാവലിയും ചില ഭേദഗതികളോടെ അംഗീകരിക്കുകയുണ്ടായിട്ടുണ്ട്. 2016 ആഗസ്റ്റ് 15-ാം തീയതി വരെ നിലവിലുള്ള കരയോഗാംഗങ്ങളുടെ അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മക്കൾ എന്നിവർക്ക് മാത്രമായി അംഗത്വം എടുക്കുന്നതിന് പ്രത്യേകമായി നിബന്ധനയോടെ സമയം അനുവദിച്ചിരിക്കുന്ന വിവരം അറിയിക്കട്ടെ. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു.

കരയോഗത്തിന്റെ വിവിധ സേവനതുറകളിൽ കൂടുതൽ സമയം ചിലവഴിക്കാൻ താല്പര്യമുള്ളവർ മുന്നോട്ടുവരണമെന്നും സിവിൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ പ്രാവീണ്യമുള്ള കരയോഗാംഗങ്ങൾ പ്രത്യേകിച്ചും കരയോഗത്തിന്റെ പുതിയ പദ്ധതികളുമായി സഹകരിക്കുവാൻ താല്പര്യമുണ്ടെങ്കിൽ കരയോഗം ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ എറണാകുളം കരയോഗം 2016 ജൂലൈ 26-ാം തീയതി രാവിലെ 10.00 മണിക്ക് ടിഡിഎം ഹാൾ കാവേരിയിൽ അദാലത്ത് സംഘടിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗവും ബീമും സംയുക്തമായി നടത്തുന്ന പ്രതിമാസപരിപാടിയിൽ ജൂലൈ മാസം 29ാം തീയതി ടിഡിഎം ഹാൾ ഗംഗയിൽ തൃശ്ശൂർ നാടക സൗഹൃദത്തിന്റെ നാടകം 'സത്യമേവ ജയതേ' അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസപരിപാടിയിൽ ശ്രീഇരയിമ്മൻ തമ്പി റിസേർച്ച് ഫൗണ്ടേഷനുമായി സഹകരിച്ച് 2016 ജൂലൈ 30ാം തീയതി ശനിയാഴ്ച വൈകുന്നേരം 5.00 മണിക്ക് ടിഡിഎം ഹാൾ ഗംഗയിൽ 'കഥകളി പദകച്ചേരി' അവതരിപ്പിക്കുന്നതാണ്.

രാമായണമാസാചരണത്തോടനുബന്ധിച്ച് എറണാകുളം കരയോഗം 2016 ആഗസ്റ്റ് 7-ാം തീയതി ഞായറാഴ്ച രാവിലെ 6.30 മണി മുതൽ ടിഡിഎം ഹാളിൽ ശ്രീ.എൻ.ടി.കാർത്തികേയന്റെ നേതൃത്വത്തിൽ 'സമ്പൂർണ്ണ രാമായണ പാരായണം' നടത്തുന്നതാണ്.

2016 ആഗസ്റ്റ് 13-ാം തീയതി എറണാകുളം കരയോഗം ജീവകാരുണ്യസ്ഥിരം ഫണ്ടിന്റെ വിതരണോദ്ഘാടനം ടിഡിഎം ഹാളിൽ നടത്തുന്നതാണ്. ചടങ്ങിൽ വിദ്യാഭ്യാസസഹായം, പെൻഷൻ വിതരണം, ഡയാലിസിസിനുള്ള സഹായം, ഹൃദയശസ്ത്രക്രിയക്കുള്ള സഹായം, എറണാകുളം ജനറൽ ഹോസ്പിറ്റലിലെ രോഗികൾക്കുള്ള സഹായം എന്നിവയും വിതരണം ചെയ്യുന്നതാണ്.

കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ തുടർന്നും അംഗങ്ങളുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്.

ജനറൽ സെക്രട്ടറി

## കരയോഗ അംഗത്വമെടുക്കുവാനുള്ള അവസരം ഉപയോഗപ്പെടുത്തുക

**91-ാമത് വാർഷിക പൊതുയോഗത്തിന്റെ തീരുമാനത്തിന് വിധേയമായി കൊച്ചിൻ കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന കരയോഗാംഗങ്ങളുടെ അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മക്കൾ എന്നിവർക്ക് 6000 രൂപയ്ക്ക് അംഗത്വമെടുക്കുവാൻ 2016 ആഗസ്റ്റ് 15 വരെ അവസരമുണ്ടായിരിക്കുന്നതാണ്. അംഗത്വം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫിസുമായി ബന്ധപ്പെടുക.**

*** അംഗത്വം നിബന്ധനകൾക്ക് വിധേയം**

**ജനറൽ സെക്രട്ടറി**

# കരയോഗാംഗങ്ങൾക്കുള്ള പ്രത്യേക അറിയിപ്പ്

## 91-ാമത് വാർഷിക പൊതുയോഗം 26.06.2016

വാർഷിക പൊതുയോഗം കൈക്കൊണ്ട ചില സുപ്രധാന തീരുമാനങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

* തൃക്കടക്കാപ്പിള്ളി ക്ഷേത്ര നവീകരണം
* ഗുരുവായൂർ ഗസ്റ്റ് ഹൗസ് പദ്ധതിക്കായി ടൈം ഷെയറിലൂടെ ധനസമാഹരണം
* സൂര്യതാപവൈദ്യുതി
* എറണാകുളം സ്ത്രീസമാജത്തിലെ നിലവിലുള്ള അംഗങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി 2016 ആഗസ്റ്റ് 15 വരെ എറണാകുളം കരയോഗത്തിൽ അംഗത്വം എടുക്കുവാനുള്ള അവസരം.
* നിലവിലുള്ള എറണാകുളം കരയോഗം അസോസിയേറ്റ് അംഗങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി ആജീവനാംഗമാകുവാനുള്ള അവസരം.

ജനറൽ സെക്രട്ടറി

# യോഗമെമ്മോറാണ്ഡവും നിയമാവലി ഭേദഗതിയും

വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ചതും 2016 ജൂൺ ലക്കം 6 കരയോഗസൗഹൃദത്തിൽ പ്രസിദ്ധീകരിച്ചതുമായ യോഗമെമ്മോറാണ്ഡവും നിയമാവലിയിലെയും ഭേദഗതികൾ യോഗം ചർച്ച ചെയ്യുകയും താഴെ പറയുന്ന നാല് ഭേദഗതികളോടെ പാസ്സാക്കി പ്രാബല്യത്തിൽ വന്ന വിവരവും കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

1) പേജ് നമ്പർ 45ൽ 5ൽ ഘടനയും അംഗത്വവും എന്നതിൽ പ്രായപൂർത്തി വന്ന എന്നത് നീക്കം ചെയ്തിരിക്കുന്നു.
2) പേജ് നമ്പർ 45ൽ ആജീവനാംഗത്വത്തിനുള്ള ഫീസ് 30,000 രൂപ (മുപ്പതിനായിരം രൂപ) എന്നത് 25,000 രൂപ (ഇരുപത്തി അയ്യായിരം രൂപ) ആക്കി നിശ്ചയിച്ചിരിക്കുന്നു.
3) പേജ് നമ്പർ 46 ൽ 7 (iv) ൻെറ നോട്ട് ആയി ആജീവനാംഗങ്ങളും അസോസിയേറ്റ് അംഗങ്ങളും ഉൾപ്പെടെ കരയോഗത്തിൻെറ മൊത്തം അംഗസംഖ്യ അയ്യായിരമായി (5000) നിജപ്പെടുത്തിയിരിക്കുന്നു.
4) പേജ് നമ്പർ 46 ൽ 8 (i)ൽ കൂടാതെ രണ്ട് കരയോഗാംഗങ്ങളുടെയും എന്നുകൂടി ചേർത്തിരിക്കുന്നു.

# കരയോഗധനസഹായ പദ്ധതി

എറണാകുളം കരയോഗം 2016 ൽ സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ ഭാഗമായി നല്കുന്ന വിദ്യാഭ്യാസ ധനസഹായം, വൃക്കരോഗികൾക്ക് ഡയാലിസിനുള്ള ധനസഹായം, വാർദ്ധക്യകാല പെൻഷൻ എന്നിവയ്ക്കുള്ള അപേക്ഷാഫോറങ്ങൾ കരയോഗം ഓഫീസിൽ നിന്നും ജൂലായ് 10 ാം തിയതി മുതൽ 16ാം തീയതി വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ വിതരണം ചെയ്യുന്നതായിരിക്കും. വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷയ്ക്ക് സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം 18 ാം തീയതി മുതൽ 21 ാം തീയതി വരെ കരയോഗം ഓഫീസിൽ നേരിട്ട് നൽകി രസീത് കൈപ്പറ്റേണ്ടതാകുന്നു. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും, കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമേ വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു. സ്വാശ്രയ കോഴ്സുകളിൽ /കോളേജുകളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

എന്ന്

ജനറൽ സെക്രട്ടറി



വാസ്തു

# അനാവശ്യ ചിന്തകൾ വേണ്ട

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദ്ഗദ്ധൻ

ഇന്നലെ എറണാകുളത്ത് ഒരു അപ്പാർട്ടുമെന്റ് പരിശോധിക്കേണ്ടതായി വന്നു. കഴിഞ്ഞ മൂന്നു മാസമായി നിരന്തരമായി വിളിച്ചിട്ടാണ് പോയത്. അവിടുത്തെ പ്രധാന പ്രശ്നം ആ അപ്പാർട്ടുമെന്റിന്റെ പ്രധാന വാതിൽ കിഴക്കു വടക്കെ മൂലയിലാണ്. അവരുടെ നേരെ എതിർവശത്തെ ഫ്ളാറ്റിന്റെ വാതിൽ ഇവരുടെ പ്രധാന വാതിലിന്റെ നേരെയാണ്. പ്രധാന വാതിലിനു നേരെ മറ്റൊരു വീടിന്റെ വാതിൽ വരുന്നത് വളരെ മോശമാണ് എന്ന് ആരോ പറഞ്ഞതനുസരിച്ച് ആ വിചാരം കാരണം ആ വീട്ടിലുണ്ടാകുന്ന ചെറിയ പ്രശ്നം പോലും ഇതു കാരണമാണെന്ന് അവർ വിശ്വസിക്കുന്നു.

ആ വീട്ടിൽ ചെറിയ കുട്ടികൾക്ക് പനിയും, മറ്റ് അസുഖങ്ങളുണ്ടാകുന്നു. വയസായ സ്ത്രീക്ക് ദിവസവും സ്ഥിരമായി മരുന്നു കഴിക്കേണ്ടി വരുന്നു. ഈ വീടിന്റെ പ്രധാന വാതിൽ കിഴക്കു വടക്കും, അടുക്കള അതിനു പുറകിൽ വടക്കു പടിഞ്ഞാറും ആണ്. അടുക്കളയ്ക്ക് വടക്കു പടിഞ്ഞറെ ഭാഗത്ത് ജനലുണ്ട്. പ്രധാന കിടപ്പുമുറി തെക്കു പടിഞ്ഞാറെ മൂലയിലാണ്. അവർ ഈ ഫ്ളാറ്റിൽ വന്നിട്ട് ഒൻപതു മാസമെ ആയിട്ടുള്ളു. പ്രായമായ സ്ത്രീ കഴിഞ്ഞ പത്തു കൊല്ലമായി പല അസുഖങ്ങൾക്കും മരുന്നു കഴിച്ചുകൊണ്ടിരിക്കുന്ന ആളാണ്. കൊല്ലങ്ങളായി പ്രമേഹവും, പ്രഷറും ഉള്ളതാണ്. മൂന്നും ഒന്നും വയസായ കുട്ടികൾക്ക് സാധാരണ അഞ്ചു വയസ്സുവരെ പനിയും, ജലദോഷവും കാലാവസ്ഥയ്ക്കനുസരിച്ച് സാധാരണ വരുന്നതാണ്. അതൊന്നും ഇവരുടെ പ്രധാന വാതിലിനു നേരെ മറ്റൊരു ഫ്ളാറ്റിന്റെ പ്രധാന വാതിൽ വന്നതു കൊണ്ടല്ല.

എതിർവശത്തുള്ള ഫ്ളാറ്റിന്റെ പ്രധാന വാതിൽ അവരുടെ പടിഞ്ഞാറ് വടക്കെ മൂലയിലാണ്. കാര്യങ്ങൾ വിവരിച്ച് മനസ്സിലാക്കിയപ്പോൾ അവരുടെ എല്ലാ പ്രശ്നങ്ങളും മാറി.

പല വീടുകളിലും പ്രശ്നങ്ങൾ അവരുടെ വീട്, അവരുടെ അച്ഛന്റെ നാളും പേരും വച്ചുണ്ടാക്കിയിട്ടുള്ള കണക്കുകളനുസരിച്ചാണ്. അച്ഛനുശേഷം വീട് മക്കൾക്കു വന്നപ്പോൾ മൂത്ത മകന്റെ നാളിനനുസരിച്ച് ഏതെങ്കിലും മുറികൾ കൂട്ടിയൊ, കുറച്ചൊ വീടിന്റെ കണക്കു ശരിയാക്കേണ്ടതല്ലേ എന്നു സംശയമുണ്ടായി.

കണക്കുകളെപ്പറ്റി ആലോചിച്ച് വിഷമിക്കേണ്ടതില്ല. കേരളത്തിലെ ഏറ്റവും നല്ല കണക്കുകൾ അടുത്ത സംസ്ഥാനമായ തമിഴ് നാട്ടിലേക്കു കടന്നാൽ മനയാടി (Manayadi) ശാസ്ത്രപ്രകാരം വളരെ മോശമാണ്. പലപ്പോഴും ആളുകളുടെ വിശ്വാസം കണക്കുകൾ ശരിയാക്കുക എന്നു മാത്രമാണ്. പഴയ കാലത്ത് ഉത്തരങ്ങളുടെയും, കഴിക്കോലുകളുടെയും നീളം പെട്ടെന്നു ശരിയാക്കുന്നതിനു വേണ്ടി ഉണ്ടാക്കിയ മനപാഠം മാത്രമാണ് കണക്കുകൾ. അതിനെപ്പറ്റി ആലോചിച്ച് വിഷമിക്കേണ്ടതില്ല. കണക്കുകൾ തെറ്റിയാലും സ്ഥാനങ്ങൾ തെറ്റാതെ നോക്കണം. വാസ്തു ശാസ്ത്രം എന്നു പറഞ്ഞാൽ ഭൂമി, ആകാശം, വായു, വെള്ളം, അഗ്നി എന്നിവയുടെ ഗുണം നമ്മൾ ജോലി ചെയ്യുന്ന സ്ഥലത്തും, ഉറങ്ങുന്ന സ്ഥലത്തും ഉപയോഗമുള്ളതായി മാറ്റുക മാത്രമാണ് •

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.



# ബാലലോകം

ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

പൂർവ്വാധികം ആവേശത്തോടെ കൂട്ടുകാർ സ്കൂളിൽ എത്തിയിരിക്കുമല്ലോ? പഴയ കൂട്ടുകാർ, പുതിയ കൂട്ടുകാർ, നല്ലവരായ അദ്ധ്യാപകർ ഇവരെയെല്ലാം കാണുന്നതു തന്നെ ഏറെ സന്തോഷം നൽകുന്നില്ലേ? കൂട്ടുകാരോട് എന്തെന്തു വിശേഷങ്ങളാണ് നിങ്ങൾക്ക് പറയാനുണ്ടാവുക. മധ്യവേനലവധിയിൽ ചെയ്ത കാര്യങ്ങൾ, അച്ഛനമ്മമാരോടൊപ്പം ചെയ്ത യാത്രകൾ, ബന്ധുമിത്രാദികളോടൊപ്പം സന്തോഷപ്രദമായി ചിലവഴിച്ച ദിവസങ്ങൾ, പുതിയ പഠനങ്ങൾ, കളികൾ ഇവയൊക്കെ പങ്കുവെക്കുന്നത് എന്തു സന്തോഷമാണ് കൂട്ടുകാരിൽ ഉളവാകുക അല്ലെ? പുതിയ ക്ലാസ്സിലേക്കുള്ള യാത്ര എത്ര രസകരമാണ്. ഇതൊക്കെ ജീവിതത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന സൗഭാഗ്യമാണെന്ന് കൂട്ടുകാർക്കറിയാമോ? അതുകൊണ്ടു തന്നെ സ്കൂൾ ജീവിതം നന്നായി ആസ്വദിക്കുകയും വേണം. പുതിയതായി സ്കൂളിലേക്കു വരുന്ന കുട്ടികളെ തുറന്ന ഹൃദയത്തോടെ കൂട്ടുകാർ വരവേൽക്കണം. കരയുകയും, ചിരിക്കുകയും ചെയ്യുന്ന കൊച്ചു കൂട്ടുകാരെ നിങ്ങൾ ഹൃദയത്തോട് ചേർത്ത് സ്വീകരിക്കണം കേട്ടോ. വായിച്ചു വളരുക ഒരനുഭവമാണെന്ന് കൂട്ടുകാർക്ക് പറഞ്ഞുതരേണ്ട ആവശ്യമില്ലല്ലോ?

## ഇനി ഒരു കുഞ്ഞിക്കഥ കേട്ടോളൂ

തൃണാവർത്തൻ എന്ന അസുരനെ ഉണ്ണിക്കണ്ണൻ വധിച്ച കഥ,

ഉണ്ണികൃഷ്ണൻ കുഞ്ഞായിരുന്നപ്പോൾ കൈകാലിട്ടു കുടഞ്ഞു കളിക്കുമ്പോൾ അമ്മ യശോദയ്ക്ക് ഒരു സംശയം . പതിവിനു വിപരീതമായി കുഞ്ഞിന് വല്ലാത്ത ഭാരം. മാത്രമല്ല എടുക്കാൻ പറ്റാത്തവിധം ഭാരംകൂടി കൂടി വരികയും ചെയ്യുന്നു. ഉണ്ണിയെ എടുക്കാൻ പോലും പറ്റുന്നില്ല. എന്തെങ്കിലും അസുഖത്തിന്റെ തുടക്കമാണോ? അമ്മ സംശയിച്ചു. ഈ സന്ദർഭത്തിൽ തൃണാവർത്തൻ കൊടുങ്കാറ്റായി വന്ന് ഉണ്ണിക്കണ്ണനെ അപഹരിച്ചു മേല്പോട്ടു പൊങ്ങി. എന്റെ കുഞ്ഞെവിടെ എന്നു ചോദിച്ചു കൊണ്ട് യശോദ നാലുപാടും ഓടി നടന്നു. ഗോപകുമാരൻമാരും തങ്ങളുടെ കൂട്ടുകാരനെ കാണാഞ്ഞ് ഏറെ പരവശരായി. അന്തരീക്ഷം മുഴുവനും പൊടിപടലങ്ങൾ കൊണ്ടു നിറഞ്ഞു. കണ്ണനെ എടുത്ത് ആകാശത്തിലേക്ക് പൊങ്ങിയ തൃണാവർത്തനാവട്ടെ, കുഞ്ഞിന്റെ കനം താങ്ങാനാവാതെ വിഷമിച്ചു. കണ്ണനെ തന്നിൽ നിന്നു വേർപെടുത്തി താഴേക്കിടാൻ ശ്രമിച്ചു. അസുരനെ കഴുത്തിൽ മുറുകെ പിടിച്ചു കണ്ണൻ. ഇരുവരും കൂടി അന്തരീക്ഷത്തിൽ നിന്ന് താഴേക്കു പതിച്ചു. ഒരു പാറപ്പുറത്തേയ്ക്ക്. അവിടെ വലിയൊരു ശരീരവും അതിനു മുകളിൽ അടിച്ചു കളിക്കുന്ന കണ്ണനും. ഗോപൻമാർ ഓടിയടുത്തു വന്നു. കണ്ണാ, അമ്മ യശോദ വിഷമിച്ചിരിക്കുകയാണ്, വേഗം വരൂ. അവർ പറഞ്ഞു. തൃണാവർത്തനെ വധിച്ച ശേഷം കണ്ണൻ അമ്മയുടെ അടുത്തെത്തി. അമ്മ കണ്ണനെ മാറോടു ചേർത്തു പുൽകി.

ഭഗവാന്റെ കേളികൾ കൂട്ടുകാർക്കിഷ്ടമായോ ?

മഹാഭാരതത്തിലെ ഏറെ ലളിതമായ ഈ വരികൾ കൂട്ടുകാർ ഹൃദിസ്ഥമാക്കുമല്ലോ.

*പൊന്നണിഞ്ഞാനകൾ മുൾത്തടി കൈക്കൊണ്ടും*
*പൊന്നിൻ മലകൾ നടക്കുന്നതുപോലെ*
*വെള്ളത്തിലെത്തിര തല്ലുന്നതുപോലെ*
*തുള്ളിക്കളിക്കുന്ന വെള്ളക്കുതിരകൾ.*
*മുന്നിൽ കളിക്കുന്ന കാലാൾപ്പടകളും*
*വമ്പോടലറും പടഹവും ഭേരിയും*
*വൻകടൽ പോലെ പരന്നിതു വൻപട*
*ഹുങ്കാരമോടുമടുക്കുന്നതു നേരം*
*ദിക്കുകളൊക്കെ മറഞ്ഞു പൊടികൊണ്ട്*
*ചക്രം തിരിഞ്ഞിതു കൗരവസൈന്യവും*
*വില്ലാളി വീരനും ദ്രോണരതു കണ്ടു*
*നില്ലാ പടനടക്കെന്നുറച്ചീടിനാൻ*
*ചൊല്ലിനാൻ മറ്റുള്ളവരോടിതു കാൺക*
*നല്ലവരവും ഭയങ്കരമെത്രയും*
*എല്ലാവരുമൊരുമിച്ചു നിന്നീടുവിൻ*
*വല്ലാതെ ധൂളിപ്പടയകറ്റീടുവിൻ*

*വല്ലഭമുള്ളവരൊന്നിച്ചു കൂടുവിൻ*
*ഇത്തരം ചൊല്ലിയുറച്ചു ഭരദ്വാജ*
*പുത്രനാം ദ്രോണരുറപ്പിച്ചു നിർത്തിനാൻ*

## ബിസിനസ്സിലെ സുവർണതലങ്ങൾ തേടി ശ്വേത

വിധിവൈപരിത്യത്തെ മറികടന്ന് ശുപാപ്തി വിശ്വാസത്തോടെ ജീവിതത്തെ നോക്കിക്കാണുന്നവർ നിരവധിയാണ്. പക്ഷെ അസാധാരണമായ അർപ്പണ മനോഭാവവും, മനക്കരുത്തും ഇതിനാവശ്യമാണ്. വിശാഖപട്ടണം സ്വദേശികളായ വരലക്ഷ്മി ലിംഗമൂർത്തി ദമ്പതികളുടെ മകളായ ശ്വേത എന്ന പെൺകുട്ടി തൃപ്പൂണിത്തുറയിലെ വാടക വീട്ടിലിരുന്ന് സ്വന്തം ജീവിതം കരുപ്പിടിപ്പിക്കാൻ കിണഞ്ഞു പരിശ്രമിക്കുകയാണ്.

ഏവരും നിസ്സഹായതയുടെ ഒരു രൂപമാണ് ഈ പെൺകുട്ടിയിൽ കാണുന്നതെങ്കിൽ അവർക്കതല്ല ആവശ്യം. ധീരതയോടെ വിജയം കൊയ്യാനാണ് അവർ ആഗ്രഹിക്കുന്നത്. ബ്ലൂ ബേബിയായി ജനിച്ചുവെന്ന് ഡോക്ടർമാർ ആദ്യം വിധിയെഴുതി. അല്പ സമയത്തിനകം ജീവിക്കുന്നു എന്ന് മറിച്ചെഴുതേണ്ടി വന്നു. നിരവധി ചികിത്സകളിലൂടെ അവളെ തിരിച്ചു കിട്ടിയ അച്ഛനമ്മമാർ പല സ്ഥലങ്ങളിലും ചികിത്സക്കായി വീണ്ടും വിണ്ടും കൊണ്ടു വന്നു. പ്രസവസമയത്ത് ഡോക്ടർമാർക്കു പറ്റിയ കൈയ്യബദ്ധത്താൽ ബ്രെയിനിലെ ചില പ്രധാന സ്ഥലങ്ങളിൽ സമ്മർദ്ദം വന്നതുകൊണ്ടു സംഭവിച്ച ക്ഷതം ശ്വേതയുടെ സംസാരശേഷിയെ ബാധിച്ചു.

'ഒരു ഗുഡ് ഫോർ നതിങ്ങ്' എന്നു നാട്ടുകാർ ശ്വേതയെ പഴിച്ചു. സാധാരണ സ്കൂളുകളിൽ ഇവർക്ക് പ്രവേശനം നിഷേധിച്ചു. പക്ഷേ അഞ്ചു വയസ്സു മുതൽ സാവധാനം ആരുടെ ആശ്രയവും കൂടാതെ നടന്നു തുടങ്ങിയ ഈ പെൺകുട്ടി ക്രമേണ സ്പീച്ച് തെറാപ്പിയുടെ സഹായത്തോടെ സംസാരിച്ചു തുടങ്ങി. അക്ഷരമാലയും, വാക്കുകളും വശത്താക്കാൻ ഇവളിൽ കണ്ട താല്പര്യം അച്ഛനമ്മമാരെ അത്ഭുതപ്പെടുത്തി. പ്രൈമറി സ്കൂളുകളെല്ലാം കുട്ടിയെ തഴഞ്ഞു. ഒടുവിൽ പണം കൊടുത്ത് മദ്രാസിലെ ഒരു മിഷൻ സ്കൂളിൽ ചേർത്തു. എഴുത്തിലും, ശബ്ദത്തിലും പതുക്കെ ആയിരുന്നതു കൊണ്ട് അദ്ധ്യാപകർ കുട്ടിയെ നിരുത്സാഹപ്പെടുത്തി. മാത്രമല്ല അവളെ സ്കൂളിൽ നിന്ന് പുറം തള്ളാനുള്ള ശ്രമവും നടത്തി. ഇത്തരം കുട്ടികൾ സ്കൂളിന് നാണക്കേടാണെന്നു വരെ അവർ വിധിയെഴുതി. ഇതുകൊണ്ടൊന്നും ശ്വേത തളർന്നില്ല. അവർ അതൊരു വെല്ലുവിളിയായി ഏറ്റെടുത്തു. പത്താം ക്ലാസ്സ് പ്രൈവറ്റ് ട്യൂഷനിലൂടെ നാഷണൽ ഓപ്പൺ സ്കൂൾ വഴി പരീക്ഷയെഴുതി പന്ത്രണ്ടാം ക്ലാസ്സ് പാസായി. 2003 ൽ സെക്കന്തറബാദിൽ ബി.കോം കമ്പ്യൂട്ടേഴ്സിനു ചേർന്നു. അവിടെ അവർ പഠനത്തോടൊപ്പം പല സാംസ്കാരിക പരിപാടികളിലും പങ്കെടുത്തു. പരീക്ഷ പാസായി. എം.കോം അല്ലെങ്കിൽ എം.ബി.എ ആയി അടുത്ത ലക്ഷ്യം.

ഇവിടെ ശ്വേത വിധിയുടെ മറ്റൊരു പരീക്ഷണത്തിനു വിധേയയായി. 2008 ൽ ഒരു ട്രെയിൻ യാത്ര ചെയ്യവെ ഒരു കരിങ്കൽ കഷ്ണം അവളുടെ കണ്ണിൽ വന്നു പതിച്ചു. ശ്വേതയുടെ വലതുകണ്ണിന് കാഴ്ചശക്തി പോയി അതോടെ അവൾ മാനസികമായി തളർന്നു. രണ്ടു വർഷം വേണ്ടി വന്നു വീണ്ടുമുള്ള തിരിച്ചുവരവിന്. ശ്വേത വിധിയെ പഴിക്കാതെ മുന്നോട്ട് നീങ്ങി. അവൾ നടക്കുമ്പോൾ ബാലൻസ് തെറ്റി വീഴാറുണ്ട്. രാത്രിയിൽ കാഴ്ച ശക്തി കുറവാണ്. സംസാരം വ്യക്തമല്ല. ഈ സന്ദർഭത്തിലാണ് അവളുടെ അമ്മാവനും, കുടുംബാംഗങ്ങളും ചേർന്ന് അവളെ ബിസിനസ്സ് രംഗത്തേയ്ക്ക് കൊണ്ടുവന്നത്. വീട്ടിലിരുന്ന് ഓൺലൈനായി ചെറിയ ബിസിനസ്സുകൾ തുടങ്ങി. ക്രമേണ അവർ ബിസിനസ്സ് വിപുലമാക്കി. പെർഫ്യൂം, ഡിറ്റർജെന്റ്, ടോയ്ലറ്ററീസ്, ബോഡിഹെൽത്ത് കെയർ, നാപ്കിൻസ്, ടർക്കി, ടവ്വൽ, റെഡിമിക്സ് ഫുഡ് എന്നിവയെല്ലാം ഇവർ മാർക്കറ്റുകളിലെത്തിച്ചു. പ്രദർശനങ്ങൾ നടത്തി. മാളുകൾ, വലിയ ഷോറൂമുകൾ എല്ലാം സന്ദർശിച്ച് ബിസിനസ്സ് തന്ത്രങ്ങൾ മനസ്സിലാക്കി. വ്യവസായരംഗം കൂടുതൽ വിപുലമാക്കാൻ രാവിലെയും വൈകുന്നേരവും വളരെ പ്രയാസപ്പെട്ട് ഇറങ്ങി നടന്ന് പരിസരങ്ങളിലെല്ലാം സുഹൃത്തുക്കളെ കണ്ട് തന്റെ ഉല്പന്നത്തെക്കുറിച്ച് പറഞ്ഞ് അതു വിൽക്കുന്നു. ശരീരത്തെ മറന്നു കൊണ്ട് അവർ ബിസിനസ്സിലെ സുവർണതലങ്ങൾ തേടുകയാണ്. ഇംഗ്ലീഷ്, തെലുങ്ക്, കന്നഡ, തമിഴ് എന്നീ ഭാഷകളിലെല്ലാം പ്രാവിണ്യമുള്ള ഈ പെൺകുട്ടി മുന്നേറുകയാണ്. ആരോടും പരിഭവവും, പരാതിയുമില്ലാതെ. തന്റെ ബിസിനസ്സ് വിജയിക്കാൻ ഏതു കടുത്ത പരിശ്രമത്തിനും ഈ ഇരുപത്തിയാറുകാരി തയ്യാറാണ്. താമസിക്കുന്ന പരിസരത്ത് നല്ലൊരു വിഭാഗം ആളുകളും ശ്വേതയുടെ സുഹൃത്തുക്കളാണ്.

ശ്വേതയ്ക്ക് ഒരപേക്ഷയേ സമൂഹത്തോടുള്ളു. ഞങ്ങൾക്കും കഴിവുകളുണ്ട് അതുമറക്കരുത്●

രാഗപരിചയം

# ബേഗഡ



ഡോ. ജയലക്ഷ്മി നന്ദകുമാർ

29-ാമത്തെ മേളകർത്താ രാഗമായ ശങ്കരാഭരണത്തിന്റെ ജന്യരാഗമാണ് ബേഗഡ. വളരെ ഹൃദ്യവും ആനന്ദകരവുമായ ഈ രാഗം ഗുരുമുഖത്തു നിന്നു തന്നെ നേരിട്ടു പഠിക്കേതാകുന്നു. ശുദ്ധമായ കർണ്ണാടക രാഗമാണിത്.

ആരോഹണം ഃ സ ഗ രി ഗ മ പ ധ പ സ

അവരോഹണം ഃ സ നി ാ ധ പ മ ാ ഗ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃ ശ്രുതി ധൈവതം, കാകളി നിഷാദം.

ആരോഹണത്തിൽ ആറു സ്വരങ്ങൾ വക്രമായും അവരോഹണത്തിൽ ഏഴു സ്വരങ്ങൾ ക്രമസമ്പൂർണ്ണമായി വരുന്നതു കൊണ്ട് ബേഗഡ ഒരു വക്രഷാഡവ സമ്പൂർണ്ണ രാഗമാണ്. അന്യസ്വരങ്ങൾ ഇല്ലാത്തതിനാൽ ഉപാംഗ രാഗവുമാണ്. ആരോഹണത്തിൽ നിഷാദം വർജ്ജ്യമാണ്. മദ്ധ്യമം തെല്ലു മൂർച്ച കൂട്ടിയും നിഷാദം മൂർച്ച കുറച്ചും ബേഗഡ രാഗത്തിൽ ആലപിക്കുന്നു. ഈ രു സ്വരങ്ങൾ രാഗത്തിന്റെ സ്വരൂപം വ്യക്തമാക്കുവാൻ നല്ല പങ്കു വഹിക്കുകയും ബേഗഡ മദ്ധ്യമം, ബേഗഡ നിഷാദം എന്നറിയപ്പെടുകയും ചെയ്യുന്നു.

ബേഗഡ രാഗത്തിൽ 'സനിധപ' എന്ന പ്രയോഗത്തിൽ മാത്രമേ കൃത്യമായ കാകളി നിഷാദം വരുന്നുള്ളു. മദ്ധ്യാഹ്നത്തിനു ശേഷമുള്ള സമയം (4.00 p.m.) ബേഗഡ രാഗം ആലപിക്കുന്നതിന് ഏറ്റവും അനുകൂലമാകുന്നു. 'വേഗഡൈ' എന്ന തമിഴ് രാഗവും, ഹേമകല്ല്യാൺ എന്ന ഹിന്ദുസ്ഥാനി രാഗവും ബേഗഡ രാഗത്തോടു സമാനത പുലർത്തുന്നു.

പട്ടണം സുബ്രഹ്മണ്യ അയ്യർ തുടർച്ചയായി എട്ടു മണിക്കൂർ ബേഗഡ രാഗം ആലപിച്ചരുന്നതായി ചരിത്രം വ്യക്തമാക്കുന്നു. ഈ രാഗത്തിലുള്ള പ്രാവീണ്യത്താൽ അദ്ദേഹം 'ബേഗഡ സുബ്രഹ്മണ്യ അയ്യർ' എന്നറിയപ്പെട്ടിരുന്നു. വീരം, ഹാസ്യം, ശൃംഗാരം, അത്ഭുതം എന്നീ ഭാവങ്ങൾ പ്രകടിപ്പിക്കുവാൻ ഉത്തമമായ രാഗമാണ് ബേഗഡ. തെലുങ്കിൽ 'ബേഗഡ മീഗഡ' എന്നൊരു പ്രയോഗം ബേഗഡ രാഗത്തെപറ്റി ഉള്ളതായി കാണുന്നു. മീഗഡ എന്നാൽ പാൽപ്പാട എന്നർത്ഥം. ബേഗഡ രാഗം പാൽപ്പാട പോലെ മിനുസമാണെന്ന് സാരം. 'ആദി നാട്ട, അന്ത്യ സുരട്ടി, ബേഗഡ മീഗഡ' എന്നൊരു ചൊല്ലും നിലവിൽ ഉണ്ട്. നിയമപ്രകാരം നാട്ടരാഗം തുടക്കത്തിലാണ് ആലപിക്കേത്. സുരുട്ടി രാഗം പര്യവസാനത്തിലും. എന്നാൽ ബേഗഡ രാഗം ഗായകനു എപ്പോൾ വേണമെങ്കിലും ആലപിക്കാൻ പാകത്തിൽ മിനുസം ആണെന്നു മനസ്സിലാക്കി തരുന്നു. അത്രയും മംഗളകരവുമായ രാഗമാണ് ബേഗഡ. അനേകം കൃതികൾ ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | ഇന്ത ചസ്ലമു (വർണ്ണം) | ആദി | വീണകൂപ്പയ്യർ |
| 2. | നാദോപാസന | ആദി | ത്യാഗരാജസ്വാമി |
| 3. | ശങ്കരി നീവേ | രൂപകം | സുബ്ബരായ ശാസ്ത്രി |
| 4. | വല്ലഭനായകസ്യ | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 5. | കലയാമി രഘുരാമം | ചാപ്പ് | സ്വാതി തിരുനാൾ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | ഇന്നലെ നീയൊരു സുന്ദര | സ്ത്രീ |
| 2. | അമ്പലപ്പറമ്പിലെ ആരാമത്തിലെ | നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി |
| 3. | മയങ്ങിപോയീ ഞാൻ | നോട്ടം |
| 4. | കലയുടെ ദേവി കരുണാമയി | ഉദയം |

| | | |
|---|---|---|
| 5. | വരൂ നീ പ്രേമറാണി | അമ്മ |
| 6. | മാനത്തു നിന്നൊരു | അന്വേഷണം |
| 7. | ആമ്പലിനോടോ താമരയോടോ | നീലാംബരി |
| 8. | താരാംബരം പൂക്കും | കിന്നരിപ്പുഴയോരം |
| 9. | അഴകാർന്ന നീലമയിലേ | കനകസിംഹാസനം |
| 10. | കൃഷ്ണാ ഗുരുവായൂരപ്പാ | നിത്യകന്യക |
| 11. | ശങ്കരദിഗ് വിജയം (തൃശ്ശിവപേരൂർ അമ്പലനടയിൽ എന്ന ഭാഗം) | ജഗദ് ഗുരു ആദി ശങ്കരൻ |
| 12. | ഓടി വിളയാട് പാപ്പാ ('ജാതികൾ ഇല്ലയടി പാപ്പാ' എന്ന ഭാഗം) | കപ്പലോട്ടിയ തമിഴൻ (തമിഴ്) |



# രാമാനന്ദം



പി.ഐ. ശങ്കരനാരായണൻ

സംസാരമാം രോഗ
ബീജം കരിക്കുന്ന
സംഗീത ശക്തിയീ
രാമനാമം.

സംഭീത ദുഃഖ
സമുദ്രം കടക്കുവാൻ
കൈവരും തോണിയീ
രാമനാമം.

അന്ത്യത്തിലന്തക
ശൂലമുന തട്ടി
മാറ്റുന്നൊരസ്ത്രമീ
രാമനാമം.

അർത്ഥകാമങ്ങൾ തൻ
ബന്ധനത്തിൽ നിന്നു
മുകതി തരുന്നൊരീ
രാമനാമം.

സത്യം ജയിക്കുവാൻ
ധർമ്മം പലരുവാൻ
ശക്തി തരുന്നൊരീ
രാമനാമം.

നാവേ ജപിക്കൂ
നിരന്തരം, മാനസ
താരിൽ തെളിയട്ടെ
രാമനാമം.

രാമനാമം സദാ
രാമനാമം ഹൃദി
രാമരാമം ജയ
രാമരാമം.
രാമരാമം ജയ
രാമരാമം.



# ബാലിദ്വീപ് യാത്ര

ഗൗരി ദാമോദരൻ



ഇൻഡോനേഷ്യയിൽപ്പെട്ട പ്രശാന്ത സുന്ദരമായ ബാലിദ്വീപിലേക്കായിരുന്നു എറണാകുളം കരയോഗത്തിന്റെ ഈ വർഷത്തെ യാത്ര. എഴുപത്തിമൂന്നു പേരടങ്ങിയ, 5 വയസ്സു മുതൽ 80 വയസ്സുവരെയുള്ളവർ ഉള്ള യാത്രാസംഘത്തെ നയിച്ചത് കരയോഗം പ്രസിഡന്റ് ശ്രീ. കെ. പി. കെ. മേനോൻ, കൺവീനർ ശ്രീ. എ. മുരളീധരൻ, ട്രഷറർ ശ്രീ. മോഹനൻ തുടങ്ങിയവരായിരുന്നു. ഞങ്ങളെ യാത്ര അയക്കാനായി രാത്രിയിലും നെടുമ്പാശ്ശേരിയിൽ എത്തിയ ജനറൽ സെക്രട്ടറി ശ്രീ.പി.രാമചന്ദ്രനെയും, ശ്രീ. പ്രസന്നനെയും കണ്ട് എല്ലാവർക്കും സന്തോഷമായി.

21.4.16 രാത്രി 11.30 ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് യാത്ര തിരിച്ച ഞങ്ങൾ കോലാലമ്പൂർ സമയം 6.20 ന് കോലാലമ്പൂരിൽ എത്തി. പ്രഭാതകൃത്യങ്ങൾക്കു ശേഷം 9.20 ന് ബാലിയിലേക്ക് പുറപ്പെട്ട ഞങ്ങൾ 12.20 ന് ബാലിയിലെത്തി. ബാലിയിലെത്തിയ ഞങ്ങളെ ഓരോരുത്തരേയും ഒരു ബാലി യുവതി അവിടുത്തെ ദേശീയ പുഷ്പമായ കാട്ടുചെമ്പകമാലകൾ ചാർത്തി സ്വാഗതം ചെയ്തു. വിമാനത്താവളത്തിന് പുറത്ത് രണ്ട് ഗൈഡുകളും ബസ്സും കാത്തു നിന്നതുകൊണ്ട് ഉടനെ തന്നെ ഞങ്ങൾ താമസിക്കുന്ന ഹോട്ടലിലേക്ക് പോയി. കായലുകളും തടാകങ്ങളും അവയ്ക്ക് ചുറ്റും വൃക്ഷങ്ങളും വഴിയിൽ ഉടനീളമുള്ള കാട്ടു ചെമ്പകം, മാവ്, ആഞ്ഞിലി, പ്ലാവ്, വാഴ, തെങ്ങ്, കവുങ്ങ് തുടങ്ങിയ വൃക്ഷങ്ങളും ചെറിയ ഓടിട്ട വീടുകളും അവയോട് ചേർന്നുള്ള ചെറിയ അമ്പലങ്ങളും കണ്ടു കൊണ്ട് താമസിക്കുന്ന ഹോട്ടലിലെത്തി. ഒച്ചയും ബഹളവുമില്ലാത്ത വൃത്തിയുള്ള ഹോട്ടൽ എല്ലാവർക്കും ഇഷ്ടമായി. ഓരോരുത്തരും അവരവർക്ക് അനുവദിച്ച മുറികളിലേക്ക് പോയി. അന്ന് രാത്രിയിൽ ഗ്രൂപ്പിലെ ഒരംഗത്തിന്റെ പിറന്നാൾ കേക്ക് മുറിച്ച് ആഘോഷിച്ചു.

അടുത്ത ദിവസം രാവിലെ 9 മണിക്ക് ഞങ്ങൾ ബാലിയിലെ ബാത്തിക് പെയിന്റസ്ഥാപനം, വുഡ്ക്രാഫ്റ്റ്, ഹാന്റി ക്രാഫ്റ്റ് എമ്പോറിയം എന്നിവ സന്ദർശിച്ചു. ഓരോരുത്തരും വേണ്ട സാധനങ്ങൾ വാങ്ങി. പിന്നീട് ഞങ്ങൾ Kintamoni Volcano Tour ന് പോയി. നമ്മുടെ നാട്ടിലെപോലെ റോഡിൽ ബസ്സുകളും, കാറുകളുമില്ല. മിക്കവരും, വിദ്യാർത്ഥികൾ വരെ ബൈക്കിലാണ് സഞ്ചരിക്കുന്നത്. പോകുന്ന വഴിയിൽ ഒരു വീടിന്റെ മുൻവശത്ത് കുരുത്തോലകളാലും കൊടികളാലും മറ്റും അലങ്കരിച്ച ഒരു വലിയ മുള കുഴിച്ചിട്ടിരിക്കുന്നത് കണ്ടു. ആ വീട്ടിൽ ഒരു മരണം നടന്നിട്ടുണ്ടെന്ന് ഗൈഡ് പറഞ്ഞു. റോഡിന്റെ മറുവശത്തായി പല തട്ടുകളിൽ പലതരം അലങ്കരിച്ച വണ്ടിയിൽ മൃതദേഹം കൊണ്ടു പോയി സംസ്കരിക്കുമെന്നും മൂന്നു ദിവസത്തേയ്ക്ക് മരണവീട് മൂകമായിരിക്കുമെന്നും മൂന്നാം ദിവസം ചിതാഭസ്മം കടലിൽ ഒഴുക്കുമെന്നും ഗൈഡ് പറഞ്ഞു. മരണാനന്തര ചടങ്ങുകൾ 20 ദിവസം നീണ്ടു നില്ക്കും. ചെറിയ കുട്ടികൾ മരിച്ചാൽ 'തരുമഞ്ചർ' എന്ന പ്രത്യേക മരത്തിന്റെ അടിയിൽ ശവം മറവ് ചെയ്യും. ഉച്ചയോടെ Kintamoni Volcano യ്ക്ക് അടുത്തെത്തി. അവിടെ തന്നെയുള്ള ഇൻഡോനേഷ്യൻ ഹോട്ടലിൽ നിന്ന് ഇൻഡോനേഷ്യൻ ഭക്ഷണം കഴിച്ചു. പിന്നീട് Holywater Spring Templeസന്ദർശിക്കാൻ പോയി. അമ്പലത്തിന് പുറത്തു വെച്ച് എല്ലാവർക്കും അരയിൽ കെട്ടാനായി വലിയ മഞ്ഞറിബ്ബൺ തന്നു. അമ്പലത്തിനകത്ത് ഷർട്ടും ചെരുപ്പും ധരിക്കാം. സ്ത്രീകൾ മുടി കെട്ടിവെക്കണം. അമ്പലത്തിനോട് ചേർന്നുള്ള Spring Water ന് Curative Power ഉണ്ടെന്ന് പറഞ്ഞതു കൊണ്ട് പ

ലരും വെള്ളം കുപ്പികളിലെടുത്തു. ചുറ്റമ്പലത്തിന കത്ത് പല ചെറിയ അമ്പലങ്ങളിലായി സൂര്യദേവൻ, ബ്രഹ്മ, വിഷ്ണു, മഹേശ്വരൻ ഹനുമാൻ, ഗണപ തി എന്നിവരുടെ പ്രതിഷ്ഠകളെ വന്ദിച്ചു. അന്നു തന്നെ ബാലിയിലെ കാപ്പി, കൊക്കോ തോട്ടങ്ങളും സന്ദർശിച്ചു. ചിലരെല്ലാം ബാലി കോഫി വാങ്ങി.

പിറ്റേ ദിവസം ഞങ്ങൾ പോയത് Water Sports activity ക്കാണ്. 10 പേർ വീതം glass bottom boat ൽ കയറി ദൂരെയുള്ള Turtle Island ലേക്ക് പോയി. താഴേക്ക് നോക്കിയാൽ സമുദ്രത്തിനടിയിലെ കാഴ്ചകളും പുറത്തേക്ക് നോക്കിയാൽ തിരമാലകളുള്ള നീണ്ട് പരന്ന് കിടക്കുന്ന കടലും. Turtle Island ൽ വിവിധ വലുപ്പത്തിലുള്ള വലിയ ആമകൾ, മൂങ്ങ, വേഴാമ്പൽ, പാമ്പുകൾ തുടങ്ങിയ ജീവികൾ ധാരാളമുണ്ട്. പലരും ആമയേയും പക്ഷികളേയും പാമ്പിനേയും കയ്യിലെടുത്ത് ഫോട്ടോ എടുത്തു. ചെറുപ്പക്കാർ പലരും ബനാന ബോട്ടിങ്ങിനും, പാരാസെയിലിങ്ങിനും, സീ വാക്കിങ്ങിനും മറ്റും പോയി. കുതിച്ചു പായുന്ന ബോട്ടുകളും, ബൈക്കുകളും Skyride ങ്ങും മറ്റും എന്നും ഓർമ്മയിൽ നില്ക്കുന്ന കാഴ്ചകളാണ്. വൈകിട്ട് Sunset Dinner Cruise with Bounty Cruise ന് പോയി. കപ്പലിലെത്തിയ ഞങ്ങളെ ജ്യൂസും മറ്റും തന്ന് ബാലി നർത്തകികൾ സ്വാഗതം ചെയ്തു. കപ്പലിൽ നിന്ന് ഞങ്ങൾ സൂര്യാസ്തമനവും കണ്ടു. കൂടാതെ കരയിലുള്ള അമ്പലത്തിൽ ആളുകൾ പ്രദക്ഷിണം വെയ്ക്കുന്നതും ഗായത്രി മന്ത്രം ചൊല്ലുന്നതും കേട്ടു. അമ്പലത്തിനടുത്ത് ഒരു മുസ്ലീം പള്ളിയും കണ്ടു. ഭക്ഷണം കഴിക്കുന്നതോടൊപ്പം, വാദ്യ സംഗീതം, ബാലിപാട്ടുകൾ, വിവിധതരം നൃത്തങ്ങൾ, മാജിക്ക് മുതലായവയും ഒരുക്കിയിരുന്നു.

ബാലിയിലെ ജനസംഖ്യയിൽ 90% ഹിന്ദുക്കളും ബാക്കി മറ്റു ജാതിക്കാരുമാണ്. എല്ലാ ഹിന്ദു വീടുകളിലുമുള്ള അമ്പലങ്ങളിൽ രാവിലേയും വൈകുന്നേരവും പ്രത്യേക പുഷ്പങ്ങൾ പൂജിക്കുകയും ഗായത്രീ മന്ത്രം ചൊല്ലുകയും ചെയ്യും. ഓരോ ഗ്രാമങ്ങളിലുമുള്ള അമ്പലങ്ങളിൽ പ്രത്യേക സമയത്ത് പലതരം പരിപാടികൾ നടത്തും. പ്രകൃതിയേയും ദൈവങ്ങളേയും സ്നേഹിക്കുന്ന ബാലിയിലെ ആളുകൾ കൂട്ടുകുടുംബമാണ് ഇഷ്ടപ്പെടുന്നത്. എല്ലാ വർഷവും മാർച്ചു മാസത്തിലെ ഒരു പ്രത്യേക ദിവസം അവർ ന്യൂ ഇയർ ആഘോഷിക്കുന്നു. ആ ദിവസം നിരത്തുകളിൽ ഒറ്റ വാഹനം പോലും ഇറങ്ങില്ല. ആകെ നിശ്ശബ്ദമായിരിക്കും. ബാലിയിലെ വിവാഹ പ്രായം 25 നും 30 നും ഉള്ളിലാണ്. വിവാഹശേഷം വധൂവരൻമാർ ഓരോ ഗ്രാമത്തിലുമുള്ള 'ബഞ്ചാർ' എന്ന സംഘടനയിൽ നിർബന്ധമായും ചേർന്നിരിക്കണം. ഈ സംഘടന അംഗങ്ങളുടെ ഗുണത്തിനും ഉന്നമനത്തിനും വേണ്ടി പല നല്ല കാര്യങ്ങളും ചെയ്യുന്നുണ്ട്. അവകാശികളില്ലാതെ മരിക്കുന്നവരുടെ വീടും സ്വത്തും എന്തു ചെയ്യണമെന്ന് നിശ്ചയിക്കുന്നതും ഈ സംഘടനയാണ്. ബാലിയിൽ യൂണിവേഴ്സിറ്റി, മെഡിക്കൽ കോളേജ്, എഞ്ചിനിയറിംങ് കോളേജ്, ലോ കോളേജ് മുതലായസ്ഥാപനങ്ങളും ഉണ്ട്.

25.4.16 ൽ ഞങ്ങൾ Cultural Park കാണാൻ പോയി. പോകുന്ന വഴിയിൽ കണ്ട അർജ്ജുനൻ, ശ്രീകൃഷ്ണൻ, ശ്രീരാമൻ, സീത, ഹനുമാൻ എന്നിവരുടെ രൂപങ്ങൾ ബാലിയിലെ ജനങ്ങളുടെ കരവിരുതിനെ കാണിക്കുന്നതാണ്. കൂടാതെ മരപ്പണിയിലും ഇവർ മിടുക്കരാണ്. Cultural Park സ്ഥിതിചെയ്യുന്നത് 16 ഏക്കർ വിസ്തീർണ്ണത്തിലാണ്. ഇൻഡോനേഷ്യയിലെ ജനങ്ങളുടെ പുരാതനവും നൂതനവുമായ പല തരത്തിലുള്ള കലാസാംസ്കാരിക സൃഷ്ടികൾ അവിടെ കണ്ടു. കരിങ്കല്ലു കൊണ്ട് നിർമ്മിതമായ ബുദ്ധക്ഷേത്രവും ബുദ്ധന്റെ പ്രതിമയും ആരേയും അതിശയിപ്പിക്കും.

26.4.16 രാവിലെ 10 മണിക്ക് മടക്ക യാത്രയ്ക്കായി ഞങ്ങൾ ബാലി വിമാനത്താവളത്തിലേക്ക് പോയി. അവിടെ നിന്ന് കോലാലംമ്പൂരിലെത്തിയ ഞങ്ങൾക്ക് ധാരാളം സമയം കിട്ടിയതുകൊണ്ട് പലരും ഷോപ്പിംങ് നടത്തി. രാത്രി 11 മണിയോടെ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തി. യാത്രയിൽ ഉടനീളം ഞങ്ങളെ ആത്മാർത്ഥമായി സഹായിച്ച ഹോളിഡേ ട്രാവൽസിലെ ശ്രീ സൂരജിനേയും, ശ്രീ. മുജീബിനേയും ഞങ്ങൾക്ക് മറക്കാൻ പറ്റില്ല. കൂടാതെ ബസ്സ് ഡ്രൈവർമാർ, ഗൈഡുകൾ എന്നിവരോടും ഞങ്ങൾക്ക് നന്ദിയുണ്ട്. ഇത്രയും നല്ല ഒരു യാത്ര സംഘടിപ്പിച്ച എറണാകുളം കരയോഗം ഭാരവാഹികളോട് ഞങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തുന്നു •

**"തങ്ങൾ തെറ്റാണ് ചെയ്യുന്നതെന്ന ബോധം വരുന്നത് വരെ അവർ ഉപദേശിക്കുന്നവരെ എതിർക്കും. മനസിലാക്കി കഴിഞ്ഞാൽ സ്വയമേവ തിരുത്തും. അതുവരെ നാം ക്ഷമിക്കുക. വീണ്ടും പറയുക.''**

***ഗുരുജി***

# ആരോഗ്യത്തിനും സന്തോഷത്തിനും



വി.കെ. വേണുഗോപാൽ



പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന പരമാത്മാവിന്റെ നിയന്ത്രണത്തിൽ മനുഷ്യന്റെ മനസ്സും ശരീരവും പ്രവർത്തിക്കുമ്പോൾ മനുഷ്യന് ശാന്തിയും സമാധാനവും സന്തോഷവും ആരോഗ്യവും ഉണ്ടാകുന്നു. ഈശ്വര സ്മരണയിലൂടേയും, പ്രാർത്ഥനയിലൂടെയും, ധ്യാനത്തിലൂടെയും യോഗയിലൂടേയുമാണ് പരമാത്മാവിൽ നിന്നുമുള്ള ഈ ഊർജ്ജ്യം മനുഷ്യനിലേക്കെത്തുന്നത്. എന്നാൽ നിർഭാഗ്യവശാൽ സ്വതന്ത്ര ബുദ്ധിയുള്ള മനുഷ്യൻ പരമാത്മാവുമായുള്ള ബന്ധം അവഗണിച്ച് തന്നിഷ്ടപ്രകാരം കാര്യങ്ങൾ ചെയ്യാൻ തുടങ്ങുമ്പോഴാണ് മാനസികവും ശാരീരികവുമായ അനാരോഗ്യം ഉണ്ടാകുന്നതും ജീവിതം വഴിതെറ്റി പോകുന്നതും. ആർക്കും ആരെയും നിയന്ത്രിക്കാൻ പറ്റാത്ത ജനാധിപത്യത്തിന്റെ ഈ കാലത്ത് പരമാത്മാവിൽ നിന്നുള്ള അദൃശ്യശക്തിയെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തി സന്തോഷവും സമൃദ്ധിയുമുള്ള ജീവിതം നയിക്കേണ്ടവരാണ് ഇന്നത്തെ മനുഷ്യർ. നമ്മളിലെ ദോഷങ്ങൾ തന്നെയാണ് നമ്മുടെ ജീവിതത്തിലെ ദോഷങ്ങൾക്കും, കഷ്ടപ്പാടുകൾക്കും കാരണമെന്നുപോലും ഇന്നത്തെ മനുഷ്യർ അറിയുന്നില്ല. മാദ്ധ്യമങ്ങളിൽ കൂടി ദിവസവും ഒരു പാട് ദുരന്തങ്ങളുടെ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഓരോ ദുരന്തങ്ങളുടേയും കാരണങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ അവയുടെ കാരണക്കാർ പലപ്പോഴും അവരവർ തന്നെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. മനസ്സാ, വാചാ, കർമ്മണാ നമ്മൾ ചെയ്യുന്ന പ്രവൃത്തിയുടെ റിയാക്ഷനാണ് നമ്മളിലേക്ക് തന്നെ രോഗങ്ങളായും, ദുരന്തങ്ങളായും വരുന്നത്. മനസ്സാ, വാചാ, കർമ്മണാ ഉള്ള ഓരോ പ്രവൃത്തിക്കും റിയാക്ഷൻ ഉണ്ടെന്നുപോലും നാം ചിന്തിക്കാറില്ല. കാറ്റു വിതച്ച് കൊടുംകാറ്റ് കൊയ്യുന്നവരാണ് ഇന്നത്തെ മനുഷ്യർ. കാറ്റു വിതക്കുന്നത് വിഷയമാകാറുമില്ല, വാർത്തയാകാറുമില്ല. എന്നാൽ കൊടുംകാറ്റ് കൊയ്യുന്നത് വിഷയമാകാറുമുണ്ട് വലിയ വാർത്തയാകാറുമുണ്ട്.

പ്രാചീന കാലത്തെ ഗോത്രങ്ങൾ, മതങ്ങൾ, സംസ്കാരങ്ങൾ ഇവയെല്ലാം പരമാത്മാവിൽ നിന്നുള്ള ഈ പ്രാപഞ്ചിക ഊർജ്ജത്തെ മനസ്സിലാക്കി അവയെ നല്ല ജീവിതത്തിനായി ഉപയോഗിച്ചിരുന്നു. ചൈനക്കാരുടെ 'കീ'കൃസ്തുമതത്തിലെ 'പരിശുദ്ധാത്മാവ്', ഹിന്ദുമതത്തിലെ 'പ്രാണൻ' റഷ്യൻ ഗവേഷകരുടെ 'ബയോപ്ലാസിമിക് ഊർജജം' ഇവയെല്ലാം പ്രാപഞ്ചികഊർജ്ജ്യത്തിന്റെവ്യത്യസ്ഥനാമങ്ങളാണ്.

സ്വന്തമായ യുക്തിയും വിവേകവുമുള്ള ഈ ഊർജ്ജ്യം മനസ്സിന്റേയും ശരീരത്തിന്റേയും എല്ലാ ഭാഗത്തേക്കും വേണ്ടത്ര അളവിൽ വേണ്ടത്ര സമയം ഒഴുകാതെ വരുമ്പോഴാണ് നമുക്ക് ആരോഗ്യക്കുറവുണ്ടാകുന്നതും മനസ്സും ജീവിതവും വഴിതെറ്റി പോകുന്നതും. ശ്വസനത്തിലൂടെയുള്ള ഈ ഊർജ്ജപ്രവാഹം പൂർണ്ണമായി നില്ക്കുമ്പോൾ നാം മരിച്ചു പോകുന്നു. ശ്വസനത്തിന് വൻ പ്രാധാന്യം വരാൻ കാരണമിതാണ്. ഈ ഊർജ്ജ്യത്തെ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗം അഥവാ തന്ത്രം എല്ലാ മതങ്ങളുടേയും അടിസ്ഥാന തത്വങ്ങളിലൊന്നാണ്. എന്നാൽ പഴയ കാലത്ത് ഈ ഊർജ്ജത്തെ പറ്റി അറിയാവുന്ന ചിലർ ഈ ഊർജ്ജത്തെ രോഗചികിത്സയ്ക്കായി ഉപയോഗിക്കുകയും രഹസ്യമായി മാത്രം തന്റെ പ്രിയപ്പെട്ട അനുയായികൾക്ക് വാമൊഴിയായി പറഞ്ഞുകൊടുക്കുകയും ചെയ്തു. ആരോഗ്യത്തെ നിലനിർത്തുകയും രോഗങ്ങളെ ഇല്ലാതാക്കുകയും ജീവിതത്തെ നേർവഴിക്കു നയി

ക്കുകയും ചെയ്യുന്ന ഈ ഊർജ്ജത്തെപറ്റിയുള്ള അറിവ് നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ പെടുത്തേണ്ടത് വളരെ വലിയ ആവശ്യമാണ്.

നമ്മുടെ മനസ്സിനു കാന്തികശക്തിയുള്ളതിനാൽ നമ്മുടെ ഉള്ളിലുള്ളവ പുറമെയുള്ളവയെ ആകർഷിക്കുന്നുവെന്നാണ് ശാസ്ത്രീയമായി തെളിഞ്ഞിട്ടുള്ളത്. നമ്മുടെ ഉള്ളിൽ പോസിറ്റീവ് ചിന്തകളും വികാരങ്ങളുമാണുള്ളത് എങ്കിൽ ഈ പ്രഞ്ചത്തിൽ നിന്ന് പോസിറ്റീവ് ആയിട്ടുള്ള അനുഭവങ്ങൾ നമുക്ക് ഉണ്ടായിക്കൊണ്ടിരിക്കും. നമ്മുടെ ഉള്ളിൽ നെഗറ്റീവ് ചിന്തകളും വികാരങ്ങളുമാണ് ഉള്ളതെങ്കിൽ നെഗറ്റീവ് ആയിട്ടുള്ള അനുഭവങ്ങൾ നമുക്ക് വന്നുകൊണ്ടിരിക്കും. ആരോഗ്യത്തെപറ്റി കൂടുതൽ ചിന്തിക്കുകയും വികാരപ്പെടുകയും സംസാരിക്കുകയും ചെയ്യുന്ന ആളുകളുടെ ആരോഗ്യം വർദ്ധിച്ചുകൊണ്ടിരിക്കും. നേരെമറിച്ച് രോഗത്തെപറ്റിയും, കഷ്ടപ്പാടുകളെപറ്റിയും ഇല്ലായ്മയെപറ്റിയും ഒരുപാട് ചിന്തിക്കുകയും വികാരപ്പെടുകയും, സംസാരിക്കുകയും ചെയ്യുന്ന ആൾക്ക് രോഗങ്ങളും, കഷ്ടപ്പാടുകളും, ഇല്ലായ്മയും വർദ്ധിക്കും. നമുക്ക് ഈശ്വരൻ തന്നിട്ടുള്ള എല്ലാത്തിനും ഈശ്വരനോട് നന്ദി പറയുന്നതിനോടൊപ്പം തന്നെ അതു തന്ന ആളിനോട് നന്ദിപറയുംതോറും നമുക്ക് വേണ്ടതെല്ലാം ധാരാളമായി കിട്ടാൻ തുടങ്ങുമെന്നാണ് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളത്.

നാം ഓരോരുത്തരിലും നൻമ കാണാൻ തുടങ്ങുമ്പോൾ അവരിൽ നിന്ന് നമുക്ക് നൻമ വരാൻ തുടങ്ങും. നമ്മുടെ മനസ്സിന് സുഖം തരുന്നവയെ മാത്രം നാം കാണുകയും കേൾക്കുകയും പറയുകയും ചെയ്യണം. നാം വായിക്കുന്നവ നമുക്ക് സുഖം തരുന്ന പുസ്തകങ്ങളായിരിക്കണം. നമുക്കിഷ്ടപ്പെടുന്ന കാര്യങ്ങൾ നാം ചെയ്തുകൊണ്ടിരിക്കണം. ദുഃഖം തരുന്ന എല്ലാത്തിനേയും ഒഴിവാക്കണം.

പോസിറ്റീവ് ചിന്തകളും വികാരങ്ങളും പോസിറ്റീവ് കെമിക്കൽസും, നെഗറ്റീവ് ചിന്തകളും, വികാരങ്ങളും, നെഗറ്റീവ് കെമിക്കൽസും നമ്മുടെ ശരീരം മുഴുവൻ വ്യാപിപ്പിക്കുന്നു എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

ശാരീരികവും, മാനസികവുമായ, ആരോഗ്യം നഷ്ടപ്പെട്ടാൽ സ്വത്തും പണവും വിദ്യാഭ്യാസവും കൊണ്ട് ഒരു പ്രയോജനവും ഇല്ലാത്തതിനാൽ നമ്മുടേയും നമ്മുടെ കുട്ടികളുടേയും ജീവിതത്തിൽ നാം ഒന്നാം സ്ഥാനം കൊടുക്കേണ്ടത് ആരോഗ്യത്തിനു തന്നെയാണ്. മറ്റുള്ളവരെ അനുകരിക്കുന്ന സ്വഭാവവും, മറ്റുള്ളവരുമായി മത്സരിക്കുന്ന സ്വഭാവവും, മറ്റുള്ളവരെ നന്നാക്കാൻ ശ്രമിക്കുന്ന സ്വഭാവവും നമ്മളെ നമ്മുടെ ജീവിതലക്ഷ്യത്തിൽ നിന്ന് വഴി തെറ്റിച്ച് നമുക്ക് ഒരുപാട് നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്നു. എല്ലാ രംഗങ്ങളിലും മത്സരം നടത്തി ഒന്നാമനെ കണ്ടെത്തുന്ന രീതി ചില മത്സരാർത്ഥികളെ മറ്റുള്ളവരോട് സഹകരിക്കാത്ത ഒറ്റയാൻമാരാക്കുന്നുണ്ട്. മറ്റുള്ളവരിൽ നിന്നും മറ്റും നമ്മുടെ ബോധമനസ്സിൽ കൂടി ഉപബോധമനസ്സിൽ പ്രവേശിച്ച് സ്വഭാവവൈകല്യങ്ങളും ചീത്തശീലങ്ങളും ഉണ്ടാക്കുന്ന നെഗറ്റീവ് എനർജിയെ ബോധമനസ്സ് ദുർബലമായിരിക്കുന്ന സമയമായ ഉറക്കം തുടങ്ങുന്നതിനു മുമ്പും ഉണരുന്ന സമയത്തും ഉപബോധ മനസ്സിലേക്ക് 'ഞാൻ സന്തോഷവാനാണ്', 'ഞാൻ ആരോഗ്യവാനാണ്' എന്നിങ്ങനെയുള്ള പോസിറ്റീവ് സജഷൻസ് 8 10 പ്രാവശ്യം കുറെ ദിവസത്തേക്ക് സ്വയമോ മറ്റൊരാളോ കൊടുക്കുകയാണെങ്കിൽ ഉപബോധമനസ്സിലുള്ള നെഗറ്റീവ് എനർജിയെ ഇല്ലാതാക്കി പോസിറ്റീവ് എനർജി നിറച്ച് ആളെ ഉൻമേഷവാനാക്കാൻ കഴിയുമെന്ന് ഈ അടുത്തകാലത്ത് തെളിഞ്ഞിട്ടുണ്ട് ●

## സമ്പൂർണ്ണ രാമായണ പാരായണം

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ രാമായണ മാസാചരണത്തിന്റെ ഭാഗമായി 2016 ഓഗസ്റ്റ് മാസം 7-ാം തീയതി ഞായറാഴ്ച രാവിലെ 6.30 മുതൽ ശ്രീ.എൻ.ടി. കാർത്തികേയന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ രാമായണ പാരായണം നടത്തുന്നു.



## കത്തുകൾ

<u>എറണാകുളം കരയോഗത്തിന്റെ നവതി ആഘോഷങ്ങളോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച നവതികയെപ്പറ്റി ബഹുമാന്യനായ ഡി.സി. കുറുപ്പ് അയച്ചു തന്ന കത്ത് വായനക്കാർക്കുവേണ്ടി പ്രസിദ്ധീകരിക്കുന്നു.</u>

സ്നേഹപൂർവ്വം അയച്ച നവതിക കൈപ്പറ്റി. വായിച്ചു. ചന്ദന ച്ചോലയിൽ കുളിച്ചുല്ലസിച്ചാനന്ദിച്ച വായനാനുഭവമാണുണ്ടായത്. കരയോഗത്തിന്റെ 90 ാം ജൻമദിത്തിൽ ഇതുപോലൊരു പുസ്തകം പ്രസിദ്ധീകരിച്ച പ്രവർത്തകർക്ക് സഹസ്രകോടി പ്രണാമം അർപ്പിക്കട്ടെ.

ആയിരത്തോളം മാസികാശേഖരവും 160 ൽ പരം സ്മരണികകളും 2000 പുസ്തക സമ്പത്തും എനിക്കുണ്ട്. സ്മരണികകളിൽ ഇതുവരെ ഒന്നാം സ്ഥാനത്തു നിന്നത് ഏവൂർ പരമേശ്വരൻ എഡിറ്ററായി പ്രസിദ്ധീകരിച്ച ഹരിപ്പാടു ക്ഷേത്രസ്മരണിക മയിൽപീലിയായിരുന്നു. ഇപ്പോൾ ഒന്നാം സ്ഥാനത്ത് നവതികയെ പ്രതിഷ്ഠിക്കുന്നു. ഇത്ര ബൃഹുത്തും സാരസമ്പൂർണ്ണവുമായ ഒരു സ്മരണിക ഇതുവരെ കണ്ടിട്ടില്ല. തൃക്കൊടിത്താനം ക്ഷേത്രസ്മരണിക, വ്യാസപ്രണാമം എന്ന പന്നിശ്ശേരിയെപ്പറ്റിയുള്ള സ്മരണിക, എൻ.എസ്.എസ്. ഹെഡാഫീസിന്റെ സുവർണ്ണഗ്രന്ഥം, അവിടുത്തെ തന്നെ എൻ.എസ്. എസ് ശതകം, എൻ.എസ്.എസ്. അമ്പലപ്പുഴ താലൂക്ക്, കുട്ടനാട് താലൂക്ക് സുവനീറുകൾ, അമ്പലപ്പുഴ ക്ഷേത്ര സുവനീർ, മാന്നാർ പെൻഷൻകാരുടെ സ്മരണിക, നെഹ്രുസ്മാരക വള്ളം കളി സുവനീർ, കറന്റ് ഡി.സി. ബുക്സ് നവദർശനം സ്മരണിക, പ്രൊഫഃ അമ്പലപ്പുഴ രാമവർമ്മസപ്തതി സ്മരണിക, കോട്ടയം പബ്ലിക് ലൈബ്രറി സുവനീർ, അമ്പലപ്പുഴ പി.കെ. മെമ്മോറിയൽ ഗ്രന്ഥശാലാ സുവനീർ, ഇ.കെ. നയനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രസിദ്ധീകരിച്ച പഞ്ചായത്ത് ജില്ലാ പ്രദേശ ചരിത്രം ഇങ്ങനെ 160




സുവനീർ സ്മരണികകൾ സൂക്ഷിച്ചിട്ടുണ്ട്. ഇതെല്ലാം നവതികയുടെ പ്രകാശനത്തോടെ പ്രകാശം നഷ്ടപ്പെട്ട കരിക്കട്ടപോലെയായി.

ഉൾപ്പേജുകളിലൂടെ കടന്നങ്ങനെ പോയപ്പോൾ ആനന്ദവും അത്ഭുതവുമുണ്ടായി. ഇതുപോലെ ഒരു സ്മരണിക പ്രകാശിപ്പിക്കാൻ എറണാകുളം കരയോഗത്തിനല്ലാതെ മറ്റാർക്കും കഴിയുമെന്നു തോന്നുന്നില്ല. രവി കുറ്റിക്കാട്(എന്റെ സുഹൃത്ത്), പി. രാമചന്ദ്രൻ (വേണു), കെ.പി.കെ. മേനോൻ, സാജു ചേലങ്ങാട്, പ്രജിത പ്രതാപൻ, കെ.എസ്. സുനിൽ കുമാർ, പ്രൊഫ .കെ. അരവിന്ദാക്ഷൻ, രാംജി, ജയചന്ദ്രൻ, നന്ദകുമാർ, മുഹമ്മദ് അഷറഫ് എന്നിവരെ പ്രത്യേകം എടുത്തു പറയട്ടെ.

അടിക്കടി ദിനംപ്രതി വളരുന്ന എറണാകുളം കരയോഗത്തിന് മാനം മുട്ടെ വളരാൻ കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

വിനയാദരപൂർവ്വം

ഡി.സി. കുറുപ്പ്
ഡി.സി. ഹൗസ്
കരുമാടി. പി .ഒ
അമ്പലപ്പുഴ 61

NB: ഒരു നിർദ്ദേശം: നല്ല പുസ്തകങ്ങൾ മാത്രം പ്രസിദ്ധീകരിക്കുന്ന ഒരു പബ്ലീക്കേഷൻ വിഭാഗം തുടങ്ങുന്ന കാര്യം ആലോചിക്കണം.

തുടർച്ച.....

# സ്മൃതിപഥങ്ങളിൽ....



പത്മജ മേനോൻ

ദിവസങ്ങൾ ഓടിതുടങ്ങി കാലം ആർക്കു വേണ്ടിയും കാത്ത് നിന്നില്ല. രേണുക ചേച്ചി തന്റെ വീട്ടിൽ പോയി ഫോൺ ചെയ്യും അപ്പോഴാണ് താൻ അമ്മാവനോടും ചേച്ചിയോടും ഒക്കെ സംസാരിക്കുക. ഒരു ദിവസം ഫോൺ ചെയ്തപ്പോൾ പറഞ്ഞു അടുത്ത ആഴ്ച ഒപ്പറേഷനാണെന്ന്. ഓപ്പറേഷൻ കഴിഞ്ഞെങ്കിലും ചേച്ചിക്ക് ബോധം തിരിച്ചുകിട്ടിയില്ല. കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ ചേച്ചി മരിച്ചു പോയെന്നു പറഞ്ഞ് രേണുക ചേച്ചിയുടെ ഫോൺ കോൾ ശിവസുന്ദറിനു വന്നു. തന്നോട് കാര്യം പറഞ്ഞപ്പോൾ താൻ ആകെ തളർന്നു പോയി. ഗർഭിണിയായ തനിക്ക് നാട്ടിൽ പോകുവാൻ പറ്റുമായിരുന്നില്ല വേദനകൾ സഹിച്ച് ഞാൻ അവിടെ കഴിഞ്ഞ് കൂടി. രേണുക ചേച്ചി ഒരു ദിവസം പറഞ്ഞു അമ്മാവൻ തീർത്ഥാടനത്തിനാണെന്ന് പറഞ്ഞ് ഇറങ്ങി പോയിയെന്ന്. എന്തിനു വേണ്ടിയാണോ താൻ ഈ വിഡ്ഢി വേഷം കെട്ടിയത് അതെല്ലാം നിഷ്ഫലമായി പോയി.

തന്റെ മാനസികാവസ്ഥ മനസ്സിലാക്കിയ അമ്മയും ശിവസുന്ദറും തന്നെ സ്വാന്തനവാക്കുകൾ കൊണ്ട് മാനസികമായി ഉയർത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്ക് ശിവസുന്ദർ തന്നെയും കൊണ്ട് ഡോക്ടറുടെ അടുത്തേക്ക് പോകുവാൻ തുടങ്ങി. അമ്മയ്ക്ക് കാല് വേദനയുള്ളതിനാൽ ഞങ്ങളോടൊപ്പം വരുവാൻ വിസമ്മതിച്ചു. ടൗണിലാണ് ഡോക്ടർ അവിടേക്ക് നല്ല ദൂരമുണ്ട് കാറോടിക്കൽ ഒരു ഹരമായിരുന്ന ശിവസുന്ദർ തന്നെയാണ് ഡ്രൈവ് ചെയ്തിരുന്നത്. വളഞ്ഞു പുളഞ്ഞ പച്ചപ്പരവതാനി വിരിച്ചപോലെ മുന്തിരി വള്ളികൾ തൂങ്ങി കിടക്കുന്നുണ്ടായിരുന്നു. ആ കാഴ്ച മനസ്സിന് തേരോട്ടമായിമാറി അവൾക്ക് അവിടെ ഇറങ്ങി മുന്തിരി വള്ളിയിൽ നിന്ന് മുന്തിരിങ്ങ പറിക്കുവാൻ ആഗ്രഹമുണ്ടായി. അവൾ പറഞ്ഞു സാർ വണ്ടി ഒന്നു നിർത്തുമോ? അതിനെന്താ എന്നു ചോദിച്ചുകൊണ്ട് അയാൾ വണ്ടി നിറുത്തി. പിന്നെ സാർ എന്നു വിളിക്കരുത് എന്നെ പേര് വിളിച്ചാൽ മതി. അവൾ മുന്തിരിങ്ങ പറിച്ചു തിന്നുന്നത് അയാൾ കൗതുകഹലത്തോടെ നോക്കിയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അവൾ ഛർദ്ദിക്കുവാൻ തുടങ്ങി. ശിവസുന്ദർ ആകെ പരിഭ്രമിച്ച് തന്നെ പിടിച്ച് കാറിൽ കയറ്റി ഇരുത്തി. വെള്ളം കുടിക്കുവാൻ തന്ന് പ്രശ്ന മൊന്നുമില്ലല്ലോ എന്ന് വെറുതെ ചോദിച്ചു കൊണ്ടിരുന്നു ഡോക്ടറെ കണ്ട് മടങ്ങുന്ന വഴി ശിവസുന്ദർ പറഞ്ഞു, നമ്മൾക്ക് ഭക്ഷണം കഴിച്ചിട്ട് പോകാം എന്നു പറഞ്ഞ് വലിയ ഹോട്ടലിൽ കൊണ്ടു പോയി. തനിക്ക് ഇഷ്ടമുള്ളത് എല്ലാം വാങ്ങി തന്നു, ഇനി എന്ത് വേണം, എന്ത് ആഗ്രഹമുണ്ടെങ്കിലും പറയണം എന്നു പറഞ്ഞപ്പോൾ എനിക്ക് ഇഷ്ടം ചെറിയാണെന്ന് അവൾ പറഞ്ഞു. മടങ്ങുന്ന വഴിക്ക് ബേക്കറിയിൽ നിന്ന് ഒരു വലിയ പായ്ക്കറ്റ് ചെറി വാങ്ങി തന്നു. താൻ അതിന്റെ മധുരവും നുണഞ്ഞു കൊണ്ട് വെറുതെ കാഴ്ചകൾ കണ്ടിരുന്നു.

പിന്നീടുള്ള മാസങ്ങളിലും ആ യാത്ര തുടർന്നുകൊണ്ടിരുന്നു ഒരിക്കൽ അവൾ പറഞ്ഞു സുന്ദർജി എനിക്ക് കുഞ്ഞ് ആണാണോ, പെണ്ണാണോ എന്ന് അറിയണം, ഡോക്ടറോട് ചോദിക്കുമോ? സുന്ദർജി എന്ന ആ വിളി അയാൾക്ക് വളരെ ഇഷ്ടമായി അയാൾ പറഞ്ഞു സുന്ദർജി എന്ന സംബോധന രസമുണ്ട്. അമ്മയും വസുന്ധരയും എന്നെ 'ശിവാ' എന്നാണ് വിളിക്കാറ് എന്നു പറഞ്ഞു ചിരിച്ചപ്പോൾ ആ നക്ഷത്രക്കണ്ണുകൾക്ക് ഒരായിരം പൂത്തിരികൾ കത്തിച്ച ചന്തമായിരുന്നു. അല്ലെങ്കിൽ അതിഥി വരുമ്പോൾ ഉണ്ടാകുന്ന ത്രിൽ നഷ്ടപ്പെടും, ശിവസുന്ദ.റും അത് ശരിവെച്ചു. അന്ന് മടങ്ങുന്ന വഴി ടെക്സ്റ്റയിൽ ഷോപ്പിൽ കൊണ്ടു പോയി കുറെ സാരികളും നൈറ്റികളും എല്ലാം വാങ്ങി തന്നു. വേണ്ടായെന്ന് എത്ര പറഞ്ഞിട്ടും കേട്ടില്ല. തനിക്ക് ഇണങ്ങുന്ന സാരികളാണെന്ന് പറഞ്ഞ് സുന്ദർജി തന്നെയാണ് എല്ലാം തിരഞ്ഞെടുത്തത്. തിരിച്ചു വരുമ്പോൾ രണ്ട് പേരും മൗനത്തിലായിരുന്നു. അവൾ ഓർത്തു ഇതാണല്ലേ യഥാർത്ഥ ജീവിതം. സ്നേഹിക്കുവാനും, ശ്രദ്ധിക്കുവാനും ഒരാളുണ്ടാവുക എന്ത് ഭാഗ്യമാണത്. ഒരല്പനേരത്തേക്കെങ്കിലും അവൾ അതിന്റെ ലയത്തിൽ താളം പിടിച്ച് ഇരുന്നു. നീയൊരു കരാറുകാരി മാത്രമാണെന്ന കാര്യം മറക്കണ്ട ആരേയും കൂടുതൽ സ്നേഹിക്കുകയോ,

വിശ്വസിക്കുകയോ ചെയ്യരുതെന്ന രേണുക ചേച്ചിയുടെ ഉപദേശങ്ങൾ കാതുകളിൽ ഒരു വണ്ടിനെ പോലെ മൂളി നടന്നു. ഒരു അച്ഛനാകുവാൻ പോകുന്ന ആകാംക്ഷയിലാണ് സുന്ദർജി. അപ്പോൾ ശിവസുന്ദർ അവളെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്തൊരു പാവമാണിവൾ. സന്ധ്യക്ക് കൊളുത്തിവെച്ച നെയ്‌വിളക്കു പോലെ, അല്ലെങ്കിൽ നൈർമല്ല്യമാർന്ന താമരമൊട്ടുപോലെ എന്ത് ശാലീനമാണ് ഇവളുടെ രൂപലാവണ്യം ഇവളെപ്പോലെയായിരുന്നില്ലേ സത്യത്തിൽ തന്റെ സ്വപ്ന നായിക. എന്തു ചെയ്യുവാൻ വിധി തനിക്ക് നേരെ നീട്ടിയത് ഭിന്നവ്യക്തിത്വമുള്ള വസുന്ധരയേയാണ്. ഓരോന്ന് ചിന്തിച്ച് അവർ വീട് എത്തിയത് അറിഞ്ഞില്ല.

മാസങ്ങൾ കഴിയുന്തോറും തനിക്ക് പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ശാരീരികമായി പല അസ്വസ്ഥതകളും അനുഭവപ്പെട്ടു ക്ഷീണിച്ച് കിടക്കുമ്പോൾ സുന്ദർജിയുടെ ആദ്രമാനസത്തോടെയുള്ള നോട്ടം തനിക്ക് ആശ്വാസം പകർന്നു. താമസിയാതെ തന്നെ ആരോഗ്യമുള്ള തേജോമയിയായ ഒരു പെൺകുഞ്ഞിന് താൻ ജൻമം നൽകി. ഡോക്ടർ പറഞ്ഞിരുന്നു പെൺകുഞ്ഞാണെന്ന് താൻ കണ്ടിരുന്നില്ല. താൻ ഒരു അമ്മയായി എന്ന സത്യം അവളിൽ ആനന്ദത്തിരയിളക്കി. താൻ കുഞ്ഞിനെ തിരയുകയായിരുന്നു. സുന്ദർജി തുണിയിൽ പൊതിഞ്ഞ കുഞ്ഞിനെ തന്റെ അരികിൽ കൊണ്ടുവന്നു കിടത്തി. സുന്ദർജി തന്നെ നോക്കുന്നുണ്ടായിരുന്നു. ഒരു ജേതാവിന്റെ ഭാവമായിരുന്നു ആ മുഖത്ത്. സമാനതകളില്ലാത്ത നേട്ടമാണ് നീ എനിക്ക് സമ്മാനിച്ചത് എന്നു പറഞ്ഞ് സ്നേഹവായ്പ്പോടെ തലയിൽ തലോടിയപ്പോൾ അവളുടെമനസ്സ് മയൂരനൃത്തമാടി. രണ്ടു ദിവസങ്ങൾക്കകം തന്നെ കുഞ്ഞുമായി വീട്ടിലെത്തി. വസുന്ധര വലിയ പ്രതീക്ഷയിലായിരുന്നു. വസുന്ധരയെ പിടിച്ച് ഇരുത്തി കുഞ്ഞിനെ അമ്മ മടിയിൽ വെച്ചുകൊടുത്തു ആ മുഖം സന്തോഷം കൊണ്ട് തുടുത്തു. തന്നെ നോക്കുന്ന ആ മുഖത്ത് മുഴുവനും തന്നോടുള്ള കൃതാർത്ഥതയായിരുന്നു. രാത്രിയിൽ കുഞ്ഞിനെ വസുന്ധരയുടെ മുറിയിൽ കിടത്തണം എന്നു വാശിപിടിച്ചു. താൻ ഒന്നും പറഞ്ഞില്ല. ഇന്നല്ലെങ്കിൽ നാളെ തനിക്ക് കുഞ്ഞിനെ ഉപേക്ഷിക്കണമല്ലോ. രാത്രിയിൽ കുഞ്ഞിന്റെ നിർത്താതെയുള്ള കരച്ചിൽ കേട്ടാണ് അവൾ ഉണർന്നത്. ചെന്നു നോക്കിയപ്പോൾ വസുന്ധര സുഖമായി ഉറങ്ങുന്നു. വസുന്ധരയുടെ ആയയും ഉറങ്ങുകയാണ്. അവൾ ഓടിപ്പോയി കുഞ്ഞിനെ വാരിയെടുത്ത് തന്റെ മുറിയിൽ കൊണ്ടുപോയി പാല് കൊടുത്ത് ഉറക്കി. അപ്പോഴേക്കും സുന്ദർജിയും, അമ്മയും എല്ലാം എഴുന്നേറ്റ് വന്നു. അടുത്ത ദിവസവും അത് ആവർത്തിച്ചു. അവൾ പറഞ്ഞു വസുന്ധരേ ഞാൻ പോകുന്നതുവരെ കുഞ്ഞിനെ എന്റെ അടുത്ത് കിടത്തിക്കോട്ടെ? പെട്ടെന്നായിരുന്നു ആ മുഖം വിവർണ്ണമായത്. എന്റെ ശിവയുടെ കുഞ്ഞാണ് ഇത്. ഇതിന്റെ അമ്മ ഇനി ഞാനാണ്. നീ ഒരു കരാറുകാരി മാത്രമാണ്. കുഞ്ഞിനോട് നീ അധികാരമൊന്നും കാണിക്കേണ്ട. വസുന്ധരയുടെ നിഷ്ഠൂരമായ വാക്കുകൾ കേട്ട് അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് അവളുടെ മുറിയിലേക്ക് ഓടി പോയി. സുന്ദർജി വന്ന് സമാധാനിപ്പിച്ചു. വസുന്ധരയെ പറ്റി നിർമ്മലക്ക് ഒന്നും അറിയാത്തതുകൊണ്ടാണ്. പിന്നീട് ഞാൻ എല്ലാം പറയാം വിഷമിക്കരുത് എന്നു പറഞ്ഞിട്ട് പോയി.

ഇരുപത്തിയെട്ടാം ദിവസം കുഞ്ഞിന് പേരിട്ടു. സുന്ദർജി തന്നെയാണ് പേര് കണ്ടുപിടിച്ചത്. 'ശിവാനി' എന്ന്. ശിവസുന്ദരത്തിന്റെ 'ശിവ'യും, വസുന്ധരയുടെ 'വ'യും നിർമ്മലയുടെ 'നി' യും ചേർന്നാണ് ശിവാനിയായത്. എല്ലാവർക്കും ആ പേര് ഇഷ്ടപ്പെട്ടു. മൂന്ന് മാസം കഴിഞ്ഞപ്പോൾ കുഞ്ഞിന് ഇഞ്ചക്ഷൻ കൊടുക്കുവാനായി ആശുപത്രിയിലേക്ക് പുറപ്പെട്ടു. നല്ല മഴയുള്ള ദിവസമായിരുന്നു. സുന്ദർജി വളരെ പതുക്കെയാണ് കാറോടിച്ചിരുന്നത് സുന്ദർജി പറയുവാൻ തുടങ്ങി വസുന്ധരയും ഞാനും പ്രണയിച്ച് വിവാഹം ചെയ്തതൊന്നുമല്ല. ആകസ്മികമായിട്ടായിരുന്നു അവൾ എന്റെ ജീവിതത്തിലേക്ക് കയറി വന്നത്. അച്ഛന്റെ കൂട്ടുകാരന്റെ മകളാണവൾ അവളുടെ അച്ഛന് അസുഖം വന്നപ്പോൾ പെട്ടെന്ന് മകളുടെ വിവാഹം നടത്തണമെന്ന് പറഞ്ഞ് തന്നെകൊണ്ട് വിവാഹം കഴിപ്പിക്കുകയായിരിന്നു. ആദ്യ ദിവസം തന്നെ അവളൊരു മാനസിക വിഭ്രാന്തിക്ക് അടിമയാണെന്ന് മനസ്സിലായി. വിദേശത്തായിരുന്നു അവളുടെ പഠനം അവിടെ ഒരു വിദേശിയുമായി അവൾക്ക് സ്നേഹബന്ധമുണ്ടായിരുന്നു. അതിൽ നിന്ന് അകറ്റുവാനായിരുന്നു താനുമായുള്ള വിവാഹം. ആ ബന്ധം ശിഥിലമായതുകൊണ്ടാവാം അവൾ മാനസിക വിഭ്രാന്തിക്ക് അടിമയായത്. ഇതെല്ലാം വൈകിയാണ് ഞാൻ അറിഞ്ഞത്. കടുത്ത നിരാശ തോന്നി പക്ഷേ ഞാൻ താലികെട്ടിയ പെണ്ണല്ലേ അവളെ ചികിത്സിക്കുവാനായി ദൂരെയുള്ള ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഇതറിഞ്ഞ അച്ഛൻ തളർന്നു വീണു മാത്രമല്ല കുറച്ചു ദിവസങ്ങൾക്കകം

അച്ഛൻ തന്റെ കൈയ്യിൽ പിടിച്ച് പറഞ്ഞു അച്ഛൻ അറിയാതെ ചെയ്ത തെറ്റിന് അച്ഛനോട് ക്ഷമിക്കണം എന്നു പറഞ്ഞ് യാത്രയായി.

വസുന്ധര മാനസികമായി പക്വത ആർജ്ജിച്ചുകൊണ്ടിരിക്കുമ്പോളാണ് മറ്റൊരു അസ്ത്രം കൂടെ തന്റെ നെഞ്ചിൽ തുളച്ചുകയറിയത്. അവൾ ഒരിക്കലും അമ്മയാവുകില്ലാ എന്ന സത്യം. രോഗം ഒരു കുറ്റമല്ലല്ലോ ഞാൻ വിധിക്ക് കീഴടങ്ങുകയായിരുന്നു. എന്നാൽ ഈ വിവരമറിഞ്ഞ അവൾ തളർന്നു വീണു. പിന്നീട് അവൾ തളർന്നു കിടന്നു ഒന്നും ചെയ്യുവാൻ കഴിയാതെ. എത്ര ചികിത്സിച്ചിട്ടും അവൾക്ക് മാറ്റമൊന്നും സംഭവിച്ചില്ല. ഒടുവിൽ ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. അങ്ങനെ അവൾ അറിയപ്പെടാത്ത ഒരു രോഗത്തിന്റെ ഉടമയായി മാറി. എന്റെ കുഞ്ഞിനെ തന്നെ വേണമെന്ന് അവൾക്കായിരുന്നു ആഗ്രഹം ഈ സാഹസത്തിന് ഒക്കെ മുതിർന്നത് അതുകൊണ്ടാണ് സമൂഹത്തിനു മുന്നിൽ ഞങ്ങൾ ഭാര്യയും, ഭർത്താവുമായി ജീവിക്കുന്നു എന്നു മാത്രം. എല്ലാം എഴുതപ്പെട്ടതാണല്ലോ നിർമ്മലയും കരുതിയിട്ടുണ്ടാവില്ലല്ലോ വിവാഹം ചെയ്യാതെ മറ്റൊരു ആളുടെ കുഞ്ഞിനെ പ്രസവിക്കുമെന്ന്. സംഭവിച്ചതും സംഭവിക്കുവാൻ പോകുന്നതും എല്ലാം നല്ലതിന് എന്ന തത്വചിന്തയിൽ വിശ്വസിക്കുകയാണ് ഞാൻ ഇപ്പോൾ.

ആശുപത്രിയിൽ എത്തി മോൾക്ക് ഇഞ്ചക്ഷൻ കൊടുത്ത് കഴിഞ്ഞപ്പോഴെക്കും സമയം ഒരുപാട് വൈകിയിരുന്നു. കനത്ത മഴ കാരണം റോഡുകളെല്ലാം തടസ്സപ്പെട്ടിരിക്കുകയാണ്. മാത്രമല്ല രാത്രിയുമായി. ഇനി നാളെ തടസ്സങ്ങളെല്ലാം മാറ്റിയിട്ടെ പോകുവാൻ പറ്റുകയുള്ളൂ. ഇനി എന്ത് ചെയ്യും നമ്മൾക്ക് ഇവിടെ ഒരു മുറി എടുക്കാം എന്നു പറഞ്ഞു. എന്തുകൊണ്ടോ തനിക്ക് ഭയമൊന്നും തോന്നിയില്ല. വീട്ടിലേക്ക് വരുവാൻ കഴിയില്ലാ എന്നു വിളിച്ചു പറഞ്ഞു.

ഹോട്ടലിലെ മുറിയിൽ കട്ടിലിൽ ശിവാനിയെ നടുവിൽ കിടത്തികൊണ്ട് ഞങ്ങൾ ഇരുവശവുമായി കിടന്നു. തികച്ചും അന്യരെപോലെ തന്നെ ഉറങ്ങാൻ കഴിഞ്ഞില്ല എന്നിട്ടും വെറുതെ കണ്ണടച്ച് കിടന്നു. ശിവാനി സുഖസുഷ്പ്തിയിലാണ്ടുപോയിരിക്കുകയാണ്. രാത്രിയുടെ ഏതോ യാമങ്ങളിൽ ആ സ്പർശനം ഏറ്റപ്പോൾ ഞാൻ വിധേയത്വമുള്ള ഒരു പെണ്ണായിമാറി. അരുതെന്ന് ഒരായിരംവട്ടം അന്തഃരാളം വിളിച്ചു പറഞ്ഞെങ്കിലും വികാരം വിവേകത്തെ കീഴടക്കിയ നിമിഷമായിരുന്നു അത്. ഹൃദയതാളങ്ങളുടെ സ്പന്ദനം ഏറ്റ സുന്ദർജിയുടെ സമക്ഷത്തിൽ ഞാനൊരു രതി വീണയായി മാറി. വികാര വിക്ഷോഭങ്ങളുടെ വേലിയേറ്റത്തിന്റെ നൈമിഷകതയിൽ ഞങ്ങൾ ഉത്സവ മത്സരമാടി ഏതോ അജ്ഞാത ലോകത്തിൽ എത്തി. അപ്പോൾ ഞങ്ങൾ ഒരു സ്ത്രീയും പുരുഷനും മാത്രമായിരുന്നു. പരസ്പര സമർപ്പണത്തിൽ ലയിച്ചു ചേർന്ന ഞങ്ങളുടെ മുന്നിൽ ധാർമികതയും സ്ഥാനമാനങ്ങളും കാഴ്ചക്കാരായി മാറി നിന്നു. പിറ്റേന്ന് ഊഷ്മളത നിറഞ്ഞ മഞ്ഞുതുള്ളികൾ സൂര്യന്റെ ഊർജ്ജ പ്രഭാവത്തിൽ അലിഞ്ഞ് ചേർന്നപ്പോൾ ഞങ്ങൾ ശിവാനിയുടെ യാഥാർത്ഥ്യത്തിലുള്ള അച്ഛനും അമ്മയും ആയി മാറി.

താൻ മോളെയും എടുത്തുകൊണ്ട് ജനാലയിലൂടെ ദൂരത്തേക്ക് നോക്കിയിരിക്കുകയായിരുന്നു വിശാലമായ പുൽമൈതാനിയിൽ പശുക്കളും കിടാങ്ങളും പുല്ല് തിന്ന് നിൽക്കു കയാണ്. രേണുക ചേച്ചിയു

**ബന്ധങ്ങൾ മെല്ലെ മെല്ലെ തകർന്നു പോകുമ്പോൾ മനസ്സിൽ വല്ലാത്ത മുറിവേൽക്കുകയാണ്. എങ്കിലും, ആ നല്ല നാളുകൾ, നിമിഷങ്ങൾ ഞാൻ ഒരു പാട് ഇഷ്ടപ്പെടുന്നു. ആ സുവർണ്ണ നിമിഷങ്ങളെ മറവിയുടെ കൈകളിലേക്ക് കൊടുക്കാതെ ഞാൻ എന്റെ ഹൃദയത്തിൽ സൂക്ഷിക്കും.**

ടെ ഉപദേശങ്ങൾ എല്ലാം ജല്പനങ്ങളായി മാറി. അപ്പോൾ എന്തായിരുന്നു തന്റെ മനസ്സിൽ ഒട്ടും കുറ്റബോധം തോന്നിയില്ല. എന്നോ ഞാൻ സുന്ദർജിയെ ഇഷ്ടപ്പെട്ടുകഴിഞ്ഞിരുന്നുവല്ലോ. മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ തെറ്റായിരിക്കാം എന്തുകൊണ്ടോ ആ തെറ്റിനെ ഞാൻ ഇഷ്ടപ്പെടുകയാണ്. തിരിച്ച് പോകണ്ടേ എന്നു ചോദിച്ചു കൊണ്ട് സുന്ദർജി അരികിലേക്ക് വന്നു. ഈ പെണ്ണിനെ ജിവിതത്തിൽ ഒരിക്കലും മറക്കുകയില്ലാ എന്ന് കാതുകളിൽ മന്ത്രിച്ച് കൊണ്ട് എനിക്കും മോൾക്കും ഉമ്മ തന്നു. സുന്ദർജി തന്നെ അതിരുകളില്ലാതെ സ്നേഹിക്കുവാൻ തുടങ്ങിയിരിക്കുന്നു. അപ്പോൾ ആകാശ ഗംഗയുടെ സാന്ദ്രതയിൽ ഒരു വെൺമേഘതുണ്ട് പോലെ തന്റെ മനസ്സ് ഒഴുകി നടക്കുകയായിരുന്നു.

വീട്ടിലെത്തിയപ്പോൾവസുന്ധരആകെപ്രകോപിച്ചിരിക്കുകയാണ്. തന്നെ അരികിൽ വിളിച്ചിട്ട് പറഞ്ഞു നീ എത്രയും വേഗം തിരിച്ചു പോകണം നിന്റെ ജോലി ചെയ്തു തീർത്തു കഴിഞ്ഞു. കാലാവധി ഒന്നും നോക്കണ്ട കുട്ടിയുടെ ആരോഗ്യമെല്ലാം ഞങ്ങൾ ശ്രദ്ധിച്ചുകൊള്ളാം ഞാൻ തളർന്നു കിടക്കുകയാണെങ്കിലും ശിവാ നിന്നോട് കാണിക്കുന്ന അടുപ്പമെല്ലാം

ഞാൻ അറിയുന്നുണ്ട്. ശിവാ എന്റെ കഴുത്തിൽ താലി ചാർത്തിയ പുരുഷനാണയാൾ, എന്റെ ഭർത്താവിനെ നിനക്ക് വിട്ടുതരുവാൻ ഞാൻ തയ്യാറല്ല. നീ അതു മോഹിക്കണ്ട. ധാർഷ്ട്യത്തോടെയുള്ള ആ വാക്കുകൾ തന്റെ ശ്രവണേന്ദ്രിയങ്ങളിൽ പ്രകമ്പനം കൊണ്ടു. പണത്തിന് വേണ്ടി വന്നവൾ എത്രയും വേഗം പണവുമായി തിരിച്ച് പോകുക. കഴുത്തിൽ താലിയും വിവാഹ സർട്ടിഫിക്കറ്റും, സമൂഹത്തിൽ അംഗീകാരവും എല്ലാം നിങ്ങൾക്കുണ്ടായിരിക്കാം എന്നാൽ സത്യത്തിൽ അദ്ദേഹത്തിന്റെ ഭാര്യയായത് ഞാനല്ലേ എന്നവളുടെ അന്തഃ രംഗം പറഞ്ഞു കൊണ്ടിരുന്നു. നീ ഇനി ഒരിക്കലും ശിവയുമായി യാതൊരു ബന്ധവും പാടില്ല ശിവയെ ഓർക്കരുത്. ആ നിമിഷം അവളുടെ നാവ് ചലിച്ചു. ഒരാളെ ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാതിരിക്കുന്നതുമെല്ലാം ഓരോ വ്യക്തികളുടേയും മൗലികാവകാശമാണ് എന്നുമാത്രമല്ല അത് തികച്ചും വ്യക്തിപരവുമാണ്. ഞാൻ ഒരു ഉറപ്പു നൽകാം ഞാനൊരിക്കലും നിങ്ങളുടെ ജീവിതത്തിലേക്കു കടന്നു വരില്ല. എന്നു പറഞ്ഞ് അവൾ റൂമിലേക്ക് കയറി പോയി.

അടുത്ത ദിവസം തന്നെ അവൾ പോകുവാൻ തയ്യാറായി കൂടുതൽ ദിവസങ്ങൾ നിന്നാൽ മോളുമായി കൂടുതൽ അടുക്കും പിന്നെ വിട്ടുപിരിയുവാൻ സാധിക്കാതെ വരും. വസുന്ധര പറഞ്ഞതുപോലെ ഞാൻ ഇനി ഇവിടെ എന്തിനു നിൽക്കണം. മോളെ പ്പറ്റി ഓർക്കുമ്പോൾ തന്റെ ഹൃദയം മുറിഞ്ഞ് ചോര വാർന്നു പോകുന്നതു പോലെ അവൾക്ക് തോന്നി സുന്ദർജി കാര്യങ്ങൾ അറിഞ്ഞപ്പോൾ ആകെ വിഷണ്ണനായി ആ മാനസികാവസ്ഥ തനിക്ക് നന്നായി മനസ്സിലാകുമായിരുന്നു. താൻ പറഞ്ഞു സുന്ദർജി വിഷമിക്കേണ്ട നിങ്ങളുടെ ജീവിതത്തിലേക്ക് കടന്നു വന്ന ഒരു അതിഥിയാണ് ഞാൻ. അതിഥി തിരിച്ച് പോകുന്നു അത്ര മാത്രം. സുന്ദർജി പറഞ്ഞു ഞാൻ ഇടക്ക് തന്റെ നാട്ടിലേക്ക് വരും. താൻ പറഞ്ഞു വരരുത്, ഇടക്ക് വിളിച്ച് മോളുടെ വിശേഷങ്ങൾ പറയണം. തന്നെ കാണാതെ കരഞ്ഞ് കരഞ്ഞ് മോൾ ഉറങ്ങും. പിന്നെ പിന്നെ ഞാനൊരു ഓർമ്മ മാത്രമായിമാറികൊള്ളും. സുന്ദർജി ഒരിക്കലും എന്നെ കാണാൻ ശ്രമിക്കരുത്. കണ്ടുകഴിഞ്ഞാൽ പിന്നെ കാണാതിരിക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് മാറും.

ബന്ധങ്ങൾ മെല്ലെ മെല്ലെ തകർന്നു പോകുമ്പോൾ മനസ്സിൽ വല്ലാത്ത മുറിവേൽക്കുകയാണ്. എങ്കിലും, ആ നല്ല നാളുകൾ, നിമിഷങ്ങൾ ഞാൻ ഒരു പാട് ഇഷ്ടപ്പെടുന്നു. ആ സുവർണ്ണ നിമിഷങ്ങളെ മറവിയുടെ കൈകളിലേക്ക് കൊടുക്കാതെ ഞാൻ എന്റെ ഹൃദയത്തിൽ സൂക്ഷിക്കും.

എന്റെ സ്മൃതിപഥങ്ങളിൽ സുന്ദർജിയും ശിവാനിയും മാത്രമായിരിക്കും •

(തുടരും)

# വളയ്ക്കാനും വളയാനും



ഉണ്ണി വാരിയത്ത്

കാമുകൻ കാമുകിയുടെ തലയിൽ കൈവെച്ചു പറഞ്ഞു

**'നീ എന്റെ ജീവനാണ്'**

ഹൃദയത്തിൽ തൊട്ടാണ് അതു പറഞ്ഞതെന്ന് കാമുകിക്കു തോന്നി.

**'നിന്റെ ജീവനാണ് ഞാൻ എന്നു പറഞ്ഞിട്ട്'?**

**'ആണല്ലോ. പക്ഷേ, എന്റെ ജീവനേക്കാൾ വലുതല്ലല്ലോ നീ.'**

വാക്കുകൾക്ക് വളയ്ക്കാനും വളയാനും കഴിയുമെന്നു തെളിയുന്നു.

# ഗാന്ധിസൂക്തം



വിവിധ സംസ്ഥാനങ്ങളിൽ ധാരാളം പുതിയ സർവ്വകലാശാലകൾ സ്ഥാപിക്കാൻ ഇക്കാലത്ത് ഭ്രമം കാണുന്നു. ഗുജറാത്തി ഭാഷയ്ക്കു വേണ്ടി ഒരെണ്ണം ഗുജറാത്തിനു വേണം, മറാത്തിക്കുവേണ്ടി മഹാരാഷ്ട്രത്തിനും, കന്നഡയ്ക്കു വേണ്ടി കർണാടകത്തിനും, ഒറിയക്കുവേണ്ടി ഒറീസയ്ക്കും ആസാമിക്കു വേണ്ടി ആസാമിനും വേണം. ഓരോ സർവ്വകലാശാലകൾ. ഈ സമ്പന്നങ്ങളായ പ്രാദേശിക ഭാഷകളുടെയും അവ സംസാരിക്കുന്ന ജനങ്ങളുടെയും, പൂർണ വളർച്ചയ്ക്ക് ഇമ്മാതിരി സർവ്വകലാശാലകൾ വേണമെന്നുതന്നെ ഞാനും വിശ്വസിക്കുന്നു.

അതേ സമയം നാം ആവശ്യത്തിൽ കൂടുതൽ ധൃതി കാണിക്കുകയല്ലേ എന്നും ഞാൻ സംശയിക്കുന്നു. സംസ്ഥാനങ്ങളുടെ ഭാഷാടിസ്ഥാനത്തിലുള്ള രാഷ്ട്രീയ പുനർവിഭജനം ആണ് ഇതിനുള്ള ആദ്യപടി. സർവ്വകലാശാലകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുന്നതിന് അതത് ഭരണകേന്ദ്രങ്ങൾക്ക് സാധിക്കുമല്ലോ.

പുതിയ സർവ്വകലാശാലകൾക്ക് ഉചിതമായ പശ്ചാത്തലം ഉണ്ടാകണം. ധാരാളം സ്കൂളുകളും കേളേജുകളും അതിനു കീഴിലായി വേണം. അവിടങ്ങളിൽ മാധ്യമം പ്രാദേശിക ഭാഷയായിരിക്കണം. എങ്കിലേ കാര്യങ്ങൾ പരസ്പരപൂരകമാവൂ. സർവ്വകലാശാലയാണ് ഏറ്റവും ഉയരത്തിൽ. അടിത്തറ ഉറച്ചതാണെങ്കിലേ സൗധത്തിന് തലയെടുപ്പ് ഉണ്ടാവൂ.

രാഷ്ട്രീയമായി നമുക്ക് സ്വാതന്ത്ര്യം കിട്ടിയെങ്കിലും പടിഞ്ഞാറിന്റെ സ്വാധീനത്തിൽ നിന്നും നാം ഇനിയും മുക്തരായിട്ടില്ല. വിജ്ഞാനം പടിഞ്ഞാറിന്റെ കുത്തകയാണെന്ന് വിശ്വസിക്കുന്ന രാഷ്ട്രീയ നേതാക്കളോട് എനിക്കൊന്നും പറയാനില്ല. അതുപോലെ പടിഞ്ഞാറു നിന്ന് വരുന്നതെല്ലാം മോശമാണെന്ന അഭിപ്രായത്തോടും എനിക്കു യോജിപ്പില്ല. ഇക്കാര്യത്തിൽ നമുക്ക് ശരിയായ ഒരു തീരുമാനമെടുക്കുവാൻ സമയമായിട്ടില്ല. രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയതുകൊണ്ടു മാത്രം വിദേശ ഭാഷയുടെയും വൈദേശിക ചിന്താമണ്ഡലത്തിന്റെയും സൂക്ഷ്മസ്വാധീനത്തിൽ നിന്നും നാം മുക്തരാണെന്ന് ആരും കരുതേണ്ടതില്ല. പുതിയ സർവ്വകലാശാലകൾ ഉണ്ടാക്കുന്നതിന് മുമ്പ് പുതുതായി ലഭിച്ച സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു നമ്മുടെ ശ്വാസകോശങ്ങളിൽ നമുക്ക് നിറയ്ക്കാം. അതാണ് ബുദ്ധി, അതാണ് രാജ്യത്തോടുള്ള കർത്തവ്യം. കൂറ്റൻ കെട്ടിടങ്ങളും നിധികുംഭങ്ങളും ഒരു സർവ്വകലാശാലയ്ക്ക് ആവശ്യമില്ല. വിവേകപൂർണമായ പൊതുജനാഭിപ്രായത്തിന്റെ പിന്തുണയാണ് അതിന് ഏറ്റവും ആവശ്യം. നല്ല അദ്ധ്യാപകരുടെ ഒരു നിര തന്നെ ഉണ്ടായിരിക്കണം. ദീർഘദൃഷ്ടി യുള്ളവരായിരിക്കണം അതിന്റെ സ്ഥാപകർ.

എന്റെ അഭിപ്രായത്തിൽ സർവ്വകലാശാല സ്ഥാപിക്കാനുള്ള ചിലവ് വഹിക്കേണ്ടത് ഒരു ജനാധിപത്യ സർക്കാരല്ല. ജനങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ അവർ തന്നെ പണവും സംഭരിച്ചുകൊള്ളും. അങ്ങനെയുണ്ടാകുന്ന സർവ്വകലാശാലകൾ രാഷ്ട്രത്തിനു ഭൂഷണമാകുന്നു. വിദേശ ഭരണത്തിൻ കീഴിൽ എല്ലാ കാര്യങ്ങളും സർക്കാർ നൽകിയിരുന്നതുകൊണ്ട് ജനങ്ങൾ കൂടുതൽ കൂടുതൽ സർക്കാരിനെ ആശ്രയിക്കുന്നവരായി തീർന്നു.

അതേസമയം ജനപങ്കാളിത്തം വേണ്ടത്ര ഉണ്ടായാൽ എന്തും താഴെതട്ടിൽ നിന്നും ആരംഭിക്കുകയും, അത് എന്നെന്നും നിലനിൽക്കുകയും ചെയ്യും. അത് ഭദ്രമായിരിക്കും. ജനങ്ങൾക്ക് ശക്തി പകരുകയും ചെയ്യും. ജനാധിപത്യ വ്യവസ്ഥിതിയിൽ സ്ഥാപിതമായ സർവ്വകലാശാല മുടക്കുമുതലിന്റെ പത്തിരട്ടി ഫലം ജനങ്ങൾക്ക് നൽകും. ഫലപുഷ്ടിയുള്ള മണ്ണിൽ വിതച്ച വിത്തിന്റെ വിളപോലാണത്. വിദേശഭരണത്തിൻ കീഴിൽ സ്ഥാപിക്കപ്പെട്ട സർവ്വകലാശാലകൾ മറ്റു ദിശയിലാണ് പ്രവർത്തിച്ചത്. അല്ലാതെ വരുക അസാദ്ധ്യവുമായിരുന്നു. അതിനാൽ പുതുതായി കിട്ടിയ സ്വാതന്ത്ര്യം വേണ്ടത്ര ഉൾക്കൊണ്ടതിനു ശേഷം സർവ്വകലാശാലകൾ സ്ഥാപിക്കുകയാണ് ഉത്തമം •

ക്ഷേത്രങ്ങളിലൂടെ





കെ. സുധാദേവി

# ചമ്പക്കര ശ്രീഭുവനേശ്വരീ ക്ഷേത്രത്തിലെ ശ്രീചക്രപൂജ

ബാലാരവിദ്യുതിമിന്ദു കിരീടാം
തുംഗ കുചാം നയനത്രയയുക്താം
സ്മേര മുഖീം വരദാങ്കുശ പാശാ
ഭീതി കരീം പ്രഭജേ ഭുവനേശീം.

ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കൊച്ചു കേരളത്തിൽ പ്രശസ്തവും, ഐതീഹ്യങ്ങളാൽ സമ്പന്നമായതും, നൂറ്റാണ്ടുകളുടെ പഴക്കം അവകാശപ്പെടുന്നതുമായ അനേകം ക്ഷേത്രങ്ങൾ, ശൈവ, വൈഷ്ണവ, ശാക്തേയ സന്നിധികൾ ഒക്കെ ഉണ്ടല്ലോ. നമ്മുടെ പൂർവ്വികർ നമുക്കായി ഒരു നിധി പോലെ സൂക്ഷിച്ചു പോന്ന സങ്കേതങ്ങളാണ് ഇവയെല്ലാം തന്നെ. അതേപ്രകാരം തദ്ദേശവാസികൾ നെഞ്ചിലേറ്റി ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്തു പോരുന്ന അനേകം ചെറു ക്ഷേത്ര സന്നിധികളും ഉണ്ട്. രണ്ടാമതു പറഞ്ഞതിന് ഒരു ഉത്തമ ഉദാഹരണം ആണ് എറണാകുളം ജില്ലയിലെ പൂണിത്തുറ ചമ്പക്കരയിലുള്ള ശ്രീഭുവനേശ്വരീ ക്ഷേത്രം.

പറയത്തക്ക ഐതിഹ്യങ്ങളോ, പ്രൗഢിയോ ഒന്നും ഇല്ലെങ്കിലും നമ്മുടെ സങ്കടങ്ങളും സന്തോഷങ്ങളും പങ്കുവെക്കുന്നതിനായി സദാ സന്നദ്ധയായ ദേവീ മഹാമായ ഭുവനേശ്വരീ രൂപത്തിൽ വാണരുളുന്ന ഒരു ക്ഷേത്രം. ഇവിടുത്തെ പ്രത്യേകത ദേവി ഇവിടെ ശ്രീചക്രത്തോടുകൂടി വാണരുളുന്നു എന്നുള്ളതു തന്നെ. അങ്ങനെയുള്ള അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണിത്. അത്ര പഴക്കം ഇല്ലാത്ത ഒരു ഐതിഹ്യം പറയുന്നത് ഇപ്രകാരം തനിക്കും തന്റെ കുടുംബാംഗങ്ങൾക്കും പിൻതലമുറകൾക്കും സർവ്വോപരി നാട്ടുകാർക്കും വച്ചാരാധിക്കുന്നതിനായി മുടക്കോടിൽ കുടുംബ കാരണവരായ ശ്രീമാൻ കൃഷ്ണമേനോൻ അവർകൾ പണികഴിപ്പിച്ച് പുലിയന്നൂർ മനയിലെ തന്ത്രികളാൽ പ്രതിഷ്ഠ നടത്തി ആരാധിച്ചു വന്നതാണ് ഇവിടുത്തെ ദേവിയെ, കൃഷ്ണമേനോന്റെ മരണശേഷം അദ്ദേഹത്തിന്റെ മകളായ ശ്രീമതി അമ്മു അമ്മ ക്ഷേത്രച്ചുമതല ഏറ്റെടുത്ത് നടത്തിപോന്നു. ആ അമ്മ തികഞ്ഞ ദേവിഭക്തയും മന്ത്രതന്ത്രങ്ങളെകുറിച്ച് ജ്ഞാനിയും ആയിരുന്നു എന്നുള്ളത് എടുത്തു പറയേണ്ട കാര്യം തന്നെ. എന്നാൽ 1992 മുതൽ ക്ഷേത്രം വിശ്വഹിന്ദു പരിഷത്തിന്റെ സംരക്ഷണയിലാണ്.

## ഭുവനേശ്വരി സങ്കല്പത്തെ കുറിച്ച്

ദുർഗ്ഗമൻ എന്ന അസുരനെ നിഗ്രഹിക്കുന്നതിനായി പരാശക്തി തന്റെ പത്തു ഭാവങ്ങളെ ചൈതന്യഭാവേന പുറത്തു കൊണ്ടു വന്നു. ഈ ശക്തികളെ ദശമഹാവിദ്യകൾ എന്നു പറയുന്നു. കന്നിമാസത്തിൽ ശുക്ലപക്ഷ പ്രഥമ മുതൽ ദശമി വരെ നാം ഈ ശക്തികളെ പൂജിക്കുന്നു. (നവരാത്രി കാലം) എട്ടാമത്തെ ദിവസമായ അഷ്ടമിയിൽ ദേവി ദുർഗ്ഗയായി അവതരിച്ച് ദുർഗ്ഗമനെ വധിക്കുന്നു. ഈ ദിവസമാണ് ദുർഗ്ഗാഷ്ടമി. നവരാത്രി കാലത്ത് പ്രഥമ മുതൽ ദശമി വരെയുള്ള പൂജകളിൽ നാലാമത്തെ ദിവസമായ ചതുർത്ഥിയിൽ രോഹിണീ ഭാവത്തിൽ (അവതരിച്ച) നാം പൂജിക്കുന്ന ശക്തിയാണ് ഭുവനേശ്വരി. പ്രകൃതിയുടെ പര്യായമാണ് ഭുവനേശ്വരി എന്നത്. സകല ലോകങ്ങളും ദേവിയുടെ ശരീരം എന്നർത്ഥം. ഉദിച്ചു വരുന്ന സൂര്യന്റെ നിറവും ചന്ദ്രക്കലയോടു കൂടിയ കിരീടവും തൃലോചനങ്ങളും

പാശം, തോട്ടി, അഭയം, വരം ഈ മുദ്രകളോട് കൂടിയ നാലു തൃക്കൈകളും ആയി ഒരു കാൽ മടക്കിയും മറ്റെ കാൽ തൂക്കിയിട്ടും ഇരിക്കുന്ന ഭാവത്തിലാണ് പ്രതിഷ്ഠ. ശരീരത്തിൽ അനാവൃത ചക്രസ്ഥിതയായി ദേവി കുടികൊള്ളുന്നു. അമ്മയുടെ അനുഗ്രഹത്താൽ വാക്സിദ്ധിയും കർമ്മസിദ്ധിയും ഉണ്ടാകും. ദേവിക്ക് പരദേവതാസ്ഥാനം ഉള്ളതിനാൽ ദോഷശാന്തിക്കായി ഭുവനേശ്വരീ പത്മമിട്ട് പരദേവതാ പൂജ നടത്തി വരുന്നു. ദുർഗ്ഗാമന്ത്രങ്ങൾ ദുർഗ്ഗാ അഷ്ടോത്തരം ഹ്രീം കാര അർച്ചന വിളക്കുപൂജ ഇവയെല്ലാം അമ്മയ്ക്ക് പ്രിയംകരം തന്നെ. കൊടിമര ചുവട്ടിൽ കാളയുടെ പ്രതിഷ്ഠ ഉണ്ടാകും. ജ്യോതിഷത്തിൽ ചന്ദ്രനെ പ്രതിനിധീകരിക്കുന്നു. മനസ്സിന്റെ കാരകനായ ചന്ദ്രന് ജാതകാൽ ബലം ഇല്ലാതെ വന്നാൽ മനപീഡകളും മനചാഞ്ചല്യങ്ങളും ഉണ്ടാകുന്നത് സാധാരണം. അങ്ങനെയുള്ളവർക്ക് ഭുവനേശ്വരീ പൂജ നടത്തുകയും ക്ഷേത്ര ദർശനം ഹ്രീംകാര മന്ത്രാർച്ചന ജപം ഇവയെല്ലാം ദോഷശാന്തി നല്കും. ഇതിനെല്ലാം പുറമെ സാക്ഷാൽ ശ്രീപരമേശ്വരന്റെ ശക്തിയാണ് ഭുവനേശ്വരി ദേവി. ഇപ്രകാരം ഉള്ള ദേവി വാണരുളുന്ന ഈ ക്ഷേത്രസങ്കേതം ശക്തിമത്തും പാവനവുമാണെന്നുള്ള കാര്യം സംശയലേശമെന്യേ പറയാവുന്നതാണ്. മിഥുനത്തിലെ ചോതിയാണ് പ്രതിഷ്ഠാദിനം. ഈ വർഷം ജൂലൈ 13 നാണ് പ്രതിഷ്ഠാദിനം.

## ഇവിടുത്തെ ശ്രീ ചക്ര പൂജയെ കുറിച്ച്

ഈ ശ്രീചക്രം പരീക്ഷത്തു രാജാവിന്റെ കളഞ്ചീയം (ഖജനാവ്) മാനേജരായിരുന്ന മേച്ചേരിൽ ഗോവിന്ദമേനോൻ അവർകൾക്ക് രാജാവ് നല്കിയതാണ് എന്ന് പറയപ്പെടുന്നു. വിധിപ്രകാരം പൂജിച്ചാൽ സർവ്വ ഐശ്വര്യങ്ങളും ലഭിക്കയും മറിച്ചായാൽ സർവ്വനാശവും ഉണ്ടാകുമെന്ന് അറിയാവുന്ന രാജാവ് അതിന് പ്രാപ്തനായ ആളിനെ തന്നെ ഏല്പിക്കയാണ് ചെയ്തത്. അദ്ദേഹം അത് കൃത്യമായി നിർവ്വഹിച്ചും പോന്നു. അദ്ദേഹത്തിന്റെ വാർദ്ധക്യത്തിൽ തന്റെ സഹോദരീ ഭർത്താവായ മുടകോടിൽ കൃഷ്ണമേനോനെ ഏല്പിക്കുകയും കൃഷ്ണമേനോൻ വളരെ ഭംഗിയായി തന്നെ പൗർണ്ണമി തോറും ക്ഷേത്രത്തിൽ വച്ച് ശ്രീചക്രത്തിന് പൂജ നടത്തുകയും ചെയ്തു പോന്നു. ഇപ്പോഴും എല്ലാ പൗർണ്ണമി നാളിലും ആ പൂജ തുടർന്നു പോരുന്നു. കുടുംബ ഐശ്വര്യം, സന്താനഭാഗ്യം, മംഗല്യഭാഗ്യം, വ്യവസായ പുരോഗതി, രോഗശമനം, വിദ്യാവിജയം, ഇവയ്ക്കെല്ലാം ഈ പൂജ നടത്തുന്നതും കണ്ടു തൊഴുതു പ്രാർത്ഥിക്കുന്നതും വിശേഷം തന്നെ. പന്ത്രണ്ടു മാസത്തിലെ പൗർണ്ണമിക്കും മുടക്കം കൂടാതെ നടത്തിയാൽ അഭീഷ്ടസിദ്ധി ലഭിക്കുന്നതാണ്.

ക്ഷേത്രത്തിലെ ഉപദേവതകൾ ബ്രഹ്മരക്ഷസ്സും നാഗങ്ങളും കൂടാതെ ക്ഷേത്രസ്ഥാപകനായ പിതാമഹനും ഉണ്ട്. മുടക്കോടിൽ ദുർഗ്ഗാക്ഷേത്രവും ഇതിനടുത്തായി തന്നെ സ്ഥിതി ചെയ്യുന്നു. മുടക്കോടിലെ ഒരു കാരണവർ ആഴ്വാഞ്ചേരി മനയിലെ ദേവി ഉപാസകനായിരുന്നു എന്നും അദ്ദേഹത്തിന് വാർദ്ധക്യം ആയി യാത്ര ചെയ്യാൻ പറ്റാത്ത സ്ഥിതിയായപ്പോൾ അദ്ദേഹത്തിന്റെ കൂടെ ഓലക്കുടയിൽ ദേവി വന്നു എന്നും ആ ദേവിചൈതന്യത്തെ മുടക്കോടിൽ കുടംബത്തിൽ ക്ഷേത്രം പണിത് പ്രതിഷ്ഠിച്ചു എന്നും ഐതിഹ്യം പറയുന്നു. ഇത് വളരെ വർഷങ്ങൾക്ക് മുമ്പ് നടന്നതാണ്. ഈ ക്ഷേത്രവും ഇപ്പോൾ വിശ്വഹിന്ദു പരിഷത്തിന്റെ സംരക്ഷണയിലാണ്.

വഴി : കോട്ടയം എറണാകുളം റൂട്ടിൽ പേട്ടയ്ക്കും ചമ്പക്കരയ്ക്കും ഇടയിൽ ഇടത് ഭാഗത്തായി ഭുവനേശ്വരീ ടെമ്പിൽ റോഡ് കാണാം. ഈ റോഡിലൂടെ അല്പം നടന്നാൽ ക്ഷേത്രസന്നിധിയിലെത്താം●

# വിശേഷ ദിവസങ്ങൾ

### 2016 ജൂലൈ 15 മുതൽ ആഗസ്റ്റ് 14 വരെ

| | | |
|---|---|---|
| ജൂലൈ | 16 | രാമായണ മാസാരംഭം |
| | 19 | വ്യാസ പൂർണ്ണിമ |
| ആഗസ്റ്റ് | 2 | കർക്കിടകവാവ് |
| | 3. | ചിന്മയാനന്ദ സമാധി |
| | 15. | സ്വാതന്ത്ര്യദിനം |





ശ്രീകുമാർ ശ്രീമംഗലം

# മിഴിവിളക്ക്

## മഹാകവി ജി. യുടെ കവിതകളിലൂടെ ഒരു തീർത്ഥയാത്ര

തിരയടങ്ങാത്ത ഉള്ളുടലൊളിപ്പിച്ചു ചിരിക്കെ നമ്മൾ പറയും കടൽ കണ്ണിനു കണിയാണെന്ന്.....

ഇതേവരെ അടവച്ചു വിരിയിച്ചിറക്കാൻ കഴിയാത്ത സ്വപ്നശതങ്ങളെ ഊതിക്കാച്ചി ഉള്ളുലഞ്ഞ് എത്തുന്ന കനൽക്കാറ്റിനെക്കുറിച്ച്, നമ്മൾ പറയും കാറ്റിനേഴഴകെന്ന്....

സദാ സങ്കടങ്ങളുടെ ലാവയുരുകിയുള്ളിലുലാവുമ്പോഴും പെടാപാടുപെട്ട് ആ ഉൾത്താപം നിയന്ത്രിച്ച്, ഒടുവിലീ സന്ധ്യയുമിങ്ങെത്തുമ്പോൾ നമ്മൾ പറഞ്ഞു തുടങ്ങും സന്ധ്യയുടെ സർവ്വ ചാരുതയേയും പറ്റി.......

മൊഴിക്കും ചിരിക്കുമൊക്കെ നാം കൊടുക്കുന്ന അർത്ഥങ്ങളും ചന്തങ്ങളുമൊക്കെയാണോ ശരിക്കും ഉള്ളത്....?

''ഒരു മുഖം മൂടി വയ്ക്കാത്ത ചങ്ങാതിയെ
യരികിലുമകലെയും കാണ്മതില്ല''
''കാലമേ, ദയാഹീനമാകിയ ഭവദീയ
ലീലമേ വളർത്തുന്നു വിസ്മയം, ഭയം, ശോകം''
കൊണ്ടലും കൊടുങ്കാറ്റും ക്ഷണികങ്ങളാണവ
ക്കൊണ്ടലം മറഞ്ഞാലുമപ്പുറത്തില്ലാതാമോ...?
വരണം വരൻമാത്രമാസന്നമായ്
വരണം സനാതന നിയമം ലംഘിക്കാമോ...?

മഹാകവി, ജി. ശങ്കരക്കുറുപ്പ് ഇങ്ങനെയൊക്കെ പറയുമ്പോൾ കവിത ആത്മാവിലേക്കു പടർന്ന് ഹൃദയം പൊള്ളിപ്പോയ ഈയുള്ളവൻ ഈ നാൾവഴിയിടത്ത് സന്ദേഹിയായ്......

ഒന്നോർത്താൽ, ജീവിതം അഴിക്കാനാവാത്ത വണ്ണം പലപാടു കെട്ടുപിണഞ്ഞതും, വ്യക്തിത്വം എണ്ണിയാലൊടുങ്ങാത്തത്ര മുഖങ്ങളോടു കൂടിയതുമായി തീർന്നതാണിതിനു ഹേതു. പ്രാചീന ശിലായുഗത്തിലെ മനുഷ്യനിൽ നിന്നു പിറവികൊണ്ട കവിത മനുഷ്യസംസ്കാര വൈജാത്യങ്ങളോടൊപ്പം ഏറെ ദൂരം സഞ്ചരിച്ചും പല തിരിവുകൾ തിരിഞ്ഞുമാണ് ഇന്നത്തെ മലയാണ്മയിലേക്കു കവിത എത്തിയിരിക്കുന്നത്. ആദികവിയുടെ പിറവിക്കു കാരണമായി തീർന്ന ഘടകങ്ങളും സിമ്പലുകളും ഇന്ന് അപ്രസക്തമായി തീർന്നിരിക്കുന്നു. ജീവിതത്തിന്റെ മുഖം മാറുന്നതോടെ കാവ്യചോദനയുടെ അന്തരിന്ദ്രീയത്തിനും ഭാവം മാറി. ശബ്ദസംഗീതത്തിന്റെ ഉടൽ കൊണ്ടു പൂവിട്ട കവിത അനന്തരം ആ സ്ഥാനത്ത് തന്റേതായൊരു ഭാവസംഗീതം സൃഷ്ടിച്ചു. വൃത്തം ഭാവബോധാത്മകതലങ്ങളുടെ ഒന്നാംപടിയായിരുന്നെങ്കിൽ പിന്നീട് ആ സ്ഥാനം. സവിശേഷമായതും ഒട്ടും പ്രകടമല്ലാത്തതുമായ താളക്രമമോ അതുമല്ലെങ്കിൽ വെറും ബിംബകല്പനകളോ കൈയ്യടക്കി. സൂക്ഷ്മഭാവങ്ങളുടെ സൂക്ഷ്മാവിഷ്ക്കാരം എന്ന ഒരേയൊരു സവിശേഷതയാണു കവിതയിൽ ചിരസ്ഥായിയായി നിലകൊള്ളുന്നത്. കവിതയെന്ത് എന്ന ചോദ്യത്തിനു മറുപടി കണ്ടെത്താൻ ശ്രമിക്കുമ്പോൾ നാം എത്തിച്ചേരുന്നതും ഈ സവിശേഷ വഴിയിലാണ്. പക്ഷെ കവിയെ നമ്മൾ പ്രതിരൂപാത്മക കവിയെന്നു വിളിച്ചാലും, തത്വദർശനപരതയുള്ള കവിയെന്നു വിളിച്ചാലും, വിഷാദകവിയെന്നു വിളിച്ചാലും മൃത്യുബോധപീഢ ഉള്ളിലൊളിപ്പിച്ച കവിയെന്നു വിളിച്ചാലും ഒന്നേയുള്ളു പറയാൻ.... ഇരിക്കുന്തോറും വീര്യമേറുന്ന വീഞ്ഞുപോലെ കാലമേറുന്തോറും വീര്യം കൂടി വരുന്ന എന്തോ,

വാക്കുകളാൽ വിവരിക്കാനെളുതല്ലാത്ത ഏതോ ലഹരി പടർത്തുന്ന വൈശിഷ്ഠ്യതയാണ് മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ കാവ്യപ്രപഞ്ചത്തിനുള്ളത്.

നേരുപറയണമങ്ങുവിളിക്കെയെൻ
പേരു മധുരമായ് തിരുവതെങ്ങനെ...?
നേരുപറയണമങ്ങുതൊടുമ്പോൾ ഞാൻ
താരുപോലെ മൃദുവാകുന്നതെങ്ങനെ?
പാരിന്റെ മാദകസൗഖ്യങ്ങളൊക്കെയീ
ചോരിവായിങ്കലൊതുങ്ങിയതെങ്ങനെ.....?

എന്നു ജി. പറയുമ്പോൾ നാം ഏതോ അലൗകികാനന്ദത്തിലലിഞ്ഞ്..... അലിഞ്ഞ്...

വയസ്സു തികഞ്ഞിട്ടില്ല, അന്ന് ഇരുപതാം നൂറ്റാണ്ടിന്...!

അന്ന് വന്നു പിറന്നതാണ് ഈ കവി. ആയിരത്തിത്തൊള്ളായിരത്തി ഒന്ന് ജൂൺ മൂന്നാം തീയതി (1901 June 03) (1076 ഇടവം ഇരുപത്തിരണ്ട്) കാലടിക്കടുത്തുള്ള നായത്തോടു ഗ്രാമത്തിൽ വടക്കിനി വീട്ടിൽ, ലക്ഷ്മിക്കുട്ടിയമ്മയുടേയും നെല്ലിക്കപ്പിള്ളി വാര്യത്തു ശങ്കരവാര്യരുടെയും പുത്രനായി ജനിച്ച കുട്ടി പിന്നീടു, 'ജി.' യെന്ന തൂലികാ നാമത്തിൽ അറിയപ്പെട്ടു. മാതുലനായ ഗോവിന്ദക്കുറുപ്പിൽ നിന്നുരുത്തിരിഞ്ഞതാണ് 'ജി' എന്ന ശബ്ദം;

'താരകളത്യുന്നതസ്ഥാനഗർ ചിരിപ്പാനും
ഭാരനമ്രമേഘങ്ങൾ പിറന്നൂ രോദിപ്പാനും'

എന്നു പില്ക്കാലത്തുചൊല്ലിയ കവി, സ്വപ്നങ്ങളുടെ കൂട്ടുകാരനാണെന്നും ആശയത്തിന്റെ അലക്കൊഴുക്കുകളില്ലാത്ത തെളിനിലാവാണെന്നും, വെറും കാല്പനിക കവിയെന്നുമൊക്കെ പലരും പറഞ്ഞു.

'ധരയൊരുവനിയത്രേ നമ്മൾ പുഷ്പങ്ങൾ നിത്യം
മരണമതിലിറങ്ങിപൂപറിപ്പാൻ നടപ്പൂ....
അതിഭയമൊടു നിത്യം മൂഢലോകം നിറപ്പൂ
മൃതിയുടെ വഴി കല്ലും മുള്ളുമെല്ലാം നിരത്തി....
കാതിൽ വീണലിയുന്നൊരു ദിവ്യവേണുവിൻ ഗീതി
ഞാനമ്പാടിപൈക്കുട്ടിപോൽ കുതിക്കുന്നു...'

ഒന്നോർത്താൽ, പൂർവ്വസൂരികളായ നിരവധി കവികളെപ്പോലെ ജി. യും ഒരു മൃത്യോപാസകനാണെന്നു നിസ്സംശയം പറയാം. മഹാകവി, ജി. ശങ്കരക്കുറുപ്പിനെപ്പോലെ മലയാളത്തിലെ മറ്റൊരു കവിയും ഇങ്ങനെ മരണത്തെ ഉപാസിച്ചിട്ടുണ്ടോ എന്നു വരെ തോന്നിപ്പോകുന്ന ചൊൽക്കെട്ട്. ഒന്നൊഴിയാതെ തന്റെ കവിതാസമാഹാരങ്ങളിലെല്ലാം മരണത്തെക്കുറിച്ചുള്ള വരികൾ കടന്നു വരുന്നതും ജീവിതത്തിന്റെ ഏതൊരു ഭാവം അനാവരണം ചെയ്യാൻ ശ്രമിക്കുമ്പോഴും അതിനു പശ്ചാത്തലമായി മരണം ഒളിഞ്ഞോ, തെളിഞ്ഞോ കടന്നു വരുന്നതും, 'മരണപീഡ' എന്ന പേരിൽ ഒരു ലേഖനം തന്നെ എഴുതാൻ തയ്യാറായതുമെല്ലാം, ജി യെ മരണപീഡ എങ്ങിനെയെല്ലാം വേട്ടയാടിക്കൊണ്ടിരുന്നുവെന്നു സ്പഷ്ടമാണ്. പ്രിയപ്പെട്ടവരൊക്കെ മരിച്ചൊടുങ്ങുന്ന കുരുക്ഷേത്രയുദ്ധത്തെ തുടർന്ന് മരണത്തെ വിവിധ കോണുകളിൽ നിന്ന് നോക്കികാണാറുള്ള ശ്രമം മഹാഭാരതത്തിലുണ്ട്. ആ വിഫലതയെ തുടച്ചു നീക്കാനെന്നോണം വേദാന്തത്തെ കൂട്ടുപിടിക്കുന്നതാണ് ഇവിടെ ആത്യന്തികമായി കാണുന്നത്. എന്നിരിക്കലും തത്വചിന്താപരമായ പ്രബുദ്ധത ഏറ്റം നേടിയ ഭാരതകഥാ പാത്രങ്ങളെപ്പോലും മൃത്യുപീഡ അവസാനം വരെ മഥിക്കുന്നുണ്ട്. സംസാരദുഃഖത്തിന്റെ നിരർത്ഥകതയെ കുറിച്ചറിവുള്ളവരെപോലെയല്ല ഇവിടെ തികച്ചും ലൗകികമായ ലോകത്തു വിഹരിക്കുന്ന കവിവര്യൻ ദുഃഖിയാകുന്നതിൽ, വിഷാദിയാകുന്നതിൽ അത്ഭുതപ്പെടാനില്ല.

'പഴതോ പുതുതോ വസ്ത്രം
കൈവെടിഞ്ഞിട്ടു പുരുഷൻ
മറ്റു വസ്ത്രമുടുക്കുമ്പോ
ലത്രേ ദേഹിക്കു ദേഹവും....'
(മഹാഭാരതം സ്ത്രീപർവ്വം)

'മരണം പ്രകൃതിശരീരിണാം
വികൃതിർജീവിതമെന്നും....'

'ചക്ഷുശ്രവണഗളസ്തമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നപോലെ
കാലാഹീനപരിഗ്രസ്തമാം ലോകവു
മാലോല ചേതസ്സാ ഭോഗങ്ങൾ തേടുന്നു'

എന്ന്, എഴുത്തച്ഛനും പറയുന്നു. വേദാന്തത്തെയും ആധുനിക വിജ്ഞാനത്തെയും കൂട്ടുപിടിച്ച് കുമാരനാശാൻ ഇങ്ങനെ പറഞ്ഞു.

'ലോകം നിത്യചലം വൃഥാമൃതിഭയം
തോന്നുന്നു മാറ്റങ്ങളിൽ......

എന്നിരുന്നാലും ജീവിതത്തെക്കുറിച്ച് 'ആ പളുങ്കുപാത്രം വിരലാൽ മുട്ടിയാൽ മതി, തവിടുപൊടിയാമല്ലോ' എന്നു വിലപിക്കാതിരിക്കാൻ കഴിയുന്നില്ല. 'അതിനിന്ദ്യമീ നരത്വം' എന്നു പറഞ്ഞപ്പോഴും കവിയെ അതിനു പ്രേരിപ്പിച്ചത് വിരക്തിയല്ല രതിയാണെന്നും കാണാം എന്നിട്ടും

'ആപത്തിൻ പരമകാഷ്ഠയായ പുലിയാ
യീ ഞങ്ങളഞ്ചുന്നൊരാ
നീ പച്ചതൃണരാശിയെ തിന്നരിയപാ
ലേകുന്ന ഗോവെന്നുമാം....'

എന്ന് ആശ്വാസകരമായൊരഭ്യൂഹത്തിലേക്ക് അദ്ദേഹം ചരിക്കുന്നു. ആശാനെ സംബന്ധിച്ച് സ്നേഹത്തിനു കീഴടക്കാൻ കഴിയുന്ന ഒന്നുമാത്രമാണ് മരണം. മൃത്യുവന്നിരുട്ടാഴിയിൽ മുങ്ങിയ സത്വത്തെ കൂടിയും ഇന്ദ്രീയവാതില്ക്കലേക്കു വിളിക്കുവാൻ സ്നേഹത്തിനു കഴിവുണ്ട്. 'സ്നേഹ വ്യാഹതി തന്നെ മരണം. പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം...'

ഭൂതം, വർത്തമാനം, ഭാവി എന്നീ കാലത്രയത്തിന്റെ അനുരണനങ്ങളിൽ കൂടി കവി നടത്തുന്ന ജീവിതവീക്ഷണം. അതാണു മിക്ക കവിതകളിലേയും ഊടും പാവും. കാലത്രയത്തെ ഇന്നലെ, ഇന്ന്, നാളെ എന്നീ ദിനത്രയത്തിൽ ഒതുക്കി നിറുത്തി അതിന് മേൽ കവിയുടെ ഭാവന വിചിത്ര വർണ്ണാങ്കിതങ്ങളായ ചിത്രങ്ങൾ കൊത്തിയിരിക്കുന്നു. ഇന്നലത്തെ ജീവിതാന്ധകാരം ഇന്നേക്കു നീങ്ങി വന്ന് നാളെ പൂർണ്ണപ്രകാശം പ്രത്യക്ഷപ്പെടുമെന്ന ശുഭപ്രതീക്ഷ ഇതിലാദ്യന്തം വ്യാപിച്ചിട്ടുള്ളതായി കാണാം. പക്ഷെ പ്രാപ്തകാലത്തിലും മനുഷ്യത്വം ചവുട്ടിമെതിക്കപ്പെടുന്ന ദുര:വസ്ഥ കണ്ട് 'ഇന്നുമിന്നലെയായോ'..? എന്നു കവി ചോദിച്ചു പോകുന്നു. ഇങ്ങിനെ ശുഭപ്രതീക്ഷയുടെ നിലാവും നൈരാശ്യത്തിന്റെ നിഴലും ഇടകലർന്ന് ഇതിലെ ജീവിത ദർശനം പരഭാഗഭംഗി ചമയ്ക്കുന്നുണ്ട്. മുത്തുകൾ എന്ന കവിതയിൽ ജീവിതം ഒരു സങ്കടക്കടലായി നിറഞ്ഞൊഴുകുന്നു. കവിചിത്തം നിത്യശാന്തി തേടി ഈ സങ്കടക്കടലിലെ ഒഴുക്കിൽ നിത്യശാന്തിക്കായ് ചിപ്പിയായ്സഞ്ചരിക്കുന്നു.പക്ഷെഉള്ളുപൊള്ളിക്കുന്ന യാഥാർത്ഥ്യത്തിന്റെ തരികളാണ് ചിപ്പിക്കുള്ളിൽ വന്നു ഭവിക്കുന്നത്. ഒടുവിൽ മൂകവേദനകളെല്ലാം മുത്തായിത്തീരട്ടെയെന്നു കവി നിരൂപിച്ചുറപ്പിക്കുന്നു.

ഒരു പിടപ്പുള്ള മീൻകണക്കെ ഇന്നത്തെ ലോകം കലാകാരൻമാരുടെ പിടിയിൽ നിന്നും വഴുതിപ്പോകുന്നതായി കവി ആശങ്കപ്പെടുന്നുണ്ട്. അവരുടെ കരങ്ങൾക്കേ അതു നിവർത്തി നേരെയാക്കാനുള്ള ത്രാണി ഉള്ളുവെന്നിരിക്കെ! അതുകൊണ്ടു കവി ചോദിക്കുന്നു 'എവിടെ കലാകാരൻ...'? എന്ന്. സയൻസിന്റെ പുരോഗമനപരമായ നിലപാട് സമാദരണീയമെങ്കിലും അതിലുമുണ്ട്, ചില ഭയാശങ്കകൾ.... 'കലാകാരിയുടെ കാവ്യം' 'ഉദ്ബോധിപ്പക്കുന്നത്' 'താരകൾ തമ്മിൽ', 'ചോദിക്കട്ടെ,' 'പൂമ്പാറ്റ', 'ശവപ്പെട്ടി,' 'തൂപ്പുകാരി,' 'നായ്ക്കൻ' എന്നീ കവിതകളിൽ കവി പരിവർത്തനത്തിനു കൊതിക്കുന്ന അന്തർദ്ദാഹിയായി തന്നെ നിലക്കൊള്ളുന്നു. സമത്വസുന്ദരമായ കാലത്തിന്റെ ആഗമനം കൊണ്ടു ഭാസുരമാകുന്നൊരു ഭാവി അവയിലെമ്പാടുമുണ്ട്. 'ഭാവിതൻ പൊതുവുടമ', 'ചിത്രമാംസംസ്ക്കാരം', 'സമമാം സന്ദർഭം', 'സമ്പന്നമാം മാനവമഹത്വം' ഇങ്ങനെ ഒരു നവയുഗസൃഷ്ടിക്കു വേണ്ട ഘടകങ്ങളെല്ലാം ആ താരകളുടെ സംഭാഷണത്തിൽ ചേതോഹരമായി പൊന്തി വരുന്നതു നോക്കുക.

അമ്പിളിക്കല വാനിൻ
വക്കിൻപോൽ ചരിത്രത്തിൻ

തുമ്പിരാലക്തശ്രീയായ് തിളങ്ങുന്നുണ്ട്.... 'ശാന്തിതൻ വാഗ്ദാനമേ' എന്ന സംബോധന തികച്ചും ആലോചനാമൃതം തന്നെ. ഒടുവിൽ,

'പൂവുകൾ വിതറുവിനാത്മ ജീവിതത്തലാ
ബ്ഭാവുക പ്രദാതാവു
വരുമാ മാർഗ്ഗങ്ങളിൽ.....'

കവിഹൃദയം ആഹ്ലാദപ്ലാവിതമായി പാടുന്നതു സർവ്വ സുമനസ്സുകളെയും പുളകം കൊള്ളിക്കുന്നു. 'നായ്ക്കൻ അഴിമുഖത്ത്' എന്നീ കവിതകൾ ഏറെ ഹൃദയത്തെ ഉദ്ദീപ്തമാക്കുന്നു.

'പല്ലുമാത്രമുണ്ടൊട്ടാതെയാ മുഖ
ത്തെല്ലും തോലുമായ് നീണ്ടകയ്ത്തണ്ടകൾ...'
കാറ്റിനോടും പെരുമഴയോടുമൊ
ന്നേറ്റിടാനൊരു കീറയുണ്ടീറനായ്..
ആശഹൃത്തിലും തേജസ്സു കണ്ണിലും
ലേശമില്ലാതുഴലുകയാണയാളും.
ഈ വിധത്തിൽ പരുപരുപ്പാർന്നിടും
ജീവിതത്തിൻ പുറത്തുരഞ്ഞീടിലും
മാലുരുകിപ്പിടിച്ചു നീറുന്നൊരാ
ക്കോലുകത്തിജ്ജ്വലിക്കാത്തതത്ഭുതം....

ഭാവസ്ഫുരത്തായ ഒന്നാംതരമൊരു ചിത്രമാണിത്. ദേശസ്നേഹമുള്ള ഏതൊരു കേരളീ യന്റെയും കോൾമയിർക്കൊള്ളിക്കുന്ന ചിന്തകളും ഭാവനകളുമാണ് 'അഴിമുഖത്ത്' തിരതല്ലുന്നത്. മൂന്നുമുറിയായൊടിഞ്ഞു പട്ടിണിയിൽ കിടക്കുന്ന ഇന്നത്തെ കേരളവും ഒന്നായി നിന്നു മറുനാട്ടിലും പുകൾപെറ്റ അന്നത്തെ കേരളവും തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ട്.

''കാറ്റിനാൽ വെള്ളപ്പായ

പ്പള്ള വീർത്താർത്തോല്ലാസം
നീറ്റിലാഞ്ഞുലഞ്ഞാടി
ക്കളിക്കും പല കപ്പൽ
മുൻപുസാഗരജാത
വാണിജ്യശ്രീതൻ വെള്ള
ക്കൊമ്പനാനകൾപോലെ
കൂത്താടുമിടങ്ങളിൽ....
നാലഞ്ചുമീനിനായി
മുങ്ങിയും പലപ്പൊഴു
മാലസ്യത്തോടെ വെറും
വയറായ്പൊങ്ങിപ്പോരും
അങ്ങിങ്ങായ് ചില ചീന
വലതൻകോലം മാത്രം.
മങ്ങിനില്പതു കാണാം
പരുന്തിൻ മേൽനോട്ടത്തിൽ....''

എന്നിങ്ങനെ വർണ്ണിക്കുന്നതു വായിച്ചാൽ ആരുടെ ഹൃദയമാണു സ്തോഭഭരിത മായിപ്പോകാത്തതു? കുമാരനാശാന്റെ ജീവിതാന്ത്യകാലം ജി. ശങ്കരക്കുറുപ്പിന്റെ പ്രഭാതമായ് അഭിജ്ഞർ എണ്ണുന്നു. തുടർന്നുള്ള അരനൂറ്റാണ്ടിലേറെ കാലം, വള്ളത്തോളിന്റെ മരണശേഷം അതിന്റെ രണ്ടാം പാദത്തിൽ വിശേഷിച്ചും ജി. ജ്വലിച്ചു നിന്നു. സാഹിത്യകൗതുകങ്ങളുടെ കാലം കഴിഞ്ഞ് ഏതാണ്ട് രണ്ടു ദശകങ്ങൾക്കു ശേഷമാണ് വൈലോപ്പിള്ളി കന്നിക്കൊയ്ത്തു നടത്തുന്നത്. തുടർന്നുള്ള കാവ്യജീവിതത്തിൽ പെരുന്തച്ചനും, തച്ചന്റെ മകനും പരസ്പരം ഏറെ സ്വാധീനിച്ചിട്ടുണ്ട്. കാലത്തെ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ മുകളിൽ പറഞ്ഞ കവികളിലെല്ലാവരിലുമായി ശങ്കരക്കുറുപ്പ് നേരിട്ട് ബന്ധപ്പെട്ടിട്ടുണ്ട് എന്നു സൂചിപ്പിക്കാനാണ് ഇക്കാര്യം ഇവിടെ വ്യക്തമാക്കിയത്. ജി യുടെ മൃത്യുപാസന നിറഞ്ഞു നില്ക്കുന്ന കവിതകൾ പരിശോധിച്ചാൽ ഇവരിലാരുടെയെങ്കിലും രചനകളോ, ദർശനമോ അദ്ദേഹത്തെ സ്വാധീനിച്ചുവെന്ന് പറയുക വയ്യ. മറിച്ച് എല്ലാവരുടെയും ദർശനങ്ങങ്ങളുടെ ഒരു സപൃക്ത സങ്കീർണ്ണത അദ്ദേഹത്തിനുണ്ടു താനും. മനുഷ്യന്റെ മൃത്യുസങ്കല്പത്തിന് ആധാരശിലയായി ഭവിക്കുന്നത് കാലം തന്നെയാണ്.

'മൂത്തുപഴുത്തുകൊഴിയും ചിലഫല
മോർത്തിടും പൂവിൽ കൊഴിഞ്ഞുപോകും ചില
പത്രങ്ങളും പഴുത്താൽ കൊഴിയും ചില
വൃദ്ധീപതേ, തളിരും കൊഴിയും ചില
നീർപ്പോളപോലെ ശരീരങ്ങളിങ്ങനെ
വായ്പോടുകാണാം മറയുമുടനവ' എന്ന്

എഴുത്തച്ഛൻ പറയുന്നേടത്തും (സ്ത്രീപർവ്വം) മൃത്യുവിന്റെ കാലാനപേക്ഷതയ്ക്കും തെളിവു നിരത്തുകയാണു ചെയ്ക. ജി.യുടെ കവിതകളിൽ നല്ലൊരു വിഭാഗം കാലത്തെ അധികരിച്ചുള്ളവയാണെന്നും, ആ കവിതകൾ ആത്യന്തികമായി മൃത്യുവിൽ എത്തിച്ചേരുന്നു എന്നും കാലത്തെ വിഷയമാക്കിയ അദ്ദേഹത്തിന്റെ ആദ്യ കവിത ആശാന്റെ മരണത്തിനു മുൻപു തന്നെ പ്രസിദ്ധീകരിച്ചി രുന്നു. ഇരുപതുകളിൽ തന്നെ (ഇരുപതാം നൂറ്റാണ്ട്) ജി. ക്കും ഏതാണ്ട് പ്രായമെന്നാ ണല്ലോ ജി. യെ കാലമെന്ന പ്രതിഭാസം മഥിച്ചു തുടങ്ങിയിരിക്കുന്നു എന്നു സാരം. എന്തിനേയും സമാഹരിച്ചു മുന്നേറുന്ന കാലത്തിനു മുന്നിൽ നിരാലംബനായി അന്നു തന്നെ എത്തിപ്പെട്ട കവി തന്റെ ജീവിതാന്ത്യത്തോളം ആ നില തുടർന്നെന്നു പറയാം.

'കാലമേ ദയാഹീനമാകിയ ഭവദീയ
ലീലമേ വളർത്തുന്നു വിസ്മയം, ഭയം,
ശോകം....'

എന്നു കവി, ആക്രന്ദനം ചെയ്തു പോകുന്നു. കാലത്തെ കളകുണ്ഡലിയായി കല്പിച്ച് 1938 ൽ എഴുതിയ കവിതയിലും ഇതേ വികാരം തന്നെയാണ് കവി വച്ചു പുലർത്തുന്നത്. പ്രകൃതി പ്രതിഭാസങ്ങൾക്കു മുന്നിൽ വിസ്മയസ്തബ്ധനായ ചിന്താശീലനായ മർത്ത്യൻ എന്നതിൽ കവിഞ്ഞ് ദാർശനികതയുടേതായ ഒന്നും ഇതിൽ കാണാനില്ല. എന്നാൽ 1941 ലെഴുതിയ സാഗരസംഗീതത്തിൽ ഇതിൽ നിന്നു വ്യത്യസ്തമായ ഒരു ദർശനമുണ്ട്.

'ജീവിതം ഗാനം
കാലം താളമാത്മാവിൻനാനാ
ഭാവമോരോരോ രംഗം
വിശ്വമണ്ഡലം ലയം......'

എന്ന വരികളിൽ പ്രപഞ്ചം, കാലം, ജീവിതം ഇവയെ സമന്വയിപ്പിക്കാനുള്ള ശ്രമമുണ്ട്. എന്നാൽ ജീവിതപ്പൂവിലെ തേൻ നുകർന്നു പാറിപ്പോകുന്ന കൊച്ചു നിമിഷത്തെക്കുറിച്ച് എഴുതുമ്പോഴും (നിമിഷം 49) കാലത്തിന്റെ സംഹാരത്മകത വിടർന്ന കണ്ണുകൊണ്ട് കാണുമ്പോൾ തന്നെ.

'ജീവിതത്തിൽ പഴമ്പൂക്കൾ കൊഴിഞ്ഞാലെ
ന്നീവിധമുള്ള ചിറകടിയിൽ ?
നൂറുനൂറായിരമല്ല പരിണാമ
നൂതന ഭംഗികൾ മൊട്ടിടുന്നു,

അംബരമദ്ധ്യം തിളങ്ങുന്നൊരാദിത്യ
ബിംബവും കെട്ടുപോകാമെങ്കിലാട്ടെ
അക്കരിയൂതിപ്പിടിപ്പിച്ചു മറ്റൊരു
തീക്കട്ടയുണ്ടാക്കും സർഗ്ഗശക്തി!'

എന്നു നമ്മെ പുതിയൊരു തലത്തിലെത്തിക്കുന്ന കവി അതോടൊപ്പം

പോവുക നീ
'ഞാനടക്കീടുമെൻ നീർത്തുള്ളി വീണീ
നൽച്ചിറകു കുഴയും മുൻപേ....'
എന്ന പ്രലപനവും

വിസ്മരിച്ചുകൂടാ. സ്ഥലകാലസമ്മിളിതം എന്ന ആധുനികഭൗതിക ജ്ഞാനത്തോളം വ്യഖ്യാനിച്ചെത്താനുള്ള സാദ്ധ്യത ജി.യുടെ, വിശ്വദർശനം (1960) നമുക്കു തരുന്നുണ്ട്. ദർശന പരതയുടെ ആഴക്കടലെന്ന വിശേഷണമുള്ള ജി. യുടെ ഈ കവിത ഏറ്റവും മികച്ച സൃഷ്ടി എന്നു നിസ്സംശയം പറയാം.

'ഞാനഹങ്കാരത്തോടെ കൈയ്യിലേന്തിയതാണീ
പ്പേന വയ്ക്കട്ടെ താഴെ കുനിഞ്ഞു വിറപൂണ്ടും'

എന്ന് കമ്പിതചിന്തയിലേക്കു നമ്മെ നയിക്കുന്നു. പേലവമസൃണമായ അനേകം പ്രേമകവിതകൾ ജി.യുടേതായിട്ടുണ്ട്. മിസ്റ്റിക് കവിതകളെന്നു വിളിക്കപ്പെടുന്ന പലതും പ്രണയകവിതകളുടെ ശ്രേണിയിലുള്ളവയാണ്. മൃത്യുവിന്റെ പരിവേഷത്തോടെ പരിലസിക്കുന്ന പ്രണയകവിതകൾ വല്ലാതെ സഹൃദയമാനസങ്ങളെ ഹർഷവിഹ്വലരാക്കുന്നു.

പ്രേമമഹാ ജൈത്രയാത്രയും നില്ക്കണം
പ്രേതപ്പറമ്പിൽ, മൃതിരാജ്യസീമയിൽ!

എന്നുറപ്പിക്കുന്ന ജി. തന്റെ ഉത്കൃഷ്ടപ്രേമകവനങ്ങളിൽ കൂടിയും (ഭൂമിഗീതം, കളിത്തോഴി, സൂര്യകാന്തി, ആമരം തുടങ്ങിയവ) ജീവിതത്തിന്റെ ആലേകികാസക്തിയെക്കാളേറെ മരണത്തിന്റെ അജയ്യത പ്രഖ്യാപിക്കുകയായിരുന്നു. മൃതിയെക്കുറിച്ച് ജി. എണ്ണമറ്റ കവിതകളെഴുതിയിട്ടുണ്ട്. 'അമ്മയെവിടെ', 'ഉണരുണരൂ', 'ജീവിതം സ്വപ്നം', 'ഒരു സ്മരണ', 'ശ്മശാനത്തിൽ', 'ആ മരം', 'എന്റെ വേളി', 'ഇന്നു ഞാൻ നാളെ നീ,' 'ശവപ്പെട്ടി', 'ചിത്തലേഖം', 'മാവിനെന്തിനീ മാർഗ്ഗം', 'മറ്റൊരു നചികേതസ്', 'രാജാവു പോകുമ്പോൾ', എന്നിവ പ്രധാനപ്പെട്ടവയാണ്. ഇവയിൽ ഏറ്റവും വിഖ്യാതങ്ങളായ രണ്ടു കൃതികളാണ് 'എന്റെ വേളിയും, ഇന്നു ഞാൻ നാളെ നീയും.' ജീവിതത്തിന്റെ ശാശ്വതികത്വത്തിനാധാരമായ മംഗളമുഹൂർത്തത്തെ മരണമുഹൂർത്തമായി കൂടി അഭിദർശിക്കുന്ന 'എന്റെ വേളി' ജി.യുടെ മനസിലെ ചിരപ്രരൂഢമായ മൃത്യുബോധം എടുത്തു കാട്ടാൻ പോന്നവയാണ്.

മരിക്കുകയില്ലീ പിറന്നുപോമോരോ

നിമിഷവും നമ്മൾ.....എന്നു ജനിമൃതികളെന്ന വൈരുദ്ധ്യത്തിന്റെ സംപൃക്തത മറ്റൊരിടത്ത് എടുത്തു പറഞ്ഞിട്ടുണ്ട്. 1933 ൽ പ്രസിദ്ധീകരിച്ച സൂര്യകാന്തിയിലും മൃത്യുവാഞ്ഛ സ്വച്ഛസ്ഫടിക സൗന്ദര്യമായി നിറഞ്ഞു നില്ക്കുന്നു.

ആരുനീയനുജത്തീ
നിർന്നിമേഷമായെന്തെൻ

തേരുപോകവെ നേരെ നോക്കിനിൽക്കുന്നു ദൂരെ.....

എന്നു സൂര്യൻ ചോദിച്ചു തുടങ്ങുന്നിടത്തു നിന്നു കവിതയുത്ഭവിക്കുന്നു.... ഒടുവിൽ നിഷ്കളങ്കപുഷ്പം തെക്കൻ കാറ്റടിച്ചടർന്നിളമേൽ കിടന്നു വിലപിക്കുമ്പോൾ അഥവാ ഓരോന്നോതി സമാധാനിക്കുമ്പോൾ കവിത ഒരു ചിത്രശലഭമെന്ന കണക്കെ സുമനസ്സുകളിലേക്കു പറന്നു പറന്നു പോയിക്കൊണ്ടേയിരിക്കുന്നു.

എങ്കിലും, കവിത ഒഴുകുകയാണ്....നദി അവകാശപ്പെടും പോലെ ഒടുവിൽ.

Men nay come and men may go;
But I go on forever.........

എന്നു ആംഗലേയ കവി പറഞ്ഞപോലെ. എക്കാലത്തും കവികളുണ്ടാകും കവിതകളും പക്ഷെ... എന്തേ ചിലരെ മാത്രം... ഓർമ്മയുടെ ഉള്ളടരുകളിൽ നാമിപ്പോഴും ചില്ലിട്ടു സൂക്ഷിക്കുന്നു. പാതിരാവു കഴിഞ്ഞ ഒരു രാത്രി സത്രത്തിൽ ഒരു കപ്പ് ചായ കുടിക്കാനിറങ്ങിയ ഒരു ദീർഘദൂരയാത്രക്കാരനെ അടുത്തുള്ള മേശയുടെ ചാരെയിരുന്ന് ഉറ്റുനോക്കി ഒരു വൃദ്ധൻ തന്നെയും കൂടെ കൂട്ടുമോ എന്നു ചോദിച്ചു. എന്തേയിത്രയും നേരം കാത്തിരുന്നുവെന്നും തനിക്കു മുൻപ് ആരും ഇതുവഴി വന്നില്ലേയെന്നും സൗമ്യമായി അയാൾ തിരക്കി. വൃദ്ധൻ പറഞ്ഞു, ഏതാണ്ട് ഡസനോളം പേർ. എന്നാൽ അവരോടൊന്നും ചോദിക്കാൻ എനിക്കു ധൈര്യം വന്നില്ല. എന്നാൽ നിങ്ങളുടെ കണ്ണുകൾക്ക് എന്തോ പ്രത്യേകതയുണ്ട്. മറ്റുള്ളവരിൽ നിന്നു വേർതിരിക്കുന്ന സ്വർഗ്ഗത്തിന്റെയും അനുഭാവത്തിന്റെയും ഒരു തിരിവെട്ടം... ചില മിഴികൾ എത്രകാലം കഴിഞ്ഞാലും നമ്മളോർക്കുന്നത് അതുകൊണ്ടാണ്. സജലവും ദീപ്തവുമായ മിഴികൾ......ശരീരമെന്ന ക്ഷേത്രത്തിനു വെളിയിൽ കൊളുത്തി വച്ച കെടാവിളക്കുകൾ ആ മിഴിവിളക്കുകളെയോർത്ത് കരം കൂപ്പിയും കൺനിറഞ്ഞുംകവേ, ഇവിടെയിങ്ങനെ ഈയുള്ളവൻ.... ●

ഋഷികവികളെക്കുറിച്ച്

സാഹിത്യരംഗത്തിൽ പുതിയ പരമ്പര തുടങ്ങുന്നു. പ്രശസ്ത സാഹിത്യകാരി ശ്രീമതി. ശ്രീകുമാരി രാമചന്ദ്രൻ കരയോഗ സൗഹൃദം ഈ ലക്കം മുതൽ ഭാരതത്തിലെ ഋഷികവികളെക്കുറിച്ച് എഴുതുന്നു. ഈ ലേഖന പരമ്പര വായനക്കാർക്ക് വിജ്ഞാനപ്രദമായ വായനാനുഭവമായിരിക്കും നല്കുക.

*എഡിറ്റർ*

# ഭാരതത്തിലെ ഋഷികവികൾ



ശ്രീകുമാരി രാമചന്ദ്രൻ

വിഭിന്നങ്ങളായ, വിചിത്രങ്ങളായ ഒട്ടേറെ സംസ്കാരങ്ങളുടെ ഉദയത്തിനും അസ്തമയത്തിനും ഈ ലോകം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഭാരതീയ സംസ്കാരത്തിനു പുറമെ മെസൊപ്പൊട്ടേമിയൻ, ഈജിപ്ഷ്യൻ, ചൈനീസ്, ഗ്രീക്ക്, റോമൻ, അമേരിക്കൻ തുടങ്ങിയ സംസ്കാരങ്ങളെല്ലാം തന്നെ ക്രിസ്തുവിനുമുമ്പ് പുഷ്കലമായി നിലനിന്നിരുന്നെങ്കിലും ഇന്ന് ഇവയിൽപ്പലതും പുസ്തകത്താളുകളിൽ മാത്രം അവശേഷിക്കുന്നു എന്നതാണു സത്യം. എന്നാൽ ലോകജനതയെ വിസ്മയിപ്പിച്ചുകൊണ്ട് ഇന്നും കെടാവിളക്കായി ശോഭിച്ചുനിൽക്കുന്നു ഭാരതീയ സംസ്കാരം ! ശക്തമായ ഈ അതിജീവനത്തിന് ഊർജ്ജം പകരുന്നത് പൂർവ്വികർ നേടിയ പുണ്യമോ, ആചാര്യന്മാർ വർഷിക്കുന്ന അനുഗ്രഹമോ തന്നെയാകണം ! ലോകാരാദ്ധ്യരായ പല ഗുരുക്കൻമാരുടെയും ചിന്തകന്മാരുടെയും യതിവര്യൻമാരുടെയും ആവാസഭൂമി എന്നു പേരുകേട്ട ഭാരതം ഇന്നും വിദേശികളെ ഒരു കാന്തം പോലെ ആകർഷിക്കുന്നു. ഈ വേദഭൂമിയിലെ ഋഷി പാരമ്പര്യം, ഗുരുശിഷ്യ പാരമ്പര്യം, ക്ഷേത്രാചാരങ്ങൾ, ജനസമൂഹങ്ങൾ, ജീവിതചര്യകൾ, കലകൾ തുടങ്ങി പലതും വിദേശികളിൽ കൗതുകവും താൽപര്യവുമുണർത്തുന്നു. ഭാരതീയ ദർശനങ്ങളെ സ്വാംശീകരിക്കാൻ വെമ്പൽകാട്ടുന്ന വിദേശികളുടെ എണ്ണം അനുദിനം ഏറിയേറി വരികയാണ്. നമ്മുടെ സുകുമാരകലകളും തത്വശാസ്ത്രവും തച്ചുശാസ്ത്രവും മറ്റും വിദേശരാജ്യങ്ങളിൽ ജനസമ്മതി നേടിയിട്ടു കാലം കുറെയായി.

വേദവും, വേദാന്തവും ശാസ്ത്രവും ഐതിഹ്യവും കലകളും ഇതിഹാസവും അന്തർലീനമായിരിക്കുന്ന മഹാസമുദ്രം കടഞ്ഞെടുത്ത തിരുമധുരം എന്ന് ഭാരതീയ സംസ്കാരത്തെ വിശേഷിപ്പിയ്ക്കാം. ഈ മഹദ്സംസ്കാരത്തിന്റെ ചൈതന്യം നിതാന്തമായി നിലനിർത്താൻ യജ്ഞിച്ച മനീഷികളോട് നാം എന്നെന്നും കടപ്പെട്ടിരിക്കേണ്ടതുണ്ട്. അവർ കൊളുത്തിവെച്ച ദീപശിഖ അണയാതെ സംരക്ഷിച്ച് ഭദ്രമായി നമ്മിലേക്കെത്തിച്ച മഹാനുഭാവന്മാരെ നാം എന്നെന്നും സ്മരിക്കേണ്ടതുണ്ട്.

സ്വന്തം പൈതൃകത്തെക്കുറിച്ച് അജ്ഞനായ ഒരാളുടെ വ്യക്തിത്വത്തെ വരൾച്ച മുരടിച്ച വൃക്ഷത്തോടു മാത്രമേ ഉപമിക്കാനാവൂ. മാതൃരാജ്യത്തിന്റെ ചരിത്രവും അതോടു ഇഴചേർന്നു കിടക്കുന്ന ഐതിഹ്യങ്ങളും ഇതിഹാസകഥകളും അറിഞ്ഞും ഉൾക്കൊണ്ടും വളരുമ്പോൾ നാമറിയാതെ നമ്മിൽ വന്നു നിറയുന്ന ഊർജ്ജമാണ് ദേശാഭിമാനം! പൈതൃകത്തെ അറിഞ്ഞു വളരുന്ന ഒരാൾക്കും സ്വന്തം മാതാവിനെയോ, മാതൃഭാഷയെയോ, മാതൃരാജ്യത്തെയോ തള്ളിപ്പറയാനാവില്ല.

സ്വന്തം ചരിത്രത്തെക്കുറിച്ചുള്ള അന്വേഷണം തുടരുന്നിടത്തോളം കാലം, പരമ്പരയായി കൈമാറി വന്ന ഐതിഹ്യങ്ങളെ താലോലിക്കുന്നിടത്തോളം കാലം, പൂർവ്വേതിഹാസത്തെ ചൊല്ലി അഭിമാനിക്കുന്നിടത്തോളം കാലം ഒരു രാജ്യത്തിനും മരണം സംഭവിക്കില്ല. സ്വന്തം വേരുകളെ തിരിച്ചറിയുന്ന ഒരു ജനതക്കും മൂല്യച്യുതി സംഭവിക്കില്ല. പൈതൃകത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചും അവബോധമുള്ളിടത്ത് അനീതിക്കും അധർമ്മത്തിനും സ്ത്രീധ്വംസനത്തിനും ബാലപീഡനത്തിനും സ്ഥാനമുണ്ടാവില്ല.

പുരാണവും ചരിത്രവും ഐതിഹ്യവുമൊക്കെ വായിച്ചുൾക്കൊണ്ട് അതിൽ നിന്നുള്ള ഊർജ്ജം സാധകമാക്കി വളരുന്ന ശക്തമായൊരു തലമു

റയുണ്ടാവണം നമുക്ക്. അപ്പോൾ ഇന്നു സമൂഹത്തിനു കളങ്കം ചാർത്തുന്ന സാംസ്കാരികച്യുതിക്ക് താനേ അറുതിയുണ്ടാവും.

## ഗൗതമബുദ്ധനും ബുദ്ധമതവും

ബി.സി. ആറാംനൂറ്റാണ്ട് ലോക ചരിത്രത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമായ ഒരു കാലഘട്ടമാണ്. പുത്തൻചിന്തകളും നൂതനമായ സിദ്ധാന്തങ്ങളും ഉദയംകൊണ്ടത് ഈ ശതാബ്ദത്തിലാണ്. ബുദ്ധമതത്തിന്റെ ആവിർഭാവമുണ്ടായതും ഇക്കാലത്തു തന്നെ! അതിന്റെ പ്രണേതാവായ ഗൗതമബുദ്ധൻ ജൈനമത പ്രവാചകനായ മഹാവീരന്റെ കനിഷ്ഠസമകാലികനായിരുന്നു. പക്ഷേ അവർ തമ്മിൽ ഒരിയ്ക്കലെങ്കിലും കണ്ടുമുട്ടിയതായി ജൈനമതക്കാരുടെ അർദ്ധമാഗധി ഗ്രന്ഥങ്ങളിലോ ബുദ്ധമതക്കാരുടെ പാലീഗ്രന്ഥങ്ങളിലോ പരാമർശിച്ചു കാണുന്നില്ല. പക്ഷേ ജൈനമതവും ബുദ്ധമതവും ബി.സി. ആറുമുതൽ ഏകദേശം ആയിരത്തോളം വർഷങ്ങൾ ഭാരതത്തിൽ പ്രചാരത്തിലുണ്ടായിരുന്നു.

ഭാരതീയരെ സംബന്ധിച്ചിടത്തോളം ശ്രീബുദ്ധൻ അവതാരപുരുഷനാണ്. അദ്ദേഹത്തിന്റെ ജനനത്തെക്കുറിച്ച് രസകരമായ ഒരു കഥയുണ്ട്. കപിലവസ്തുവിലെ രാജദമ്പതികളായ ശുദ്ധോദനനും മായാദേവിയും ധാർമ്മികമായ ജീവിതം നയിച്ചു പോന്നു. പ്രജകൾക്ക് അവർ മാതൃകാ ദമ്പതികളായിരുന്നു. ഒരിയ്ക്കൽ രാജ്യത്ത് ആറുനാൾ നീണ്ടുനിൽക്കുന്ന പൗർണ്ണമി ഉത്സവത്തിനു കൊടിയേറി. പ്രജകൾക്കൊപ്പം രാജ്ഞിയും ആഘോഷങ്ങളിൽ പങ്കുചേർന്നു. പ്രഭാതസ്നാനത്തിനുശേഷം അവർ ദാനകർമ്മവും ചെയ്തു, അന്നുരാത്രി നിദ്രയിൽ അവർ അതിദിവ്യനായ ഒരു ശിശുവിനെ സ്വപ്നം കണ്ടു. പിറ്റേന്നു രാവിലെ അവർ രാജാവിനോട് തനിയ്ക്കു സ്വപ്നദർശനമുണ്ടായ കാര്യം പറഞ്ഞു. ഉടൻ തന്നെ രാജൻ പണ്ഡിതന്മാരെ വിളിച്ചു വരുത്തുകയും റാണി കണ്ട സ്വപ്നത്തെ വ്യാഖ്യാനം ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്തു. 'മഹാരാജൻ ! ആശങ്കവേണ്ട ! അങ്ങേക്കൊരു പുത്രൻ പിറക്കാൻ പോകുന്നു എന്നതാണ് സ്വപ്നഫലം! സംസാര ജീവിതമാണ് അവൻ നയിക്കുന്നതെങ്കിൽ ആ കുഞ്ഞ് പ്രപഞ്ചത്തിന്റെ ചക്രവർത്തിയാകും! ലൗകിക ജീവിതം വെടിഞ്ഞാൽ ആ കുഞ്ഞ് ഒരു ബുദ്ധനാകും ! ഈ ലോകത്തിന്റെ ബുദ്ധിശൂന്യതയും അജ്ഞതയുടെ കരിനിഴലും അകറ്റും!' പണ്ഡിതന്മാർ സ്വപ്നത്തെ വ്യാഖ്യാനം ചെയ്തു. സംപ്രീതനായ രാജാവ് അവർക്കു ധാരാളം പാരിതോഷികങ്ങൾ നൽകി യാത്രയാക്കി.

താമസിയാതെ മഹാറാണി ഗർഭം ധരിച്ചു. മാസങ്ങൾ കഴിഞ്ഞു. ഒരുനാൾ അവർക്ക് ദേവദേവദാഹനഗരത്തിലുള്ള മാതൃനഗരത്തിൽ ചെന്ന് ബന്ധുജനങ്ങളെ സന്ദർശിയ്ക്കാനുള്ള ആഗ്രഹമുണ്ടായി. ഗർഭിണിയായ പത്നിയുടെ സഞ്ചാരസുഖത്തിനായി രാജാവ് തയ്യാറെടുപ്പുകൾ ചെയ്തു. കപിലവസ്തു മുതൽ ദേവദാഹനഗരം വരെയുള്ള പാത സമനിരപ്പാക്കി. രാജ്ഞിയെ സ്വർണ്ണപ്പല്ലക്കിലിരുത്തി പരിചാരകർ പല്ലക്കു വഹിച്ചു. ആയിരം ദാസിമാർ അകമ്പടി സേവിച്ചു. രാജകീയ ഘോഷയാത്ര ദേവദാഹനഗരത്തെ ലക്ഷ്യമിട്ടു നീങ്ങി. മാർഗമദ്ധ്യേ ശാലവൃക്ഷങ്ങളുടെ ഒരു തോട്ടമുണ്ടായിരുന്നു. അതിന്റെ സൗന്ദര്യം റാണിയെ വശീകരിച്ചു. അവർ അല്പം നേരം ലുംബിനി എന്നു പേരായ ഈ ശാലവൃക്ഷോദ്യാനത്തിൽ വിശ്രമിയ്ക്കാനുറച്ചു. കൽപനപ്രകാരം പരിചാരകർ ഉദ്യാനത്തിനകത്തേക്കു പ്രവേശിച്ചു. പല്ലക്കിൽ നിന്നിറങ്ങിയ റാണി ഗർഭക്ലേശങ്ങളെ വകവെക്കാതെ വൃക്ഷങ്ങൾക്കിടയിൽ ചുറ്റിനടന്നു. ഉദ്യാനത്തിന്റെ മദ്ധ്യഭാഗത്തെത്തിയപ്പോൾ അവിടെ വേരുറപ്പിച്ചു നിന്ന ഒരു ശാലവൃക്ഷം അവരുടെ ശ്രദ്ധയാകർഷിച്ചു. റാണി മെല്ലെ അതിന്റെ ശാഖയിലൊന്നു സ്പർശിച്ചു. ദൈവികമായൊരു സ്പർശനമേറ്റതിൻ വണ്ണം ശാലവൃക്ഷക്കൊമ്പ് അവരുടെ കൈകളിലേക്കു ചാഞ്ഞു. അങ്ങനെ നിൽക്കവേ റാണിക്കു പ്രസവവേദനയുണ്ടായി. ഉടൻ തന്നെ പരിചാരികമാർ തിരശ്ശീലയുയർത്തി സ്വാമിനിയ്ക്കു ചുറ്റും മറയൊരുക്കി. ശാലവൃക്ഷക്കൊമ്പിൽ പിടിച്ചു നിന്നുകൊണ്ടു തന്നെ മായാദേവി തേജോമയനായ ഒരാൺകുഞ്ഞിനു ജന്മം നൽകി. ഇതാണ് ബുദ്ധന്റെ ജനനത്തെക്കുറിച്ചുള്ള ഐതിഹ്യം.

മായാദേവി നവജാതശിശുവിനെയും കൊണ്ട് കപിലവസ്തുവിലെ കൊട്ടാരത്തിലെത്തി. തികച്ചും ശയ്യാവലംബിയായ റാണി ഏഴാംനാൾ മൃതിയടഞ്ഞു. റാണിയുടെ സഹോദരിയായ പ്രജാപതി (ഗോതമി എന്നും പേർ പറഞ്ഞു കാണുന്നു) കുഞ്ഞിന്റെ വളർത്തമ്മയായി. വൈകാതെ ശുദ്ധോദനമഹാരാജൻ അവരെ വിവാഹം ചെയ്തു. പെറ്റമ്മയുടെ വാൽസല്യം നൽകി ഗോതമി കുമാരനെ വളർത്തി. ഗൗതമൻ എന്നു കുമാരനു പേർ നല്കിയതും ഇളയമ്മ തന്നെ! ബോധിസത്വൻ എന്നൊരു പേരിലും കുമാരൻ അറിയപ്പെട്ടിരുന്നു. ചില ഥേരീഗാഥകൾ അദ്ദേഹത്തെ സിദ്ധാർത്ഥനെന്നും സർവ്വാർത്ഥ സിദ്ധനെന്നും സംബോധന ചെയ്യുന്നു.

പണ്ഡിതന്മാരുടെ പ്രവചനമനുസരിച്ച് തന്റെ പുത്രൻ പരിവ്രാജകനായേക്കുമോ എന്നു ഭയന്ന

രാജൻ അവർ നൽകിയ മുന്നറിയിപ്പുകളെക്കുറിച്ചോർത്തു. ക്ഷീണിതനായ വൃദ്ധനെയും രോഗിയെയും മൃതശരീരത്തെയും പിന്നെ യോഗിയെയും കാണാനിടവന്നാൽ കുമാരന്റെ മനസ്സു തകരും, അതോടെ ലൗകിക ജീവിതത്തോടു കുമാരൻ വിടപറയുകയും ചെയ്യും ! പണ്ഡിതന്മാരുടെ വാക്കുകൾ രാജന്റെ ചെവിയിൽ മുഴങ്ങി. അദ്ദേഹം, രാജകുമാരൻ ഇത്തരം കാഴ്ചകൾ കാണാതിരിയ്ക്കാൻ വേണ്ട മുൻകരുതലുകളെടുത്തു. ലുംബിനിയിലെ ശാലവൃക്ഷങ്ങൾ പലകുറി ഇലപൊഴിച്ചു.

ഗൗതമകുമാരന് എട്ടു വയസു തികഞ്ഞു ഇതിനോടകം കുട്ടിയുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയായിക്കഴിഞ്ഞിരുന്നു. അതിനാൽ പുത്രനെ സാഹിത്യവും ആയോധനകലയും പഠിപ്പിക്കാൻ രാജാവ് ഏർപ്പാടുകൾ ചെയ്തു. സന്തോഷം നിറഞ്ഞ നാളുകൾക്കിടയിൽ ഒരു സുപ്രഭാതം! അതുവരെ കൊട്ടാരത്തിനപ്പുറത്തുള്ള ലോകത്തെക്കുറിച്ച് അജ്ഞനായിരുന്നു കുമാരൻ. പുറംലോകം കാണുക എന്ന ഉദ്ദേശത്തോടെ പിതാവിനൊപ്പം ഒരു തേരിൽ കയറി പുറത്തേക്കിറങ്ങി. കാഴ്ചകൾ ആസ്വദിച്ചു കൊണ്ടു നീങ്ങവേ ഗൗതമരാജകുമാരൻ ഒരു പക്ഷിയെ കണ്ടു. അതിന്റെ ചുണ്ടിൽ മരണവെപ്രാളത്തോടെ കിടന്നു പിടയുന്ന ഒരു പുഴുവിനെയും ! ദാരുണമായ ഈ കാഴ്ച കുമാരന്റെ പിഞ്ചു മനസിൽ പോറൽ വീഴ്ത്തി. പിന്നീട് അതുമാത്രമായി ചിന്ത! ഊണിലും ഉറക്കത്തിലും താൽപര്യം കുറഞ്ഞു. സദാ ഏകനായി മാറിയിരിയ്ക്കുന്ന ശീലം രാജനെ ദു:ഖിതനാക്കി. നാലോ അഞ്ചോ വേനലുകൾ കഴിഞ്ഞിട്ടും ഗൗതമന്റെ രീതികൾക്ക് ഒരു മാറ്റവുമുണ്ടായില്ല. പുത്രന്റെ വിഷാദമകറ്റാൻ വിവാഹമാണ് രാജാവു കണ്ട പ്രതിവിധി. അങ്ങനെ പത്തൊമ്പതാമത്തെ വയസ്സിൽ ഗൗതമരാജകുമാരൻ യശോധരാകുമാരിയെ പാണിഗ്രഹണം ചെയ്തു. മായാദേവിയുടെ സഹോദരനായിരുന്ന ശുപ്രബുദ്ധന്റെ പുത്രിയായിരുന്നു യശോധര.

നൃത്തസംഗീതോല്ലാസങ്ങളിൽ തൽപരയായിരുന്നു കുമാരി. അവൾ ഭർത്താവുമൊത്ത് വസന്തോദ്യാനം, ശരൽക്കാലോദ്യാനം, ശിശിരോദ്യാനം തുടങ്ങിയ ക്രീഡാനികുഞ്ജങ്ങളിൽ മാറി മാറി താമസിച്ചു. നൃത്തത്തിലോ സംഗീതത്തിലോ താൽപര്യം കാട്ടാഞ്ഞ ഗൗതമൻ അപ്പോഴും വിഷാദവാനായി കാണപ്പെട്ടു. നരജന്മത്തിന്റെ പൊരുൾ തേടുന്ന ആ മനസിൽ ആഹ്ലാദത്തിന്റെ കണികപോലുമുണ്ടായിരുന്നില്ല. ഇടക്കിടെ സാരഥിക്കൊപ്പം അദ്ദേഹം രഥയാത്രയിലേർപ്പെട്ടു. ഈ യാത്രകൾക്കിടയിൽ ഹൃദയത്തെ വ്രണപ്പെടുത്തുന്ന പല കാഴ്ചകളും കണ്ടു. ഒരിക്കൽ ജരാനരകളാൽ അവശനായ ഒരു പടുവൃദ്ധനെയും മറ്റൊരിക്കൽ ഒരു രോഗിയെയും പിന്നീടൊരവസരത്തിൽ ഒരു ജഡത്തെയും കണ്ട കുമാരൻ ആകെ തകർന്നു. ഒടുവിൽ കാഷായവും ദണ്ഡുമണിഞ്ഞ ഒരു യോഗിയെ കൂടി കണ്ടതോടെ ഇനി യാതൊന്നും കാണേണ്ടന്നായി. പണ്ഡിതൻമാർ നൽകിയ മുൻസൂചന വൃഥാവിലായില്ല. ഗൗതമൻ വിരക്തനായിത്തീർന്നു, തുടർന്ന് ആത്മാന്വേഷണത്തിലേർപ്പെട്ട കുമാരൻ ഒരു യന്ത്രം കണക്കെ ജീവിച്ചു പോന്നു. ഗൗതമന് ഇരുപത്തൊമ്പതു വയസ്സുള്ളപ്പോൾ യശോധര ഗർഭിണിയായി. പത്താംമാസം അവൾ രാഹുലനു ജന്മമേകി. അപ്പോഴും ഭർത്താവിന്റെ മാനസിക സംഘർഷത്തെക്കുറിച്ച് അവൾ അജ്ഞയായിരുന്നു. ഏക പുത്രനെ താലോലിച്ചും വളർത്തിയും യശോധര മാതൃത്വത്തിന്റെ ആഹ്ലാദമനുഭവിച്ചു. കൊട്ടാരത്തിൽ രാഹുലന്റെ ഒന്നാംപിറന്നാളാഘോഷങ്ങൾക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. അതിനിടെ ഒരു രാത്രിയിൽ ഗൗതമൻ ആരോടും പറയാതെ കൊട്ടാരം വിട്ടിറങ്ങി. ഇരുട്ടിലൂടെയുള്ള യാത്രയിൽ വിശ്വസ്ത സേവകനായ ചന്നയും കന്ദകൻ എന്ന കുതിരയും കുമാരനെ അനുഗമിച്ചു. നദിക്കരയെത്തിയപ്പോഴേക്കും അർദ്ധരാത്രി കഴിഞ്ഞിരുന്നു. ഗൗതമകുമാരനെ നദികടത്തിവിട്ടശേഷം ചന്ന കുതിരക്കൊപ്പം കണ്ണീരോടെ മടങ്ങി.

മറുകരയെത്തിയ ഗൗതമൻ തല മുണ്ഡനം ചെയ്തു. കയ്യിൽ ഒരു ഭിക്ഷാപാത്രമെടുത്തു. സുഖസമൃദ്ധിയിൽ കഴിച്ചുകൂട്ടിയ കാലത്തെക്കുറിച്ച് ഓർക്കുകപോലും ചെയ്യാതെ ഭിക്ഷാടന ജീവിതം നയിക്കാനായി അദ്ദേഹം യാത്ര തുടങ്ങി.

താപസിയായ ഭഗവാന്റെ ആശ്രമത്തിലാണ് ആദ്യം കയറി ചെന്നത്. അവിടെ നിന്നും പുറപ്പെട്ട് അലാരാകലാവൻ, ഉദാരാക രാമപുത്തൻ എന്നിവരെയും സമീപിച്ചു. അവരുടെ തപശ്ചര്യകൾ വീക്ഷിച്ചുകൊണ്ട് അൽപനാൾ കഴിഞ്ഞു. അവരുടേതിനേക്കാൾ തീവ്രമായ ഒരു തപോനിഷ്ഠയിലൂടെ മാത്രമേ തനിക്കു ബോധോദയം ലഭിക്കൂ എന്നു മനസ്സിലാക്കിയ ഗൗതമൻ നേരെ വനാന്തരത്തിലേക്കു തിരിച്ചു. സ്വച്ഛന്ദസുന്ദരമായ അന്തരീക്ഷത്തിൽ ആറുവർഷക്കാലം തപസ്സനുഷ്ഠിച്ചു.

ഒരു വൈശാഖ പൗർണമിനാൾ! സുജാത എന്നു പേരായ ഒരു കന്യകയിൽ നിന്ന് ഭിക്ഷ സ്വീകരിച്ചശേഷം ഗൗതമൻ നൈരഞ്ജന നദിയിലേക്കു സ്നാനത്തിനായി ചെന്നു. നദിയിൽ മുങ്ങിക്കുളിച്ചു കയറിയ ഉടൻ തീരത്തു വേരുറപ്പിച്ചുനിന്ന ഒരു ആൽമരത്തിന്റെ ചുവട്ടിൽ ധ്യാനനിരതനായി ഇരുന്നു. രാത്രിയിൽ ആകാശത്ത് പൂർണ്ണചന്ദ്രൻ ഉദിച്ചു.

ആലും പരിസരവും ചന്ദ്രികയിലാറാടി. രാവിന്റെ അന്ത്യയാമത്തിൽ, ബ്രാഹ്മമുഹൂർത്തം കണ്ണു തുറന്ന നിമിഷം ഗൗതമന് തത്വബോധമുദിച്ചു. അത്രയും നാൾ ബോധിസത്വനായിരുന്ന ഗൗതമൻ അന്നുമുതൽ ഗൗതമബുദ്ധനായി. തത്വബോധമുളവായതിനെ തുടർന്ന് ബുദ്ധഭഗവാൻ ഏഴു ദിവസം ആ ബോധി വൃക്ഷച്ചുവട്ടിൽത്തന്നെ താമസിച്ച് വിമുക്തിസുഖം ആസ്വദിച്ചുകൊണ്ടിരുന്നു.

തനിക്കു സിദ്ധമായ ആര്യസത്യങ്ങളുടെ ജ്ഞാനം ആദ്യമായി അദ്ദേഹം തന്റെ സഹചാരികളായ അഞ്ചുഭിക്ഷുക്കൾക്ക് ഉപദേശിച്ചുകൊടുത്തു. പഞ്ചവർഗീയ ഭിക്ഷുക്കൾ എന്നറിയപ്പെട്ട ഇവരുടെ നാമങ്ങൾ കൗണ്ഡിന്യൻ, വപ്പൻ (വാപ്പൻ), ഭദ്രിയൻ (ഭദ്രികൻ), മഹാനാമൻ, അസ്സജി (അശ്വജിത്ത്) എന്നിങ്ങനെയായിരുന്നു. ഇവരാണ് ആദ്യത്തെ ബുദ്ധശിഷ്യൻമാർ. ഇവരഞ്ചുപേരും ചേർന്ന് ഒരു ഭിക്ഷുസംഘം സ്ഥാപിച്ചു. ഗുരുവിനോടൊപ്പം ഇവർ കാശിയിലെ ഋഷിപത്തനത്തിൽ താമസം തുടങ്ങി. ബുദ്ധന്റെ സുഭാഷിതങ്ങൾ ജനങ്ങളെ ആകർഷിച്ചു. അവർ ഋഷിപത്തനത്തിലേക്ക് പ്രവഹിക്കാൻ തുടങ്ങി. അതോടെ ബുദ്ധന് ധാരാളം അനുയായികളുണ്ടായി. യശസ്സ്, വിമലൻ, സുബാഹു, പൂർണ്ണജിത്ത്, ഗവംപതി തുടങ്ങിയ കുബേരകുമാരന്മാർ ബുദ്ധന്റെ ഉപാസകരായിത്തീർന്നു. അതോടെ ബുദ്ധമതം ജനസമ്മതി നേടി.

ബുദ്ധമതത്തിന്റെ പ്രചരണാർത്ഥം ബുദ്ധഭിക്ഷുക്കൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും ദേശാടനം ചെയ്തു. ബ്രാഹ്മണമേധാവിത്വത്തെയും വേദാധികാരത്തെയും ബുദ്ധൻ ശക്തിയായി എതിർത്തു. ആയിരത്തിമൂന്നു ഭിക്ഷുക്കളെ നയിച്ചുകൊണ്ട് രാജഗൃഹത്തിലെത്തിയ ബുദ്ധന് രാജാ ബിംബിസാരൻ കൊട്ടാരത്തിൽ ഭിക്ഷയൊരുക്കി. ഭഗവാന്റെ അതുല്യമായ പ്രഭാവത്തിൽ ഭക്തിയുളവായ രാജാവ് വേണുവനം എന്ന ഉദ്യാനം ഭിക്ഷുസംഘത്തിനായി ദാനം ചെയ്തു.

ഇതിനിടെ സഞ്ജയൻ എന്ന പരിവ്രാജകന്റെ ശിഷ്യരായ സാരിപുത്തനും മോഗമല്ലാനനും ഇരുന്നൂറ്റമ്പതു പരിവ്രാജകരാൽ അനുഗതരായി വേണുവനത്തിലെത്തി. ബുദ്ധൻ അവരെ സ്വാഗതം ചെയ്തു. അവർഭിക്ഷുസംഘത്തിൽച്ചേർന്നു 'ശ്രാമണേരൻമാരായി' (ബുദ്ധഭിക്ഷുക്കളാകാൻ സംഘത്തിൽ ചേരുന്നവർ 'ശ്രാമണേരൻമാർ' എന്നാണ് അറിയപ്പെട്ടിരുന്നത്).

എക്കാലത്തും ലോകസേവനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കാനുതകുംവണ്ണം ബുദ്ധൻ തന്റെ സംഘങ്ങളെ സജ്ജമാക്കി. ബുദ്ധന്റെ നേതൃപാടവവും സംഘങ്ങളുടെ ത്വരിതമായ പ്രവർത്തനവും മൂലം ബുദ്ധമതം അതിശീഘ്രം പ്രചാരം നേടി. ബുദ്ധന്റെ അഹിംസാസിദ്ധാന്തം രാജാക്കൻമാരെയും കുബേരൻമാരെയും സ്വാധീനിച്ചു. അവരിൽ പലരും കൊട്ടാരങ്ങളുപേക്ഷിച്ച് ബുദ്ധഭിക്ഷുക്കളെപ്പോലെ വിഹാരങ്ങളിൽ താമസം തുടങ്ങി. ബുദ്ധനെ നാസ്തികൻ എന്നു വിളിച്ചാക്ഷേപിച്ചവർ പോലും അദ്ദേഹത്തിന്റെ അഹിംസാസിദ്ധാന്തത്തെ സ്വാംശീകരിക്കുകയും ബുദ്ധസംഘങ്ങളിൽ ചേരുകയും ചെയ്തു.

ഭഗവദ്ഗീത ബുദ്ധനെ ഏറെ സ്വാധീനിച്ചിരുന്നു 'നീ തന്നെയാണ് നിന്റെ ഗുരു; നിന്റെ അഭയവും നീ തന്നെ, അതിനാൽ ആത്മ പരിശീലനം സാധകമാക്കൂ, ആത്മനിയന്ത്രണം നേടൂ' – ഇതാണ് ബുദ്ധൻ അനുയായികൾക്കു നൽകിയ മുഖ്യോപദേശങ്ങളിൽ ഒന്ന്.

'ബുദ്ധം ശരണം ഗച്ഛാമി
സംഘം ശരണം ഗച്ഛാമി
ധർമ്മം ശരണം ഗച്ഛാമി' എന്ന ശരണമന്ത്രം ചൊല്ലിക്കൊണ്ടാണ് സംഘങ്ങൾ യാത്ര ചെയ്തിരുന്നത്.

ബുദ്ധന്റെ ജീവിതത്തിൽ പലപ്പോഴും ഈശ്വരസാന്നിദ്ധ്യമുണ്ടായിട്ടുണ്ട്. ശിഷ്യനായ ദേവദത്തൻ സംഘത്തിൽ ഛിദ്രമുണ്ടാക്കിയ സന്ദർഭം! അയാൾ രാജാവായ അജാതശത്രുവിന്റെ മനസിൽ വിഷംകുത്തിവെച്ച് ഗുരുവിനോട് സ്പർദ്ധ വളർത്തി. ദേവദത്തന്റെ ഏഷണികൾ വിശ്വസിച്ച അജാതശത്രു ബുദ്ധനെ നിഗ്രഹിക്കാൻ ഒരു സംഘം ഘാതകരെ അയച്ചു. ആയുധമേന്തി ബുദ്ധനുനേരേ പാഞ്ഞടുത്ത ഘാതകർക്ക് അദ്ദേഹത്തിന്റെ ദർശനമാത്രയിൽ മന:പരിവർത്തനമുണ്ടായി. അവർ ആയുധമുപേക്ഷിച്ച് ബുദ്ധന്റെ ശിഷ്യരായിത്തീർന്നു. കലിപൂണ്ട ദേവദത്തൻ ഒരവസരത്തിനായി കാത്തിരുന്നു. ഒരിക്കൽ ഭഗവാൻ ഏകനായിരിക്കേ, അയാൾ നാലഗിരി എന്നു പേരുള്ള ഒരു ഭ്രാന്തനാനയെ ഗുരുവിനുനേർക്ക് ഓടിച്ചുവിട്ടു. പാഞ്ഞടുത്ത ആന ബുദ്ധന്റെ മുമ്പിലെത്തിയപ്പോൾ പിടിച്ചുനിർത്തിയ മട്ടിൽ ശാന്തനാവുകയും ഭഗവാന്റെ പാദധൂളി വാരി മസ്തകത്തിലണിയുകയും ചെയ്തു. ഇപ്രകാരം നിരവധി ഐതിഹ്യകഥകൾ ബുദ്ധലീലാസംഗ്രഹത്തിലും മറ്റും രേഖപ്പെടുത്തിക്കാണാം.

വളർത്തമ്മയായ പ്രജാപതി(ഗോതമി)യുടെ പ്രേരണ പ്രകാരം ബുദ്ധൻ ഒരു ഭിക്ഷുണീസംഘത്തിനു രൂപം നൽകി. നിരഞ്ജനാനദീസ്നാനത്തിനു മുമ്പു പായസാന്നം നൽകിയ സുജാതയായിരുന്നു ഈ സംഘത്തിലെ ആദ്യ അംഗം. ഭദ്രകുണ്ഡലകേശയായിരുന്നു മറ്റൊരാൾ. പിന്നീട് ബുദ്ധന്റെ പത്നിയായ യശോധരയും ഭിക്കുണീസംഘ (ഭിക്ഷുണീസംഘം) ത്തിൽ ചേർന്നു.

ബുദ്ധൻ ധർമ്മഗ്രന്ഥങ്ങൾ രചിച്ചില്ല. അവ രചിക്കാൻ ആരെയും പ്രേരിപ്പിച്ചതുമില്ല. എന്നാൽ ബുദ്ധന്റെ അനന്തരഗാമികൾ രൂപം നൽകിയ ധർമ സംഹിതകൾ നിരവധിയുണ്ട്. ഇവ 'പിടകങ്ങൾ' എന്നറിയപ്പെട്ടു. തലമുറകൾ കൈമാറി വന്ന സുത്ത പിടകം, വിനയപിടകം, അഭിധർമ്മപിടകം എന്നീ സമാഹാരങ്ങളിൽ നിന്നാണ് നമുക്ക് ബുദ്ധപ്രബോധനങ്ങളെക്കുറിച്ചുള്ള യഥാർത്ഥചിത്രം ലഭിക്കുന്നത്.

മൗര്യസാമ്രാജ്യാധിപതിയായിരുന്ന ബിന്ദുസാരന്റെ പുത്രൻ അശോകചക്രവർത്തിയുടെ നാമം ഇവിടെ പരാമർശിക്കേണ്ടതുണ്ട്. യോദ്ധാവും രണധീരനുമായിരുന്ന അശോകൻ രക്തരൂക്ഷിതമായ പടയോട്ടങ്ങളിലൂടെ നിരവധി രാജ്യങ്ങളെ കീഴടക്കുകയും തന്റെ സാമ്രാജ്യം വിപുലമാക്കുകയും ചെയ്തു. മൗര്യസാമ്രാജ്യസ്ഥാപകനായ ചന്ദ്രഗുപ്തമൗര്യനെപ്പോലും നിഷ്പ്രഭനാക്കിയ അദ്ദേഹം കലിംഗദേശ(ഇന്നത്തെ ഒഡീഷ)വുമായി യുദ്ധത്തിലേർപ്പെട്ടു. യുദ്ധം ജയിച്ചെങ്കിലും രണഭൂമിയിലൊഴുകിയ ചോരയും അറ്റുവീണ തലകളും കണ്ട് അശോകൻ തകർന്നു. അതോടെ അദ്ദേഹത്തിന്റെ യുദ്ധക്കൊതി അടങ്ങി. മാനസാന്തരമുണ്ടായ അശോകൻ അഹിംസാസിദ്ധാന്തത്തെ പിന്താങ്ങുകയും ബുദ്ധമതം സ്വീകരിക്കുകയും ചെയ്തു. പിന്നീടുള്ള ജീവിതം അദ്ദേഹം ബുദ്ധമതപ്രചരണത്തിനായി ഉഴിഞ്ഞുവെച്ചു. തന്റെ സാമ്രാജ്യത്തിലുണ്ടായിരുന്ന സകല സ്തൂപങ്ങളിന്മേലും ശിലകളിന്മേലും ബുദ്ധസംഹിതകൾ ആലേഖനം ചെയ്യാൻ അദ്ദേഹം താൽപര്യമെടുത്തു. രാജ്യത്തുടനീളം ബുദ്ധവിഹാരങ്ങൾ സ്ഥാപിച്ച് ബുദ്ധസന്യാസിമാരെ പാർപ്പിച്ചു.

ബ്രാഹ്മണരും അബ്രാഹ്മണരും കൂട്ടംകൂട്ടമായി ബുദ്ധമതം സ്വീകരിച്ചു. ബുദ്ധമതം സ്വീകരിച്ചവർക്കെല്ലാം ചക്രവർത്തി ഒട്ടേറെ ആനുകൂല്യങ്ങൾ നൽകി. ഇപ്രകാരം ജൈനമതവും ബുദ്ധമതവും മത്സരിച്ചു വളരുന്ന ഒരു സ്ഥിതിവിശേഷം സംജാതമായി. ഈ വളർച്ച നൂറ്റാണ്ടുകളോളം തുടർന്നു.

കർമ്മനിരതമായ ജീവിതം നയിച്ച ബുദ്ധൻ എൺപതാമത്തെ വയസ്സിൽ രോഗബാധിതനായി. വിരേചനൗഷധം അല്പം ഫലം ചെയ്തുവെങ്കിലും തന്റെ ആരോഗ്യം പാടേ ക്ഷയിച്ചുകഴിഞ്ഞെന്ന യാഥാർത്ഥ്യം ബുദ്ധൻ തിരിച്ചറിഞ്ഞു. അസ്വാസ്ഥ്യങ്ങൾ വകവെക്കാതെ അദ്ദേഹം വൈശാലിയിലേക്കു യാത്രതിരിച്ചു. ശിഷ്യനായ ആനന്ദനെ അയച്ച് ഭിക്ഷുസംഘത്തെ വരുത്തി കൂടാഗാരശാലയിൽ ഒരുമിച്ചുചേർത്ത് ഉപദേശങ്ങൾ നൽകി. അവിടെനിന്ന് ശിഷ്യർക്കൊപ്പം ഭാണ്ഡഗ്രാമം, ഹസ്തിഗ്രാമം, ആമ്രഗ്രാമം, ജംബുഗ്രാമം, ഭോഗനഗരം മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ച് ഒടുവിൽ ഭാവാ എന്ന നഗരത്തിൽ വന്നുചേർന്നു. അവിടെ ലോഹാകാരനായ ചുന്ദന്റെ മാന്തോപ്പിൽ താമസിച്ചു. ഭിക്ഷക്കെത്തിയ ബുദ്ധന് ചുന്ദൻ ആഹാരം വിളമ്പി. കൂട്ടത്തിൽ 'സുകരമദുവ' എന്നൊരു ദ്രവ്യം കലർന്ന വിഭവം കൂടിയുണ്ടായിരുന്നു. അതു കഴിച്ചതോടെ ഭഗവാന് അതിസാരം ബാധിച്ചു. എങ്കിലും ബുദ്ധൻ വിശ്രമിച്ചില്ല. വയറുവേദനയെ വകവെക്കാതെ രണ്ടു നദികളും കടന്ന് 'കുമ്പിനാരം' വരെ സഞ്ചരിച്ചു. അവിടെ മല്ലന്മാരുടെ ശാലവനത്തിൽ വെച്ച് ആ രാത്രിയുടെ അന്ത്യയാമത്തിൽ ബുദ്ധഭഗവാൻ നിർവാണം പ്രാപിച്ചു. ഇപ്രകാരം ശ്രീബുദ്ധഭഗവാന്റെ അത്യന്തം ബോധപ്രദവും മംഗളപ്രദവുമായ ധന്യജീവിതം അവസാനിച്ചു.

ക്രിസ്ത്വബ്ദത്തിന്റെ ഉദയം ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും ജനപ്രീതിയെ സാരമായി ബാധിച്ചു. ശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തവും മറ്റാചാര്യന്മാരുടെ നവോത്ഥാനപ്രവർത്തനങ്ങളും ശക്തിപ്രാപിച്ചതോടെ ഈ രണ്ടു മതങ്ങളും ക്ഷയിച്ചുപോയി. ഭാരതത്തിൽ ഏറെ പ്രചാരമില്ലെങ്കിലും ശ്രീലങ്ക, ചൈന, ജപ്പാൻ തുടങ്ങിയ വിദേശരാജ്യങ്ങളിൽ ബുദ്ധമതം ഇന്നും സജീവമായി നിലനിൽപ്പുണ്ട്. ബുദ്ധവിഹാരങ്ങളും വളരെ ഭംഗിയായി പ്രവർത്തിച്ചു പോരുന്നു ● (തുടരും)


# IN EVER LOVING MEMORY



**C.P. NARAYANAN KUTTY**

L/2255

EX. - MANAGER, ALLAHABAD BANK

(PAYYAPPILLIL - SANKARA VIJAYAM - ERNAKULAM

# സൗഹൃദം



കെ. ചന്ദ്രികാ ദേവി

കർക്കിടകത്തിലെ കറുത്ത പകലുകൾ, പുറത്ത് മഴ തിമിർത്ത് പെയ്യുകയാണ്. ഇടയ്ക്കിടയ്ക്ക് ഇടി മുഴക്കം. നല്ല കാറ്റ് വീശുന്നുണ്ട്. പേടിപ്പെടുത്തുന്ന അന്തരീക്ഷം. റിട്ടയർ ചെയ്തിട്ട് നാലു വർഷം കഴിഞ്ഞിരിക്കുന്നു. രാവിലെ ധൃതി പിടിച്ച് എങ്ങും പോവാനില്ല. ഉറങ്ങാൻ നല്ല സുഖം. ഗംഗ ഒന്നുകൂടി മൂടി പുതച്ചു. പക്ഷെ അവൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. മനസ്സ് ഒരു ക്ലോക്കാണ്. അതിലെ പെൻഡുലം ആടിക്കൊണ്ടിരിക്കുന്നു. ചിന്തകൾ അവളെ തേടിയെത്തി.

വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ ഗംഗയുടെ മനസ്സിൽ വേവലാതിയായിരുന്നു. ഒരു നല്ല ജോലി കിട്ടണം എന്ന വിചാരം മാത്രമാണ് അവളെ അലട്ടിയിരുന്നത്. പത്തു മണിക്ക് മുമ്പ് എംപ്ലോയ്മെന്റ് ഓഫീസിൽ എത്തണം. കാർഡ് പുതുക്കാൻ ധാരാളം പേരുണ്ടാവും. ഗംഗ നടപ്പിനു വേഗത കൂട്ടി. പത്തു മണിക്കു തന്നെ ഗംഗ ഓഫീസിൽ എത്തി. ആളുകളുടെ ക്യൂ കണ്ട് ഗംഗ അമ്പരന്നു. ആദ്യം അച്ഛന്റെ കൂടെയാണ് പേര് രജിസ്റ്റർ ചെയ്യാൻ പോയത്. ആറുമാസം കൂടുമ്പോൾ കാർഡ് പുതുക്കണം. ഇത്തവണ ഗംഗ ഒറ്റയ്ക്കാണ് വന്നിരിക്കുന്നത്. ഗംഗയുടെ മനസ്സിൽ ഒരാഗ്രഹം തോന്നി. എംപ്ലോയ്മെന്റ് ഓഫീസറെ കണ്ട് എളുപ്പം ജോലി കിട്ടുവാനുള്ള ഒരു കാർഡ് സംഘടിപ്പിക്കണം. ഓഫീസറുടെ മുറിയുടെ വാതിൽക്കൽ എത്തി. ഒരു നെയിംബോർഡ്. 'കെ.ജി. ലോറൻസ് മാത്യു, എംപ്ലോയ്മെന്റ് ഓഫീസർ'.

സാറിനെ ഒന്നു കാണാൻ പറ്റുമോ എന്ന് അറ്റന്ററോട് ചോദിച്ചു. റൂമിൽ വേറെ ആൾക്കാരുണ്ട്. മീറ്റിംങ് നടക്കുകയാണ്. ഇപ്പോഴൊന്നും കാണാൻ പറ്റുമെന്ന് തോന്നുന്നില്ല. അറ്റന്റർ പറഞ്ഞു. ഇന്ന് സാറിനെ ഒന്ന് കണ്ടിട്ട് വീട്ടിലേയ്ക്ക് മടങ്ങൂ എന്നു മനസ്സിലുറപ്പിച്ചു കൊണ്ട് ഗംഗ അവിടെത്തന്നെ ഇരുന്നു. നേരം ഉച്ചയായി. ഓഫീസർ പുറത്തേയ്ക്ക് വന്നു. കൂടെ വേറെ മൂന്ന് നാലുപേരുണ്ടായിരുന്നു. ഗംഗ ഓടി ഓഫീസറുടെ അടുത്തു ചെന്നു. അവൾക്ക് ഒന്നും സംസാരിക്കാൻ പറ്റിയില്ല. അതിനു മുമ്പ് അവർ എല്ലാവരും കൂടി ജീപ്പിൽ കയറി പോയി.

കണ്ണ് നിറഞ്ഞൊഴുകിയത് ആരും കാണാതിരിക്കാൻ ഗംഗ കുനിഞ്ഞിരുന്നു. അറ്റന്റർ അടുത്തു വന്നു ചോദിച്ചു. എന്താ കുട്ടി കരയുന്നത് ? കാർഡ് പുതുക്കി കഴിഞ്ഞെങ്കിൽ വീട്ടിലേയ്ക്ക് പോവാമല്ലോ. ഇല്ല, സാറു വന്നു കണ്ടിട്ടെ പോവുന്നുള്ളു. കുട്ടി വല്ലതും കഴിച്ചോ? അറ്റന്ററുടെ അടുത്ത ചോദ്യം. ഇല്ല ഗംഗ പറഞ്ഞു. എന്താ കഴിക്കാത്തത്. അറ്റന്റർ വീണ്ടും ചോദിച്ചു. കയ്യിൽ കാശ് ഒന്നുമില്ലാ കുറച്ചു കഴിഞ്ഞപ്പോൾ ആ സാധു മനുഷ്യൻ ഒരു ഏത്തപ്പഴവും ഒരു ഗ്ലാസ്സ് നാരങ്ങാ വെള്ളവും കൊണ്ടു വന്നു തന്നു. അന്നാണ് ആദ്യമായി ഒരു മുഴുവൻ ഏത്തപ്പഴം കഴിച്ചത്.

ഉച്ചയ്ക്ക് രണ്ടു മണിക്ക് ഓഫീസിൽ വന്നു. തിരക്കൊക്കെ തിർന്ന സമയമായിരുന്നു. എങ്ങിനെയെങ്കിലും സാറിനെ കാണണമെന്നുള്ള ആഗ്രഹം ഇരട്ടിച്ചു. അറ്റന്ററോട് വീണ്ടും പറഞ്ഞു. അറ്റന്റർ അകത്തു കയറി തിരിച്ചു വന്നു. കുട്ടീ! അകത്തേയ്ക്ക് ചെല്ലാൻ സാർ പറഞ്ഞു. കയ്യും കാലും വിറയ്ക്കുന്നുണ്ടായിരുന്നു ഗംഗയ്ക്ക്. എങ്കിലും ധൈര്യം അഭിനയിച്ച് ഗംഗ അകത്തു കടന്നു.

എന്താ കുട്ടീ കാര്യം?

സാർ എനിക്കൊരു ജോലി വേണം. അതിന് ഞാൻ എന്താ കുട്ടി ചെയ്യേണ്ടത്. സാർ ഞാൻ പ്രീ യൂണിവേർസിറ്റിയും ടൈപ്പ് റൈറ്റിങ് ഹയറും ഷോർട്ട്ഹാൻഡ് ലോവറും പരീക്ഷ പാസ്സായിട്ടുണ്ട്. എനിക്ക് അമ്മയില്ല സാർ. അച്ഛനും ഒരു ചേച്ചിയും അനിയത്തിയുമുണ്ട്. ചേച്ചിക്ക് ഒരു നഴ്സറി സ്കൂളിൽ ജോലിയുണ്ട്. എനിക്ക് ഒരു ജോലി വേണം.

കുട്ടിക്ക് ഒരു ഗവൺമെന്റ് ജോലി തന്നെ വേണം അല്ലെ? വേണം സാർ. വയസ്സായി റിട്ടയർ ചെയ്യുമ്പോൾ

പെൻഷൻ കിട്ടുമല്ലോ. അതുകൊണ്ടാണ് സാർ ഗവൺമെന്റ് ജോലി വേണമെന്നാഗ്രഹിച്ചത്.

കുട്ടിക്ക് എത്ര വയസ്സായി ? പതിനെട്ട് വയസ്സ് കഴിഞ്ഞു സാർ. കുട്ടി ഞാൻ നോക്കട്ടെ. ഉറപ്പൊന്നും തരില്ല. ഏതെങ്കിലും ഗവൺമെന്റ് ഓഫീസിൽ നിന്ന് ജോലിക്ക് ആൾക്കാരെ വിടാൻ പറഞ്ഞ് അപേക്ഷ വരുമ്പോൾ നോക്കാം. സാറെ അങ്ങിനെ പറഞ്ഞാൽ പറ്റില്ല. എനിക്ക് വേഗം ഒരു ജോലി വേണം. വേഗം ജോലി തരാൻ എന്റെ കയ്യിൽ ജോലി ഒന്നും ഇല്ലല്ലൊ കുട്ടി. ഒരു ഓഫീസറോടാണ് പറയുന്നതെന്നും താൻ അദ്ദേഹത്തിന്റെ മുമ്പിൽ ആരുമല്ലെന്നുമുള്ള ബോധം അന്ന് ഗംഗയ്ക്കുണ്ടായിരുന്നില്ല.

പിന്നീട് സാറും ഗംഗയും തമ്മിൽ സ്നേഹസംഭാഷണങ്ങൾ ആയി. സാറിന്റെ വീടെവിടെയാണെന്നും വീട്ടിൽ ആരൊക്കെയുണ്ടെന്നും ചോദിക്കാൻ തുടങ്ങി ഗംഗ. എന്തായാലും സാറിന് ഗംഗയെ ഇഷ്ടമായി. കുട്ടി എന്റെ വീട് ഇവിടെ അടുത്താണ്. ട്രാൻസ്പോർട്ട് ബസ്റ്റാൻഡിലേയ്ക്ക് എത്തുന്നതിനു മുമ്പായിട്ടാണ്. മഞ്ഞ പെയിന്റടിച്ച വീടാണ്. ഗേറ്റിൽ പട്ടിയുണ്ട് സൂക്ഷിക്കുക എന്ന ബോർഡുണ്ട്.

സാറ് വെറുതെ പറഞ്ഞതായിരിക്കും എന്നാണ് ആദ്യം കരുതിയത്. പക്ഷെ ഗംഗ ആ വീട്ടിലെ നിത്യസന്ദർശകയായി മാറി പിന്നീട്. മാസത്തിൽ ഒരു ദിവസമെങ്കിലും ഗംഗ സാറിന്റെ വീട്ടിൽ എത്തിയിരിക്കും ജോലി തിരക്കി.

ഒരു തിങ്കളാഴ്ചയാണ് ഗംഗ സാറിന്റെ വീട്ടിൽ ആദ്യമായി ചെല്ലുന്നത്. ഗേറ്റിന്റെ മുന്നിൽ എത്തിയപ്പോൾ പട്ടിയുണ്ട് സൂക്ഷിക്കുക എന്ന ബോർഡ് കണ്ടു. ഗേറ്റിന്റെ കുറ്റി ഒന്നടിച്ചു നോക്കി. വാച്ചുമാൻ വന്നു ചോദിച്ചു, എന്താ കുട്ടി! എനിക്ക് സാറിനെ ഒന്നു കാണണം. അപ്പോഴേയ്ക്കും പട്ടി കുരച്ചു ചാടി വന്നു. വാച്ചുമാൻ പട്ടിയെ കൂട്ടിൽ കയറ്റിയതിനുശേഷം ഗംഗ അകത്തു കടന്നു. ഗംഗ അതിശയപ്പെട്ടു. വലിയ ബംഗ്ലാവ്. വലിയ മുറ്റം. മുറ്റം നിറയെ പൂച്ചട്ടികളിൽ പല നിറത്തിലുള്ള റോസാപൂക്കൾ. വാച്ചുമാൻ കാണാതെ ഒരു കടും ചുമന്ന റോസാപ്പൂവ് പൊട്ടിച്ചെടുത്തു ജാക്കറ്റിന്റെ ഉള്ളിലിട്ടു. ഉമ്മറത്തെ വരാന്തയുടെ വടക്കെ അറ്റത്ത് ഇട്ടിരിക്കുന്ന ചാരുകസേരയിൽ കിടന്ന് പേപ്പർ വായിക്കുന്നു സാർ.

അടുത്ത് ചെന്നു ഗംഗ. ആദ്യം സാർ കണ്ടില്ല. ഗംഗ വിളിച്ചു സാർ നമസ്തെ !

കുട്ടി ഇതെന്താ രാവിലെ ? ഞാൻ സാറിനെ കാണാൻ വന്നതാ.

ഇപ്പോൾ തന്നെ ജോലി വേണമെങ്കിൽ തരാൻ എന്റെ കയ്യിൽ ജോലി ഇല്ലല്ലോ കുട്ടി. അതിനിടയിൽ സാർ ഭാര്യയെ വിളിച്ചു. മോളിക്കുട്ടി നമുക്ക് ഒരതിഥി ഉണ്ട്. ഒരു ചായ കൊണ്ടു വാ.

മോളിക്കുട്ടി ഒരു കുപ്പിഗ്ലാസ്സിൽ ചായയുമായി വന്നു. ചായ കയ്യിൽ വാങ്ങുന്നതിനു മുമ്പ് അവരുടെ മുഖത്തേയ്ക്ക് നോക്കി. ഹായ്! എന്തൊരു ഭംഗി. എന്താ കുട്ടി ഇങ്ങനെ നോക്കുന്നേ? ചായ കുടിക്ക്. അങ്ങനെ എത്രയെത്ര ചായകൾ. എത്രയെത്ര ദിവസങ്ങൾ. ഒന്നും മറക്കാൻ കഴിഞ്ഞിട്ടില്ല. വർഷം രണ്ടു കഴിഞ്ഞു. ഒരു വെള്ളിയാഴ്ച ആണെന്നാണ് ഓർമ്മ. പറമ്പിൽ ചവറ് അടിച്ചുകൊണ്ടു നില്ക്കുമ്പോഴാണ് പോസ്റ്റുമാൻ ശങ്കരൻ വന്നത്. ആരാണ് ഗംഗാ നായർ? ഒരു രജിസ്റ്റേഡ് ഉണ്ട്. വേഗം ഒപ്പിട്ടു മേടിച്ചു. അച്ഛനാണ് കവർ പൊട്ടിച്ചു വായിച്ചത്. അടുത്ത ചൊവ്വാഴ്ച പത്തു മണിക്ക് എല്ലാ സർട്ടിഫിക്കറ്റുമായി എംപ്ലോയ്മെന്റ് ഓഫീസിൽ എത്താൻ പറഞ്ഞുകൊണ്ടുള്ള കത്ത്. അടുത്ത ചൊവ്വാഴ്ച രാവിലെ പത്തു മണിക്കു തന്നെ ഗംഗ എംപ്ലോയ്മെന്റ് ഓഫീസിലെത്തി. അച്ഛൻ കൂടെയുണ്ടായിരുന്നു. അവിടെ സർട്ടിഫിക്കറ്റുകളെല്ലാം പരിശോധിച്ചു. കൃത്യം മൂന്നു മണിക്ക് സെൻട്രൽ ഫിഷറീസ് ഓഫീസിൽ ഇന്റർവ്യൂ. പേപ്പറെല്ലാം വാങ്ങിച്ചു പോരുന്നതിനു മുമ്പ് സാറിനെ കാണുവാൻ ചെന്നു. സാർ ഒരാഴ്ച ലീവാണെന്ന് അറ്റന്റർ പറഞ്ഞു. ഗംഗയുടെ കണ്ണിൽ നിന്ന് കണ്ണീരൊഴുകി. ആരും കാണാതെ കണ്ണു തുടച്ച് അവർ പുറത്തിറങ്ങി. കൃത്യം മൂന്നു മണിക്കു തന്നെ ഫിഷറീസ് ഓഫീസിൽ എത്തി. ഓഫീസിന്റെ മുമ്പിൽ എത്തിയപ്പോൾ തന്നെ ജോലി കിട്ടിയ പ്രതീതിയായിരുന്നു ഗംഗയ്ക്ക്. ഇന്റർവ്യൂന് കുറച്ചു പേർ എത്തിയിരുന്നു. പലരും വളരെ ചെറിയ സമയത്തിനുള്ളിൽ ഇന്റർവ്യൂ കഴിഞ്ഞ് പുറത്തു വന്നു. ഏഴാമതായാണ് ഗംഗയെ വിളിച്ചത്. അഞ്ച് ഓഫീസർമാരായിരുന്നു ഇന്റർവ്യൂ നടത്തിയിരുന്നത്. ഗംഗയോട് ചോദിച്ച ചോദ്യങ്ങൾക്ക് എല്ലാത്തിനും ഉത്തരം പറയാൻ സാധിച്ചില്ല. ചിലതിനെല്ലാം ഗംഗ ഒരു കൂസലും കൂടാതെ ഉത്തരം പറഞ്ഞു. ശരി കുട്ടിക്ക് പോകാം എന്നു പറഞ്ഞപ്പോൾ ഗംഗ വാചാലയായി. കഴിഞ്ഞ കാലങ്ങളും വരാൻ പോകുന്ന കാലങ്ങളും കൂട്ടിയിണക്കി ഒരു കഥ ഗംഗ പറഞ്ഞൊപ്പിച്ചു. കൂട്ടത്തിൽ എന്നെ ജോലിക്കെടുക്കണം എന്നു പറയാനും അവൾ മറന്നില്ല. എല്ലാവരും കൂട്ടച്ചിരി. ഗംഗ പുറത്തു വന്നു. അച്ഛൻ വളരെ

ഉത്കണ്ഠയോടെയാണ് ചോദിച്ചത്. എങ്ങനെ യുണ്ടായിരുന്നു മോളെ? അച്ഛാ! എനിക്ക് ജോലി കിട്ടും ഉറപ്പാണ്. കുറച്ചു ദിവസങ്ങൾക്കു ശേഷം ഒരു വ്യാഴാഴ്ച ഉച്ച നേരത്ത് പോസ്റ്റ്മാൻ വീണ്ടും വന്നു. ഒരു രജിസ്റ്റർഡ് കവറുമായി. ഒപ്പിട്ടു കൊടുത്തു കവർ വാങ്ങി പൊട്ടിച്ചു നോക്കി. ജോലിക്ക് ഹാജരാവാൻ പറഞ്ഞുകൊണ്ടുള്ള ഓർഡറാണ്. ഗംഗ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

മുറ്റത്തു നില്ക്കുന്ന നന്ത്യാർ വട്ടത്തിൽ നിന്ന് ഒരു പൂ പറിച്ച് മേശപ്പുറത്ത് വച്ചിട്ടുള്ള അമ്മയുടെ ഫോട്ടോയിൽ വച്ചു, ഒപ്പം അപ്പോയ്മെന്റ് ഓർഡറും. കണ്ണീരോടെ ഗംഗ പറഞ്ഞു അമ്മേ! അവിടുത്തെ അനുഗ്രഹാശിസ്സുകളോടെ മകൾ ഗംഗ ഗവൺമെന്റ് ജോലിയിൽ പ്രവേശിക്കാൻ പോകുന്നു. അങ്ങിനെ ഗംഗ ജോലിയിൽ പ്രവേശിച്ചു. എല്ലാവരുമായി ഗംഗ എളുപ്പത്തിൽ അടുത്തു. എല്ലാവർക്കും ഗംഗയെ ഇഷ്ടമായി. അധികം താമസിയാതെ തന്നെ ഗംഗ വിവാഹിതയായി. അവൾക്കനുയോജ്യനായ വരൻ. ഗവൺമെന്റ് ഉദ്യോഗസ്ഥൻ തന്നെ ഗംഗ മൂന്ന് കുട്ടികളുടെ അമ്മയായി. ഓഫിസും കുടുംബവും അവൾ ഒന്നിച്ചു കൊണ്ടു പോയി. ഇതിനിടയിലും ലോറൻസ് സാറുമായിട്ടുള്ള സൗഹൃദത്തിന് ഒരു കുറവും വരുത്തിയില്ല ഗംഗ.

വർഷങ്ങൾ കടന്നു പോയി.

ഓഫീസിൽ രജതജൂബിലി ആഘോഷം കഴിഞ്ഞിരിക്കുന്നു. ഓഫീസിൽ എല്ലാവർക്കും പാർട്ടി നടത്തി. പിറ്റെ ദിവസം കുറച്ചു വൈകിയാണ് ഓഫീസിൽ എത്തിയത്. വിസിറ്റേർസ് റൂമിലെ ടീപ്പോയിൽ അന്നത്തെ മനോരമ ദിനപ്പത്രം കിടന്നിരുന്നു. സെക്ഷനിലേയ്ക്ക് പോകുന്നതിനു മുമ്പ് പേപ്പർ എടുത്ത് ഒന്നു മറിച്ചു നോക്കി. ആദ്യത്തെ പേജിൽ തന്നെ സാറിന്റെ ഫോട്ടോ. റിട്ടയേർഡ് എംപ്ലോയ്മെന്റ് ഓഫീസർ കെ.ജി. ലോറൻസ് മാത്യു അന്തരിച്ചു. ഇന്നു വൈകുന്നേരം 3 മണിയ്ക്ക് പിറവം വലിയ പള്ളിയിലെ കുടംബ കല്ലറയിൽ സംസ്കാരം.

കയ്യും കാലും വിറയ്ക്കുന്നു. സെക്ഷനിൽ ചെന്ന് ഒരു ദിവസത്തെ കാഷ്വൽ ലീവെഴുതി മാനേജരെ ഏല്പിച്ചു. എന്താ! ഗംഗ വന്ന ഉടനെ ലീവെഴുതി പോവുന്നത്? സാറെ എനിക്ക് ഒരത്യാവശ്യ കാര്യം ഉണ്ട്. ഓഫീസിൽ നിന്നിറങ്ങി. മനസ്സ് ആകെ കലങ്ങി മറിഞ്ഞിരിക്കുന്നു. എത്രയും വേഗം സാറിന്റെ വീട്ടിൽ എത്തണം. അവസാനമായി സാറിനെ കാണാൻ പോകുന്നു. ഗംഗയുടെ മനസ്സ് പിടഞ്ഞു. ബസ്സ് കാത്തു നിന്ന് സമയം പോകുന്നു. ഒറ്റ ബസ്സിൽ തന്നെ പിറവത്തെത്തണം. ബസ്സു വന്നു, ഗംഗ ബസ്സിൽ കയറി. ഒരു സൈഡ്സിറ്റിൽ ഗംഗ ഇരുന്നു. ബസ്സ് ഓടുന്നതു പോലെ തന്നെ ഗംഗയുടെ മനസ്സും ഓടി. ആദ്യമായി എംപ്ലോയ്മെന്റ് ഓഫീസിൽ പോയതും, സാറിനെ കണ്ടതും, സാറിന്റെ വീട്ടിലെ ചായകൾ കുടിച്ചതും സാറുമായിട്ടുള്ള കൂടിക്കാഴ്ചകളും എല്ലാം ഗംഗയുടെ മനസ്സിൽ കൂടി ഓടി.

ബസ്സ് പിറവം ബസ്സ് സ്റ്റാൻഡിൽ എത്തിയത് ഗംഗ അറിഞ്ഞില്ല. എല്ലാവരും ഇറങ്ങി കഴിഞ്ഞു. കണ്ടക്ടർ ചോദിച്ചു. ഇറങ്ങുന്നില്ലെ? പിറവം ആയോ? ഇതാണ് പിറവം ലാസ്റ്റ് സ്റ്റോപ്പ്. ഇറങ്ങിക്കോളു. ഗംഗ ബസ്സിൽ നിന്നിറങ്ങി. ഇനി ആരോടാണ് വഴി ചോദിക്കേണ്ടത് എന്നാലോചിച്ചു നില്ക്കുമ്പോൾ വയസ്സായ രണ്ടു സ്ത്രീകൾ മുമ്പിൽ നടന്നു പോകുന്നു. ഗംഗ വേഗം നടന്ന് അവർക്കൊപ്പമെത്തി. എങ്ങോട്ടാണ് പോവുന്നതെന്ന് അവരോട് ചോദിച്ചു. കുഞ്ഞേ! ഇവിടെ ഒരു മരണവീട്ടിലേക്കാണ് . ലോറൻസാറിന്റെ വീട്ടിലേയ്ക്കാണോ ? അതേ! കുഞ്ഞ് അറിയോ ആളെ ? ഞാനും അങ്ങോട്ടാണ്. സമാധാനമായി.

സാറിന്റെ വീട്ടു പടിക്കലെത്തി. മുറ്റം നിറയെ ആൾക്കൂട്ടം. പുറത്ത് വലിയ പന്തൽ. പന്തലിനുള്ളിൽ നിറയെ കസേരകളിട്ടിട്ടുണ്ട്. പന്തലിന്റെ നടുവിൽ ഒരു വലിയ മേശപ്പുറത്ത് ശവപ്പെട്ടിയിൽ സാറിനെ കിടത്തിയിരിക്കുന്നു. ശവപ്പെട്ടിയുടെ ചുറ്റും മുല്ലപ്പൂ മാലകൊണ്ട് അലങ്കരിച്ചിരിക്കുന്നു. തലയ്ക്കൽ ഒരു വലിയ മെഴുകുതിരി സ്റ്റാൻഡ്. അതിലെ മെഴുകുതിരി കത്തി ഒഴുകുന്നു. ഒന്നുകൂടി നോക്കി. ഗംഗ ഒന്നു ഞെട്ടി. ആദ്യമായി കിട്ടിയ ശമ്പളത്തിൽ നിന്ന് സാറിനു വേണ്ടി വാങ്ങിയ 'സ്നേഹോപഹാരം'. മനസ്സ് ക്ലോക്കിന്റെ പെൻഡുലം പോലെ ആടിക്കൊണ്ടിരിക്കുന്നു. എന്തുചെയ്യണമെന്നറിയാതെ ശരീരം തളർന്നിരിക്കുന്നു. ഒന്നു കൂടി സാറിന്റെ മുഖത്തേക്കു നോക്കി. മോളിക്കുട്ടി സാറിന്റെ അടുത്തിരുന്ന് തേങ്ങി കരയുന്നു. സാറിന്റെ കാൽക്കൽ നിന്നു കൊണ്ട് ഉറക്കെ പൊട്ടിക്കരഞ്ഞു ഗംഗ. ഗംഗയുടെ 'അവസാനത്തെ സ്നേഹോപഹാരം'.

'ഒരിക്കലും മറക്കാനാവാത്ത സൗഹൃദം'

ഗംഗ ചിന്തയിൽ നിന്നുണർന്നു •

കാലദേശാവസ്ഥയും ധർമ്മവുമധർമ്മവും
മൂലവും തമ്മിലുള്ള ദൗർബ്ബല്യ പ്രാബല്യവും
മൊഴിയും മൊഴിക്കേടും വഴിയും വഴിക്കേടു
മഴകോടകതാരിലാവോളമോർത്തീടേണം

***എഴുത്തച്ഛൻ***



# സ്കിസോഫ്രീനിയ
## (SCHIZOPHRENIA)

ഡോ. പാർവ്വതി. കെ. എസ്



എല്ലാ പ്രായത്തിലുള്ളവരെയും ബാധിക്കാവുന്നതും, വ്യക്തിത്വത്തെയും, വികാര വിചാരങ്ങളെയും യുക്തിയുക്തമായ ചിന്താശേഷിയേയും നശിപ്പിക്കുന്നതുമായ ഒരു രോഗമാണ് ചിത്തഭ്രമം (Schizophrenia). ഈ രോഗം നമ്മുടെ ലോകത്തുടനീളം സർവ്വസാധാരണമായി കണ്ടു വരുന്നു.

ചിത്തഭ്രമം വരാനുള്ള സാധ്യത സാധാരണയായി ഒരു പ്രത്യേകതരം വ്യക്തിത്വം പുലർത്തുന്നവരിലാണ്. ഇവർ അകാരണമായതും അസ്ഥാനത്തുള്ളതുമായ ഗൗരവവും നിസ്സാര കാര്യങ്ങൾക്കുപോലും കോപാവേശം കൊള്ളുന്ന എടുത്തുചാട്ടക്കാരുമായിരിക്കും. ചിലരിൽ ഈ രോഗത്തിന്റെ ആഘാതം താരതമ്യേന ഹ്രസ്വവും ലഘുവുമായിരിക്കും. എന്നാൽ മറ്റു ചിലരിൽ ഇത് ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുകയും ചെയ്യും. ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടം, ചിന്താവൈകല്യം, വികാരപ്രകടനത്തിലുള്ള അപാകതകൾ, പെരുമാറ്റ വ്യത്യാസങ്ങൾ തുടങ്ങിയവയാണ് ചിത്തഭ്രമ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ.

ചിത്തഭ്രമ രോഗത്തെ അവയുടെ കാഠിന്യമനുസരിച്ചും രോഗി പ്രദർശിപ്പിക്കുന്ന പ്രത്യേകതകളനുസരിച്ചും നാലായി തരം തിരിച്ചിരിക്കുന്നു.

### 1. സിമ്പിൾസ്കിസോഫ്രേനിയ

വളരെ പ്രസരിപ്പോടെ നടന്നിരുന്ന ചില കുട്ടികൾ ക്രമേണ കഴിവ് കുറഞ്ഞ് ഒന്നിലും ഉത്സാഹമില്ലാതെ ഒതുങ്ങി കൂടുന്നത് നാം കാണാറുണ്ട്. ലഘുതരമായ ചിത്തഭ്രമത്തിന്റെ ലക്ഷണങ്ങളിലൊന്നാണിത്. വളരെ സാവധാനത്തിൽ മാത്രമേ രോഗം പ്രകടമാകൂ. ബഹളമിഷ്ടപ്പെടാതെ, വല്ലയിടത്തും ഒതുങ്ങിക്കൂടാനാകും രോഗി കൂടുതൽ താൽപര്യം കാണിക്കുക.

### 2. ഹെബിഫ്രേനിക് സ്കിസോഫ്രേനിയ

സാധാരണയായി വ്യക്തിയുടെ കൗമാരദശയിലാണ് ഹെബിഫ്രേനിക് സ്കിസോഫ്രേനിയ ആരംഭിക്കുന്നത്. വികാരപരമായ അസ്വസ്ഥതകളും, അപ്രതീക്ഷിതവും അസാധാരണവുമായ പ്രവൃത്തികളുമാണ് ആദ്യലക്ഷണങ്ങൾ. സാധാരണ പതിനഞ്ച് വയസ്സിനും ഇരുപത്തഞ്ചു വയസ്സിനുമിടയിൽ ആരംഭിക്കുന്ന ഹെബിഫ്രേനിക് സ്കിസോഫ്രേനിയ ശരിയായ ചികിത്സ ലഭിക്കുന്നില്ലെങ്കിൽ, ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്നതും രോഗം മാറ്റുവാൻ സാധ്യത കുറയുന്നതുമാകുന്നു.

### 3. കാറ്ററ്റോണിക് സ്കിസോഫ്രേനിയ

ഈ രോഗം ബാധിക്കുന്നവർ മനോവ്യാപാരത്തിലും ശാരീരിക ചലനങ്ങളിലും കൂടുതൽ അസാധാരണത്വം പ്രകടിപ്പിക്കുന്നതായി കാണാം. കൗമാരത്തിലും യുവത്വത്തിന്റെ പ്രാരംഭഘട്ടത്തിലുമാണ് ഇത് ബാധിക്കുന്നത്. ചില സമയങ്ങളിൽ രോഗി അത്യധികം ബഹളം വച്ച് ഓടിച്ചാടി നടക്കും. അതല്ലെങ്കിൽ ആരോടും മിണ്ടാതെ എവിടെയെങ്കിലും ഒതുങ്ങി കൂടി ചലനരഹിതനായി കഴിഞ്ഞു കൂടും.

### 4. പാരനോയ്ഡ് സ്കിസോഫ്രേനിയ

സാധാരണ ഗതിയിൽ 25 വയസ്സിനു ശേഷമാണ് പാരനോയ്ഡ് സ്കിസോഫ്രേനിയ ബാധിക്കുന്നത്. വ്യക്തിത്വത്തെ അധികം ബാധിക്കാത്ത ഈ രോഗത്തിനുള്ള പ്രത്യേകത രോഗിക്ക് മിഥ്യാവബോധങ്ങൾ ധാരാളമുണ്ടാകുമെന്നതാണ്.

ചിത്തഭ്രമം ഒരു പാരമ്പര്യ രോഗമാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മാതാപിതാക്കളുടെ പെരുമാറ്റ വൈകല്യം ഒരു പ്രധാന ഘടകമാണ്. ചിത്തഭ്രമം തുടക്കത്തിൽ തന്നെ കണ്ടു പിടിക്കുകയാണ് നല്ലത്. അങ്ങനെയായാൽ ചികിത്സ എളുപ്പമാകും ●





ഇന്ദിരാഭായി

# രാമായണമാസത്തിലെ നാലമ്പല ദർശനം

മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളിൽ മര്യാദാ പുരുഷോത്തമനും ആശ്രിത വത്സലനുമായ ഭഗവാൻ ശ്രീരാമചന്ദ്രന്റെ ചരിതങ്ങൾ പാടിപ്പുകഴ്ത്തുന്ന രാമായണ മാസമായി കർക്കിടക മാസത്തെ ആചരിക്കുന്നു. കർക്കിടകത്തിലെ ഏറ്റവും വിശേഷപ്പെട്ട ആചാരമാണ് നാലമ്പല ദർശനം. രോഗദുരിതങ്ങളിൽ നിന്നു മോചനം ലഭിക്കുന്നതിനും മനസ്സമാധാനത്തിനും ശരീരസൗഖ്യം ലഭിക്കുന്നതിനും നാലമ്പല ദർശനം ഉത്തമമാണ്. കർക്കിടകത്തിലെ ഏതെങ്കിലുമൊരു ദിവസമാണ് നാലമ്പല ദർശനം നടത്തേണ്ടത്. ഉച്ചപൂജയ്ക്കു നട അടയ്ക്കും മുമ്പേ നാലു ക്ഷേത്രങ്ങളിലും ദർശനം നടത്തി പ്രാർത്ഥിക്കുക എന്നതാണ് നാലമ്പല ദർശന പ്രത്യേകത. കനത്ത പേമാരിയുടെയും ദുരിതങ്ങളുടെയും നടുവിൽ നട്ടം തിരിയുന്ന മനുഷ്യന് പുണ്യകർമ്മങ്ങളാൽ സാന്ത്വനമേകുന്ന മാസമാണ് കർക്കിടകം. വിശ്വാസമഹിമയുടെ ഒട്ടേറെ ആചാരാനുഷ്ഠാനങ്ങൾക്ക് കർക്കിടകം സാക്ഷ്യം വഹിക്കുന്നു. കർക്കിടക മാസത്തെ പട്ടിണിയും പരിവട്ടവും പേമാരിയും നിറഞ്ഞ കള്ളകർക്കിടകമെന്നും പഴമക്കാർ കരുതിയിരുന്നു. രാമായണ പാരായണത്തോടു കൂടിയ രാമായണമാസാചരണം പിതൃപ്രീതികരമായ ബലികർമ്മാദികൾ അനുഷ്ഠിക്കുന്ന കർക്കിടക വാവ്, കർക്കിടകത്തെയ്യം, നാലമ്പലയാത്ര, നിറപുത്തിരി, ഭദ്രദീപം തുടങ്ങിയവയൊക്കെ കർക്കിടക മാസത്തിലനുഷ്ഠിക്കുന്ന ആചാരങ്ങളാണ്. വീടുകളിൽ ഗണപതി ഹോമം, ഭഗവതിസേവ എന്നിവ നടത്തുന്ന പതിവുമുണ്ടായിരുന്നു. കർക്കിടകത്തിൽ ദശപുഷ്പം ചൂടുക എന്നത് ഇന്ന് അപൂർവ്വമായി മാത്രമേ കാണാറുള്ളു. കറുക, കൃഷ്ണക്രാന്തി, തിരുതാളി, പൂവാങ്കുറുന്തൽ,കൈയോന്നി, മുക്കുറ്റി, തിരുതാളി, നിലപ്പന, ഉഴിഞ്ഞ, ചെറൂള, മുയൽചെവിയൻ എന്നീ പത്തു പുഷ്പങ്ങളാണ് ദശപുഷ്പമെന്നറിയപ്പെടുന്നത്. ആദിത്യൻ, വിഷ്ണു, ലക്ഷ്മി, ബ്രഹ്മാവ്, ശിവൻ, പാർവ്വതി, ഭൂമിദേവി, ഇന്ദ്രൻ, യമദേവൻ, കാമദേവൻ എന്നീ ദേവൻമാരെയാണ് ദശപുഷ്പങ്ങൾ പ്രതിനിധീകരിക്കുന്നത്. സദാചാരമൂല്യപ്രധാനമായ രാമായണം പിതൃപുത്രബന്ധത്തെക്കുറിച്ചും ഭാര്യ ഭർതൃബന്ധത്തെക്കുറിച്ചും യജമാനദാസ്യഭാവത്തെക്കുറിച്ചും പറഞ്ഞു തരുന്നു. സത്യവും ധർമ്മവും നീതിയും മറന്നുള്ള ഭക്തി അഹങ്കാരത്തിന്റെ ഫലമേ നൽകുകയുള്ളു എന്ന് ലങ്കേശ്വരന്റെ പ്രവൃത്തികൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ദാസ്യഭക്തിയും, സേവന

സന്നദ്ധതയും കൈമുതലാക്കിയ രാമഭക്തനായ ഹനുമാൻ, രാവണസോദരനായ വിഭീഷണൻ എന്നിവർ ഭക്തിയുടെ ഭാവത്തെ നമുക്കു മനസ്സിലാക്കി തരുന്നു. കാവ്യരൂപത്തിലുടലെടുത്ത ആദ്യകൃതിയായ രാമായണത്തെയും അതിനു രൂപം നൽകി നമുക്കു സമ്മാനിച്ച വാൽമീകി മഹർഷിയേയും ആദ്യകാവ്യമായും ആദികവിയായും മാലോകർ വാഴ്ത്തുന്നു. നന്മയുടെയും ത്യാഗത്തിന്റെയും ഭക്തിയുടെയും മാഹാത്മ്യമോതുന്ന രാമായണ പാരായണം കർക്കിടക സന്ധ്യകളെ ഭക്തിസാന്ദ്രമാക്കി തീർക്കുന്നു. പരേതാത്മാക്കളായ പൂർവ്വികശ്രേഷ്ഠൻമാർക്ക് ബലികർമ്മാദികളർപ്പിച്ച് ഇഹലോകപുണ്യം നേടുന്ന പുണ്യമുഹൂർത്തമാണ് ദക്ഷിണായന ആരംഭമായ കർക്കിടക വാവ്. മാഹാത്മ്യമേറിയ സ്ഥലങ്ങളിലെ സന്ദർശനവും ഭഗവദ്ദർശനവും പുണ്യവും ലക്ഷ്യമാക്കിയുള്ള തീർത്ഥയാത്രകൾ മനസ്സിന് ഉന്മേഷവും ശാന്തിയും ഭക്തിയും പ്രദാനം ചെയ്യുന്നു. ഭഗവാൻ വിഷ്ണു ഭക്തർക്കുവേണ്ടി കല്പിച്ചു നൽകിയതാണ് നാലമ്പല തീർത്ഥയാത്ര എന്നാണ് വിശ്വാസം. വൈഷ്ണവ ചൈതന്യമാർന്ന ദശരഥപുത്രൻമാരുടെ വിഗ്രഹങ്ങൾ തീവ്രാനദിക്കരയിലും കുലീപതി തീർത്ഥക്കരയിലും പൂർണ്ണാ നദിക്കരയിലും പ്രതിഷ്ഠിക്കുകയുണ്ടായി. തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രം, തിരുമൂഴിക്കുളം ലക്ഷ്മണപ്പെരുമാൾ ക്ഷേത്രം, പായ മ്മൽ ശത്രുഘ്നക്ഷേത്രം എന്നീ പ്രസിദ്ധ നാലമ്പലങ്ങളിലൂടെ ഒരു തീർത്ഥയാത്ര.

ശ്രീകൃഷ്ണ ഭഗവാൻ ദ്വാരകയിൽ പൂജിച്ചിരുന്ന വിഗ്രഹം ഭഗവാന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ദ്വാരക കടലെടുത്തപ്പോൾ വരുണദേവൻ ഏറ്റെടുത്തു. നൂറ്റാണ്ടുകൾക്കു ശേഷം കടലിൽ നിന്നും മുക്കുവൻമാരുടെ വലയിൽ കുടുങ്ങിയ വിഗ്രഹങ്ങളാണ് നാലമ്പലങ്ങളിലായി പ്രതിഷ്ഠിച്ചിരിക്കുന്നത് എന്നു വിശ്വസിക്കുന്നു.

തൃപ്രയാറിൽ ശ്രീരാമസ്വാമിയാണ് പ്രതിഷ്ഠ. പ്രതിഷ്ഠ നടന്നയുടൻ മയൂരം വട്ടമിട്ടു പറന്നതായും അതിനു തഴെയാണ് ബലിക്കല്ലു സ്ഥാപിച്ചതെന്നും പറയപ്പെടുന്നു. യഥാസ്ഥാനത്തു പ്രതിഷ്ഠ നടക്കാത്തതിനാൽ ശ്രീരാമവിഗ്രഹത്തിന് ഇളക്കമുണ്ടായിരുന്നു. പ്രധാന പ്രതിഷ്ഠയുടെ മഹത്വം ബലിക്കല്ലിനു നല്കുന്നുണ്ട്. വില്വമംഗലത്തു സ്വാമിയാർ തൃപ്രയാർ ക്ഷേത്രത്തിലെത്തി ധ്യാനിച്ചു നില്കുമ്പോൾ ഭൂമിദേവിയും, ലക്ഷ്മിദേവിയും ശ്രീകോവിലിലേക്ക് പടിഞ്ഞറെ കവാടം വഴി ഭഗവാനെ പൂജിക്കുവാൻ വരുന്നതു കണ്ടു. ദേവിമാരുടെ സാന്നിദ്ധ്യം നന്നായിരിക്കുമെന്നു മനസ്സിലാക്കിയ അദ്ദേഹം ദേവിമാരെ ഭഗവാന്റെ ഇടത്തും വലത്തും പ്രതിഷ്ഠിച്ച് പടിഞ്ഞാറെ കവാടം അടപ്പിക്കുകയും ചെയ്തു. ഇന്നും പശ്ചിമ കവാടം അടഞ്ഞു കിടക്കുന്നതു കാണാം. ശ്രീകോവിലിനുള്ളിൽ തെക്കോട്ടു ദർശനമായി ദക്ഷിണാമൂർത്തിയെ പ്രതിഷ്ഠിച്ചിരിക്കുന്നു. ശ്രീരാമസ്വാമിയുടെ പരമ ഭക്തനായ ഹനുമാൻ സ്വാമിക്ക് ഇവിടെ പ്രതിഷ്ഠയില്ലെങ്കിലും ആഞ്ജനേയൻ ക്ഷേത്രാന്തരീക്ഷത്തിൽ നിറഞ്ഞ് നില്ക്കുന്നു എന്നാണ് വിശ്വാസം. ഉത്സവമില്ല എന്നതാണ് ഈ ക്ഷേത്രത്തിന്റെ പ്രത്യേകത. ഏകാദശിയാണ് പ്രധാന ആണ്ടുവിശേഷം. പ്രധാന വഴിപാട് വെടിവഴിപാടാണ്. നാട്ടിക കടൽ തീരത്തു വസിക്കുന്നവർ വറുതിയുടെ കാലം കഴിഞ്ഞ് ചാകരക്കാലം സ്വപ്നം കണ്ട് അമ്പും വില്ലും എഴുന്നള്ളിച്ച് ഭഗവൽ സന്നിധിയിൽ സമർപ്പിക്കുന്നത് മറ്റൊരു ആഘോഷമാണ്.

കേരളത്തിലെ പ്രശസ്തമായ മഹാക്ഷേത്രങ്ങളിലൊന്നാണ് ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രം. രാമയണത്തിലെ ഉജ്ജ്വല കഥാപാത്രമായ ഭരതന്റെ പേരിലുള്ള ക്ഷേത്രമാണിത്. സഹസ്രാബ്ദങ്ങൾക്കു മുമ്പ് പ്രകൃതിക്ഷോഭം മൂലം ഈ പ്രദേശം മനുഷ്യവാസ യോഗ്യമായിരുന്നില്ല. അങ്ങനെയുള്ള കാലഘട്ടത്തിലാണ് കുലീപനിമഹർഷിയാഗം നടത്തുന്നതിനുള്ള സ്ഥലം തേടി ഈ പ്രദേശത്തെത്തുന്നത്. ഈ പ്രദേശത്തു താമസിച്ചു കൊണ്ട് അദ്ദേഹം യാഗാദി കർമ്മങ്ങൾ നിർവ്വഹിച്ചു. യജ്ഞസമാപ്തിയിൽ ഭഗവാൻ മഹാലക്ഷ്മി സമേതനായി യജ്ഞശാലയിൽ പ്രത്യക്ഷപ്പെട്ട് മഹർഷിയുടെ ആഗ്രഹം ആരാഞ്ഞു. ഭഗവാന്റെ ശാശ്വത സാന്നിദ്ധ്യമാണ് മഹർഷി വരമായി നേടിയത്. കുലീപനി മഹർഷിയുടെ യാഗഫലമായി ഈ പ്രദേശം ധന്യമായി തീർന്നു. വിഷ്ണുവിനുള്ള പൂജയും പരമശിവനുള്ള ആചാരവുമേറ്റ് കുലീപനി മഹർഷിയുടെ അഗ്നിഹോത്രസ്ഥാനത്ത് കുടിക്കൊള്ളുന്ന കൂടൽമാണിക്യമൂർത്തി സംഗമേശ്വരനായി മാറിയ കഥ അഗ്നിപുരാണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അഗസ്ത്യമുനി ഒരിക്കൽ തിരുവഞ്ചിക്കുളത്തു ദർശനം നടത്തി മടങ്ങവേ ആകാശത്ത് ഒരു തേജസ്സ് പ്രത്യക്ഷപ്പെട്ടു. കുടൽസ്ഥാനത്തു വാഴുന്ന മാണിക്യദേവൻ തന്റെ സാന്നിദ്ധ്യമറിയിച്ചതാണെന്ന് മുനിവര്യനു മനസ്സിലായി. മുനിവര്യൻ വായുവേഗത്തിൽ ദേവന്റെ നടയിലെത്തി. ഹരിചന്ദനം നെറ്റിയിലണിഞ്ഞ മുനിയെ കാവൽക്കാർ അകത്തേക്കു കടത്തി വിട്ടില്ല. പെട്ടെന്ന് അദ്ദേഹം തന്റെ നെറ്റിയിലെ ചന്ദനക്കുറി ഭസ്മക്കു

റിയാക്കി മാറ്റി. കാവൽക്കാർ അമ്പരന്നു. അപ്പോഴെയ്ക്കും മുനിയെ ആരോ തിരിച്ചറിഞ്ഞ് ആദരവോടു കൂടി സന്നിധാന്നിലേക്കാനയിച്ചു. അദ്ദേഹം ശ്രീകോവിലിലേക്കു നോക്കിയതും എല്ലാവരും നോക്കി നില്ക്കെ ഗർഭഗൃഹത്തിലെ ശിവലിംഗം വിഷ്ണു വിഗ്രഹമായി മാറി. ഇങ്ങനെ ശിവനിൽ വിഷ്ണുവും വിഷ്ണുവിൽ ശിവനും കുടിയിരിക്കുന്നു എന്ന് എല്ലാവർക്കും കാട്ടിക്കൊടുക്കുകയായിരുന്നു ആ മുനിവര്യൻ. അതുവരെ മാണിക്യമൂർത്തിയായി അറിയപ്പെട്ടിരുന്ന തീർത്ഥനാഥൻ ശങ്കരനാരായണ സിദ്ധിയേറ്റ സംഗമേശ്വരനായി തീർന്നു.

ശ്രീരാമചന്ദ്രന്റെ വനവാസ കാലത്ത് അയോദ്ധ്യ ഭരിച്ചിരുന്ന ഭരതൻ ജ്യേഷ്ഠൻ തിരിച്ചു വരുന്ന വിവരം ഹനുമാനിൽ നിന്നുമറിഞ്ഞ് അതീവ സന്തുഷ്ടനായി നില്ക്കുന്ന അവസ്ഥയിലും ഭാവത്തിലുമാണ് സംഗമേശ്വരൻ നിലകൊള്ളുന്നത്. എല്ലാവിധ രാജകീയ കലകളും പ്രൗഢിയും ഉൾക്കൊണ്ട രൂപമാണ് കൂടൽമാണിക്യസ്വാമിയുടേത്. ക്ഷേത്രപ്രദക്ഷിണം പൂർത്തിയാകണ മെങ്കിൽ തീർത്ഥക്കുളവും കൂത്തമ്പലവും ക്ഷേത്രത്തോടൊപ്പം പ്രദക്ഷിണത്തിൽ ഉൾപ്പെടുത്തണമെന്ന് വിശ്വസിക്കുന്നു. കലീപനി മഹർഷി യജ്ഞങ്ങൾക്കായി ഉപയോഗിച്ച ഹോമകുണ്ഡങ്ങളിലൊന്ന് കുലീപനി തീർത്ഥക്കുളത്തിൽ ഇന്നും കാണാം എന്നത് ഈ ആചാരത്തിന് കൂടുതൽ വിശ്വാസം നൽകുന്നു. തീർത്ഥകുളത്തിൽ ഗംഗ, യമുന, സരസ്വതി തുടങ്ങിയ ദിവ്യനദികളുടെ സാന്നിദ്ധ്യമുണ്ടെന്നു വിശ്വസിക്കുന്നു. അഭിഷേകത്തിനും, പൂജാദികർമ്മങ്ങൾക്കും ഈ കുളത്തിലെ തീർത്ഥജലമാണ് ഉപയോഗിക്കുന്നത്. തീർത്ഥക്കുളത്തിലെ മത്സ്യങ്ങൾ ഓരോ ദേവൻമാരുടെ അവതാരങ്ങളാണെന്നാണ് വിശ്വാസം. ക്ഷേത്രക്കുളത്തിൽ നിന്നും ആരും മീൻ പിടിക്കാറില്ല. മീനൊഴികെ മറ്റു ജലജീവികളെയൊന്നും ഈ കുളത്തിൽ കാണാൻ കഴിയുകയില്ല. ശ്വാസകോശസംബന്ധമായ രോഗശമനത്തിന് തീർത്ഥക്കുളത്തിലെ മീനൂട്ട് വളരെ വിശേഷമാണ്. രണ്ടര ഏക്കറാണ് തീർത്ഥകുളത്തിന്റെ വിസ്തീർണ്ണം ക്ഷേത്ര മതിൽകെട്ടിനകത്ത് ഇത്രയും വിശാലമായ കുളം കൂടൽമാണിക്യം ക്ഷേത്രത്തിന്റെ മാത്രം പ്രത്യേകതയാണ്. കുടപ്പുഴ, രാപ്പാൾ എന്നീ ഇരു ചാലുകൾക്കിടയിലാണ് ഈ സ്ഥലം. ഇരുചാലുകൾക്കിടലോപിച്ച് ഇരിങ്ങാലക്കുട ആയി എന്നും വിശ്വസിക്കുന്നു. ഉദരരോഗശാന്തിക്ക് വഴുതനങ്ങ നിവേദ്യം നടത്തുന്നത് ഇവിടുത്തെ പ്രധാന വഴിപാടാണ്. തുലാമാസത്തിലെ തിരുവോണ ദിവസമാണ് തൃപ്പുത്തരി. സർവ്വജീവിസമർപ്പണമായ ഒരു യജ്ഞവിശേഷമാണ് തൃപ്പുത്തരി. പണ്ടുകാലത്ത് പക്ഷികൾക്കും മറ്റും ഭക്ഷിക്കുവാൻ വേണ്ടി ചോറ് കുട്ടകളിലാക്കി മരക്കൊമ്പുകളിൽ കെട്ടിത്തൂക്കുമായിരുന്നു. തൃപ്പുത്തരിയുടെ പിറ്റേന്നാണ് മുക്കുടി നിവേദ്യം. ഉദരരോഗങ്ങൾക്ക് സിദ്ധൗഷധമാണ് മുക്കുടി. മുക്കുടി സേവിച്ചാൽ അടുത്ത ഒരു വർഷത്തേയ്ക്ക് ഉദരരോഗങ്ങളുണ്ടാവില്ല എന്നാണ് വിശ്വാസം.

വില്വമംഗലത്ത് സ്വാമിയാർ ഒരു തൃപ്പുത്തരി പിറ്റേന്ന് പുലർച്ചെ കൂടൽമാണിക്യ ക്ഷേത്രദർശനത്തിനെത്തി. ശ്രീകോവിലിൽ ഭഗവാനെ കണ്ടില്ല. ഭഗവാന്റെ ലീലകളറിയാവുന്ന അദ്ദേഹം എല്ലായിടത്തും ഭഗവാനെ തിരഞ്ഞു. ഒടുവിൽ ഭഗവാനെ കണ്ടത് ക്ഷേത്ത്രിനു തെക്കുള്ള പാടത്താണ്. സ്വാമിയാരെ കണ്ടപ്പോൾ പുഞ്ചിരിച്ചുകൊണ്ടു ഭഗവാൻ പറഞ്ഞു. പുത്തരി നിവേദ്യം കേമമായി, പക്ഷേ വയറിനു നല്ല സുഖമില്ല. ധന്വന്തരി മൂർത്തിയായ ഭഗവാന് അസുഖമോ എന്നദ്ദേഹം ചിന്തിച്ചു. പുത്ത രി നിവേദ്യത്തിനുശേഷം ഉദരരോഗശാന്തി ഉദ്ദേശിച്ചുള്ള ഒരു നിവേദ്യമാകാമെന്നാണ് ഭഗവാൻ ഉദ്ദേശിച്ചത് എന്ന് സ്വാമിയാർക്ക് മനസ്സിലായി. പുത്തരി പിറ്റേന്ന് മുക്കുടി നിവേദ്യത്തിനുള്ള ഏർപ്പാടാക്കിയതിനുശേഷമാണ് സ്വാമിയാർ ഇരിങ്ങാലക്കുടയിൽ നിന്നു പോയത് എന്നാണ് കഥ. താമരമാലയാണ് പ്രധാന വഴിപാട്. അവൽ നിവേദ്യം, നെയ്‌വിളക്ക്, കൂത്ത് എന്നിവയും പ്രധാനമാണ്. ഈ ക്ഷേത്രത്തിൽ മൂന്നു പൂജയേയുള്ളു. നാലു പൂജകൾ നടക്കുന്നത് പുത്തരി ദിവസം മാത്രമാണ്. തെച്ചിയും തുളസിയും ഇവിടെ വളരാറില്ല. ചന്ദനത്തിരി, കർപ്പൂരം എന്നിവ ഉപയോഗിക്കാറുമില്ല. ഇവിടെ ഉപദേവൻമാരുമില്ല. ക്ഷേത്രത്തിൽ നിന്ന് ഏഴു കിലോമീറ്റർ അകലെയുള്ള പൊഞ്ഞനം ഭഗവതിക്ഷേത്രത്തിലെ ആറാട്ട് ഇവിടെയാണ് നടക്കുന്നത്. എന്നാൽ ക്ഷേത്ര പരിസരങ്ങളിലായി അഞ്ചു വിസ്തൃതമായ കുളങ്ങളുണ്ടായിട്ടും സംഗമേശ്വരന്റെ സ്വന്തം ആറാട്ട് ഒന്നിടവിട്ട വർഷങ്ങളിൽ ചാലക്കുടി ആറാട്ടു കടവിലും രാപ്പാൾ കുറുമാലിപ്പുഴയിലുമാണ് നടക്കുന്നത്.

മൂഴിക്കുളം ലക്ഷ്മണ പെരുമാൾ എന്ന മൂഴിക്കുളത്തപ്പൻ ക്ഷിപ്രകോപിയും ക്ഷിപ്ര പ്രസാദിയുമാണ്. സേതുബന്ധനത്തിനുവേണ്ടി വരുണനെ അഹോരാത്രം ഉപാസിച്ചിട്ടും പ്രത്യക്ഷപ്പെടാത്തതിനെ തുടർന്ന് ചാപബാണങ്ങൾ കൊണ്ടു വരൂ എന്റെ ശരവിക്രമം കണ്ടുകൊണ്ടാലും എന്ന് ശ്രീരാമചന്ദ്രൻ അരുളി ചെയ്യുമ്പോൾ ഒരു കാൽ

മുന്നോട്ടു വച്ച് കർത്തവ്യ നിഷ്ഠയോടെ നിസ്സംഗ ഭാവത്തിൽ അനുസരണയുള്ള അനുജനായാണ് ലക്ഷ്മണ സ്വാമി മൂഴിക്കുളത്തു നിലകൊള്ളുന്നത്. ലക്ഷ്മണപെരുമാൾ ക്ഷേത്രത്തിൽ എത്തണമെങ്കിൽ കഠിന പരീക്ഷണങ്ങൾ നേരിടേണ്ടി വരുമെന്നാണ് വിശ്വാസം. ഭഗവാന് കദളിപ്പഴം, പാൽപ്പായസം, തിരുവോണമൂട്ട് എന്നിവ നടത്തി പ്രാർത്ഥിച്ചാൽ ആയുരാരോഗ്യ സൗഖ്യവും, സന്താനലബ്ധിയും, സർപ്പദോഷ നിവാരണവുമാണ് ഫലമെന്നാണ് വിശ്വാസം. ക്ഷേത്രത്തിലെ മുഖ്യ പ്രതിഷ്ഠ ലക്ഷ്മണ സ്വാമിയുടെ പൂർണ്ണകായ രൂപമാണ്. അതേ ശ്രീകോവിലിൽ തന്നെ തെക്കോട്ടു ദർശന മായി ദക്ഷിണാമൂർത്തിയേയും, ഗണപതിയെയും, ശ്രീരാമനേയും, സീതയേയും, ഹനുമാനേയും കാണാം.

മൂഴിക്കുളത്തപ്പനെ ദർശിച്ച ശേഷമാണ് പായ മ്മൽ ശത്രുഘ്ന ക്ഷേത്രത്തിൽ എത്തേണ്ടത്. ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിൽ നിന്നും ആറു കിലോമീറ്റർ അകലെയാണ് പായമ്മൽ ക്ഷേത്രം. മഹാവിഷ്ണുവിന്റെ തൃക്കയ്യിൽ ശോഭിക്കുന്നതും, ശത്രുസംഹാരത്തിനായി മഹാവിഷ്ണു ഒടുവിൽ പ്രയോഗിക്കുന്നതുമായ സുദർശന ചക്രത്തിന്റെ ദിവ്യാവതാരമാണ് ശത്രുഘ്നസ്വാമി. മധു എന്ന രാക്ഷസൻ ഉഗ്രതാപം ചെയ്ത് പരമശിവനിൽ നിന്നും ഒരു ശൂലം നേടി. ഈ ശൂലം നിനക്കും നിന്റെ പുത്രൻ ലവണനും ശത്രുക്കളെ ഹനിക്കാൻ ഉപയോഗിക്കാം. ലവണന്റെ കാലശേഷം ഈ ശൂലം എന്നിലേക്ക് തന്നെ തിരിച്ചു പോരും എന്നു പറഞ്ഞ് പരമശിവൻ മറഞ്ഞു. മധു എന്ന രാക്ഷസൻ വളരെ നല്ലവനും മകൻ ലവണൻ അതിദുഷ്ടനുമായിരുന്നു. ദുഷ്ടനായ ലവണനെ നിഗ്രഹിക്കാൻ ശ്രീരാമചന്ദ്രൻ ശത്രുഘ്ന നോടജ്ഞാപിച്ചതനുസരിച്ച് യുദ്ധത്തിനു തയ്യാറായി നില്കുന്ന കോപാകുലനായ രൂപഭാവത്തിലാണ് ശത്രുഘ്നസ്വാമി പായമ്മലിൽ നില കൊള്ളുന്നത്. ഭഗവാന്റെ അംശാവതാരമായ ശത്രുഘ്ന സ്വാമിക്ക് സുദർശന പുഷ്പാഞ്ജലിയാണ് പ്രധാന വഴിപാട്. പൂജാദ്രവ്യങ്ങൾ സമർപ്പിക്കുന്നതു പോലെ സുദർശന ചക്രവും നടയിൽ സമർപ്പിക്കാവുന്നതാണ്. സുദർ ശനചക്ര സമർപ്പണത്തിലൂടെ കുടുംബത്തിൽ ഐശ്വ ര്യവും, കുടുംബശാന്തിയും ലഭിക്കുമെന്ന് വിശ്വാസി ക്കുന്നു.

പല വിധത്തിലുള്ള ആചാരാനുഷ്ഠാനുങ്ങളും പുണ്യകർമ്മങ്ങളും കൊണ്ട് കർക്കിടകത്തിലെ ജീവിതയാത്ര പൂർത്തിയാകുമ്പോൾ ആദിത്യദേവന്റെ അനുഗ്രഹവും തെളിഞ്ഞ വാനവുമായി പൊന്നിൻ ചിങ്ങം ചിരിതൂകി നില്ക്കുന്നുണ്ടാകും ഒപ്പം ജീവിതാ നുഭവങ്ങളും ചിരിതൂകുന്നവയാകണേ എന്നു നമുക്കാ ഗ്രഹിക്കാം ●

# അഭിനന്ദനങ്ങൾ



**എറണാകുളം കരയോഗാംഗവും കലാലോകത്തിന് സുപരിചിതവുമായ മാലതി. ജി. മേനോന്റെ ജീവചരിത്രവും അവർ തിരുവാതിര എന്ന കേരളത്തിന്റെ തനതായ കലാരൂ പത്തിനു നല്കിയ സംഭാവനകളെക്കുറിച്ചും ടീച്ചർ നാളിതു വരെ കൈവരിച്ചിട്ടുള്ള നേട്ടങ്ങളെക്കുറിച്ചും ലഭിച്ചിട്ടുള്ള അവാർഡുകളെക്കുറിച്ചും പ്രതിപാദിക്കുന്ന ഗുരു ദക്ഷിണ എന്ന ഡോക്യൂമെന്ററി ഷോട്ട് ഫിലീംഫെസ്റ്റ് നാഷണൽ 2016 സ്പെഷ്യൽ ജൂറി മെൻഷന് അർഹമായി. കേരളത്തിന്റെ കലാനഭസ്സിൽ തിളങ്ങി നില്ക്കുന്ന നമ്മുടെ ടീച്ചർ കാലാ തീതമായി കലാലോകത്തിൽ ഒരു ഇതിഹാസ കഥാപാത്ര മായി നിലനില്ലക്കട്ടെ എന്ന് എറണാകുളം കരയോഗം ആശംസിക്കുന്നു.**



# എത്ര മനോഹരം ബാല്യകാലം

ആർ. പുരുഷോത്തമൻ നായർ



ഓർമ്മയിൽ തെളിയുമെൻ ബാല്യകാലം
എത്രമനോഹരമായിരുന്നു!
നിശ്ചലമായൊരീ കായലിൻ തിരത്ത്
നിശബ്ദ സായാഹ്ന വേളകളിൽ
എന്തേയശാന്തമെൻ ചിത്തമിപ്പോൾ
എന്നോ മറഞ്ഞൊരാ ബാല്യം മനസ്സിൽ
വന്നു നിറഞ്ഞതു കാരണമേ?

അംബരചുംബികൾ, ആകാശസൗധങ്ങൾ
അരികിലായ് തിർത്ത തടവറയിൽ
ഞാനുമെൻ പിന്നിലെ തലമുറയും
ശ്വാസം ലഭിക്കാതുഴറി നില്ക്കെ
ഗ്രാമീണ ഭംഗികളെന്നും തലോടിയ
ബാല്യകാലത്തെ ഞാനോർത്തു പോയി.

ഓർക്കുന്നു ഞാനാ പുഴയെ , യെൻ
ഗ്രാമത്തിലൊഴുകുന്ന പെരിയാറിനെ.
കൂട്ടരുമൊത്തു കുളിക്കുവാനും
ആവോളം നീന്തിത്തുടിക്കുവാനും,
കാനന ഭംഗികൾ നിഴലിട്ടു നിൽക്കുന്ന
പുഴയുടെയാഴത്തിൽ മുങ്ങുവാനും
നിമിഷങ്ങൾ നീങ്ങവേ ഒന്നുമറിയാതെ
കാടിന്റെ ചന്തം നുണയുവാനും....
ആർത്തു രസിച്ചു നടന്നൊരാ നാളുകൾ
എത്ര മനോഹരം ബാല്യകാലം !

എല്ലാം കഴിഞ്ഞുപോയ് എത്രയോ, കാലമായ്
എങ്കിലുമോർക്കുന്നു ഇന്നലെയെന്നപോൽ
നനയുന്നു കണ്ണുകൾ ഓർക്കവേ ഞാനെന്റെ
ഗ്രാമം വെടിഞ്ഞിട്ടു പോന്ന കാലം
മായിക ശക്തിയാൽ നഗരം വിളിക്കവേ
ആയില്ലതിനെ ചെറുത്തു നില്ക്കാൻ.

ഇന്നീത്തടവറക്കുള്ളിലെ ചരടുകൾ
എന്നെ വരിഞ്ഞുമുറുക്കിടുമ്പോൾ
തെളിയുന്നു വീണ്ടുമെൻ ബാല്യകാലം
കണ്ണുകൾ നിറയുന്നതെന്തിനാവോ ?



# കിട്ടുവിന്റെ ആത്മരോദനം

ഡോ. കെ. ഹരിഹരൻ

അന്ന് രാത്രി മുഴുവൻ നല്ല മഴ ആയിരുന്നു. ഞാൻ കിടന്നുറങ്ങിയിരുന്ന കീറപായ മുഴുവൻ മഴവെള്ളത്തിൽ കുതിർന്നു. തണുത്തു വിറച്ചു പേടിച്ചു നില്ക്കുമ്പോൾ അമ്മ എന്റെ അടുത്തേയ്ക്ക് ഓടി വന്നു. പിന്നെ എന്നേയും എടുത്ത് എവിടേയ്ക്കോ ഓടി. അമ്മയും ഞാനും ഒരു വീടിന്റെ വിശാലമായ വരാന്തയിൽ എത്തി, അവിടെ എന്നെ കിടത്തി താലോലിച്ച് പിന്നെ പാലു തന്നു. ഞാൻ സുഖമായി അമ്മയുടെ തുടുത്ത വയറു പറ്റി കിടന്നുറങ്ങി. നേരം വെളുത്ത് കണ്ണു തുറന്നപ്പോൾ അമ്മ എന്റെ അടുത്ത് ഇല്ലായിരുന്നു. ഏതോ ഒരു മനുഷ്യനും അയാളുടെ രണ്ട് മക്കളും എന്നെയും നോക്കി എന്റെ കൺമുൻപിൽ.

ഞാനാകെ പേടിച്ചു പോയി. എനിക്ക് സങ്കടം അടക്കാൻ കഴിഞ്ഞില്ല. കരയാൻ ശ്രമിച്ചു എങ്കിലും പേടിച്ച് ശബ്ദം പുറത്തു വന്നില്ല. അവർ മൂന്നുപേരും എനിക്കു ചുറ്റുമായി ഇരുന്നു. എന്നിട്ട് ആ മനുഷ്യൻ കുട്ടികളോടു പറഞ്ഞു.

ഹായ് നല്ല സുന്ദരക്കുട്ടൻ. പാവം തണുത്തു വിറച്ച് പേടിച്ചു കിടക്കുകയാണ്. നമ്മൾക്ക് ഇവനെ എടുത്തു വളർത്താം. തല്കാലം പാലു കൊടുത്തു നോക്കാം, കുടിക്കുമായിരിക്കും.

അപ്പോൾ കുട്ടികൾ പറഞ്ഞു.

അച്ഛാ, ഇതിനെ വീട്ടിൽ കയറ്റിയാൽ അമ്മ നമ്മളെ വഴക്കു പറയും. അമ്മ കാണാതെ നമ്മൾക്ക് ഇവന് പാലു കൊടുക്കാം.... അവർ മൂന്നു പേരും കൂടി എന്നെ വരാന്തയിൽ നിന്നും എടുത്ത് അടുക്കളയിൽ കൊണ്ടു വന്ന് പാലു കുടിപ്പിച്ചു. എനിക്ക് കിട്ടു എന്ന ഓമനപ്പേരും തന്നു.

എനിക്ക് ഒരു പാട് സന്തോഷം തോന്നി.

അപ്പോഴേക്ക് കുട്ടികളുടെ അമ്മ അവിടെ എത്തി. അച്ഛനേയും കുട്ടികളേയും വഴക്കു പറയുന്നത് ഞാൻ ശ്രദ്ധിച്ചു. പക്ഷെ പേടിച്ചു ഞാൻ അനങ്ങാതെ അവിടെ നിന്നു.

എന്തായാലും അമ്മ എന്നെ പുറത്താക്കിയില്ല.

ആ ധൈര്യത്തിൽ അച്ഛനും കുട്ടികളും എന്നെ മുൻപിലത്തെ മുറിയിൽ കൊണ്ടു വന്ന് കിടത്തി. അവർ മൂന്നുപേരും എനിക്കു ചുറ്റിനും കുറേ നേരം കാവലിരുന്നു. പിന്നെ എഴുന്നേറ്റു പോയി.

അച്ഛൻ ഓഫീസിൽ പോകാൻ ഒരുങ്ങി വന്നു. ആഹാരമൊക്കെ കഴിച്ചു. എന്നിട്ട് കുട്ടികളോടു പറഞ്ഞു. 'കിട്ടുവിന് ഇടക്കിടക്ക് പാലു കൊടുക്കണമെന്ന്' അവർ എല്ലാം തലയാട്ടി സമ്മതിച്ചു. അച്ഛൻ പോയിക്കഴിഞ്ഞ് കുട്ടികൾ രണ്ടു പേരും കുറേനേരം എന്റെ അടുത്തിരുന്ന് എന്നെ കളിപ്പിച്ചു, എനിക്കു വീണ്ടും പാലു തന്നു. എന്നിട്ടവർ പഠിക്കാൻ പോയി. ഇടക്കിടെ കുട്ടികൾ രണ്ടു പേരും മാറി മാറി എന്നെ കളിപ്പിക്കും. അതു കാണുമ്പോൾ അമ്മ അവരെ ശാസിക്കും, പോയി ഇരുന്നു പഠിക്കാൻ പറയും. എനിക്ക് അമ്മയുടെ ശബ്ദം കേൾക്കുമ്പോൾ പേടിയും ദ്വേഷ്യവും വരും. പക്ഷെ പ്രതികരിക്കാൻ കഴിയില്ലല്ലോ. അതിനുള്ള അവകാശവും എനിക്കില്ലല്ലോ.

വൈകിട്ട് അച്ഛൻ വന്ന് ആദ്യം അന്വേഷിച്ചത് എന്നെയാണ്. എനിക്കതിൽ അഭിമാനം തോന്നി. അദ്ദേഹത്തിന്റെ സ്നേഹത്തിൽ ഞാൻ ഒരുപാട് സന്തോഷിച്ചു. അദ്ദേഹം എന്റെ അരികിലെത്തി. എന്നെ എടുത്തു ഓമനിച്ചു, എന്റെ ദേഹം മുഴുവൻ തലോടി എന്നിട്ട് എന്നെ സ്നേഹത്തോടെ നിറുകയിൽ ചുംബിച്ചു. പിന്നെ കുറേനേരം എന്റെ

അടുത്തു തന്നെ ഉണ്ടായിരുന്നു.

ദിവസങ്ങൾ പൊയ്ക്കൊണ്ടിരുന്നു. എനിക്ക് മറ്റു പ്രശ്നങ്ങളൊന്നും ഉണ്ടായില്ല. ഞാൻ വളർന്നു വലുതായിക്കൊണ്ടിരുന്നു. ഓടാനും ചാടാനും ഒക്കെ ചേട്ടൻമാരെന്നെ പഠിപ്പിച്ചു. എനിക്ക് അവരുടെ കൂടെ കളിക്കാൻ വലിയ ഇഷ്ടമായിരുന്നു. ഊണിലും ഉറക്കത്തിലുമൊക്കെ ഞാനവരുടെ കളിക്കൂട്ടുകാരനായി മാറി. ചേട്ടൻമാരുടെ കണ്ണുവെട്ടിച്ച് ചിലപ്പോൾ ഞാൻ റോഡിലേയ്ക്ക് ഓടുമായിരുന്നു. അവരെന്നെ ഓടിച്ചിട്ടു പിടിക്കും. മുറിയിൽ കൊണ്ടു വന്നടച്ചിടും. അപ്പോൾ ഞാൻ ഉറക്കെ കരയും. പിന്നെ അവർ എന്നെ സ്വതന്ത്രനാക്കും.

കാലം കഴിയുന്തോറും ഞാൻ ആ വീട്ടിലെ ഒരംഗമായി മാറി കഴിഞ്ഞിരുന്നു. എനിക്ക് അവിടുത്തെ എല്ലാ മുറികളിലും പോകാനും കസേരകളിൽ കയറി കിടന്നുറങ്ങാനും ഒക്കെ സ്വാതന്ത്ര്യം കിട്ടി. ചേട്ടൻമാരുടെ കൂടെ രണ്ടാം നിലയിലേക്ക് പടികൾ കയറി പോകാൻ ഞാൻ പഠിച്ചു. അവധിദിവസങ്ങളിൽ അച്ഛൻ നേരത്തെ എഴുന്നേറ്റു വരും, എനിക്കു പാൽ തരും. പിന്നെ പേപ്പർ വായിക്കാനിരിക്കും. അച്ഛന്റെ അടുത്തുള്ള കസേരയിൽ ഞാൻ കയറി കിടക്കും. ഇടക്കിടക്ക് അച്ഛൻ എന്നെ തലോടുകയും, തല്ലുകയും, ഇടിക്കുകയും ഒക്കെ ചെയ്യും. അങ്ങനെയാണ് അച്ഛന്റെ സ്നേഹപ്രകടനം. പക്ഷെ ഞാനതൊക്കെ ആസ്വദിച്ച് ആ കസേരയിൽ നീണ്ടു നിവർന്ന് കിടക്കും. പേപ്പർ വായന കഴിഞ്ഞാൽ എന്നെ തട്ടി വിളിച്ച് എഴുന്നേല്പിക്കും. എന്നിട്ട് ഉത്തരവിടും നീ പോയി ചേട്ടൻമാരെ വിളിച്ചു കൊണ്ടു വരൂ അതു കേൾക്കാൻ ഞാൻ കാത് കൂർപ്പിച്ച് കിടക്കുക ആയിരിക്കും. ഉടൻ തന്നെ ചേട്ടൻമാരെ വിളിക്കാൻ ഞാൻ പടി കയറി മുകളിലത്തെ നിലയിലെത്തും, പതുക്കെ കൈകൊണ്ട് വാതിൽ തുറന്ന് അകത്തു കയറും. എന്നിട്ട് കട്ടിലിൽ കിടന്നുറങ്ങുന്ന ചേട്ടനെ നോക്കി കുറേനേരം ഇരിക്കും. പിന്നെ ചില ശബ്ദങ്ങളൊക്കെ ഉണ്ടാക്കും, എന്നാലും ചേട്ടൻ എഴുന്നേല്ക്കില്ല. പിന്നെ ഞാൻ കട്ടിലിലേയ്ക്ക് ഒരു ചാട്ടം, എന്നിട്ട് ചേട്ടന്റെ കൈയ്യിൽ ഒന്നു മാന്തും. അപ്പോൾ ചേട്ടൻ കണ്ണു തുറന്ന് എന്നെ പുതപ്പിനുള്ളിലാക്കും. കുറേ നേരം ഞങ്ങൾ കെട്ടിപ്പിടിച്ചു കിടക്കും. ചിലപ്പോൾ എനിക്കു ശ്വാസം മുട്ടും. എന്നാലും അത് ഒരു സുഖമാണ്. ഒരാളുടെ ഊഴം കഴിയുമ്പോൾ ആ ചേട്ടനുമായി ഞാൻ അടുത്ത മുറിയിൽ കിടന്നുറങ്ങുന്ന ചേട്ടന്റെ അടുത്തേയ്ക്ക് ചെന്ന് ഞങ്ങൾ മൂന്നുപേരും കെട്ടിപ്പിടിച്ച് ഒരു പുതപ്പിനുള്ളിൽ കുറേനേരം കൂടി കിടക്കും. അപ്പോൾ തഴെ നിന്നും അമ്മയുടെ വിളി വരും. ഒൻപതു മണി ആയി ബ്രേക്ക്ഫാസ്റ്റ് റെഡി. കഴിക്കാൻ വന്നോളൂ. തട്ടിക്കുടഞ്ഞെണീറ്റ് ചേട്ടൻമാർ രണ്ടുപേരും ബാത്റൂമിൽ കയറും. ഞാൻ രണ്ടുപേരേയും കാത്ത് അവിടെ ഇരിക്കും. പിന്നെ ഞങ്ങൾ മൂവരും ഡൈനിംഗ്റ്റേബിളിന് ചുറ്റുമുള്ള കസേരയിൽ ഇരിക്കും. ഞാൻ താഴെ അവർ കഴിക്കുന്നതും നോക്കി ഇരിക്കും. ഇടക്കിടെ അവരുടെ പാത്രത്തിൽ നിന്നും ദോശയോ ഇഡ്ഢലിയോ മുറിച്ച് ചെറിയകഷ്ണങ്ങളാക്കി എനിക്ക് ഇട്ടു തരും.

പിന്നെ കളിയും തമാശയുമൊക്കെയായി ചേട്ടൻമാരും അച്ഛനും ഞാനും കുറേനേരം മുൻവശത്തെ വരാന്തയിൽ പോയി ഇരിക്കും. ചിലപ്പോൾ ചേട്ടൻമാർ രണ്ടു പേരും കൂടി തമ്മിൽ തല്ലും ബഹളവും വെയ്ക്കും. അച്ഛൻ അവരെ വഴക്കു പറയും. അമ്മ അടുക്കളയിൽ ഭക്ഷണം ഉണ്ടാക്കുന്ന തിരക്കിലാകും. ഞാൻ കുറേ കഴിയുമ്പോൾ ലീവിംഗ് റൂമിലെ വലിയ സോഫയിൽ കയറി നീണ്ടു നിവർന്ന് കിടന്നുറങ്ങും. അവിടെ കിടന്നുറങ്ങുന്നത് ഒരു പ്രത്യേക സുഖമാണ്. ഇടക്കിടെ ചേട്ടൻമാരും അച്ഛനും എന്നെ വന്ന് ഉപദ്രവിച്ചു കൊണ്ടിരിക്കും. എനിക്കതിലൊന്നും ഒരു പരിഭവും തോന്നിയിട്ടില്ല.

നല്ല മഴ പെയ്യുന്ന ഒരു ദിവസം ഞങ്ങൾ എല്ലാവരും മുൻവശത്തെ വരാന്തയിൽ ഇരുന്നു കളിക്കുക ആയിരുന്നു. പെട്ടെന്ന് ഞാൻ റോഡിലേയ്ക്കിറങ്ങി. പിന്നെ പറയണ്ടല്ലോ മഴയിൽ ഞാൻ ശരിക്കും നനഞ്ഞു. പക്ഷെ എന്റെ കുറുമ്പു കാരണം ഉടനെ തിരികെ കയറി വരാൻ തോന്നിയില്ല. റോഡിൽ കൂടി കുറെ നേരം മഴയത്ത് ഓടിക്കളിച്ചു. അച്ഛൻ ശകാരിച്ചു. വിളിച്ചപ്പോൾ വീട്ടിൽ കയറി. ചേട്ടൻമാർ തുവർത്തെടുത്ത് ദേഹത്തെ വെള്ളം ഒപ്പി കളഞ്ഞു. അധികം കഴിഞ്ഞില്ല. എനിക്ക് വല്ലാത്ത ക്ഷീണം തോന്നി. ഞാൻ വരാന്തയിൽ കിടന്നുറങ്ങി. രാത്രിയിൽ ശരിക്കും തണുത്തു വിറക്കുകയായിരുന്നു. നല്ല പനിയും.

രാവിലെ അച്ഛൻ വന്നു നോക്കുമ്പോൾ എനിക്ക് കണ്ണു തുറന്ന് നോക്കാൻ പോലുമുള്ള ശക്തിയില്ലായിരുന്നു. അച്ഛൻ പാലു കുടിക്കാൻ വിളിച്ചു, പാലു കുടിച്ചില്ല. എനിക്കെന്തോ കുഴപ്പമുണ്ട് എന്ന് അച്ഛന് മനസ്സിലായി. എന്നെയും എടുത്ത് കാറിൽ കയറ്റി ഡോക്ടറുടെ അടുത്തു കൊണ്ടു പോയി. പനിയാണെന്ന് ഡോക്ടർ പറഞ്ഞു. കുറെ

മരുന്നുകളും കൊടുത്തു. മരുന്നു കുടിപ്പിക്കാൻ അച്ഛൻ ഒരു പാട് ശ്രമം നടത്തി. അച്ഛന്റെ സങ്കടവും ദേഷ്യവും ഒക്കെ കണ്ടപ്പോൾ എനിക്കു സഹതാപം തോന്നി. അച്ഛൻ എന്നെ കവിളിൽ അമർത്തിപ്പിടിച്ച് വാ തുറപ്പിച്ചു. എന്നിട്ട് ഫില്ലറിലെ മരുന്നു മുഴുവൻ എന്റെ തൊണ്ടയിലേക്കു ഒഴിച്ചു തന്നു. രണ്ടു മൂന്നു പ്രാവശ്യം മരുന്നു കഴിച്ചപ്പോൾ എന്റെ പനി മാറി. പക്ഷെ ക്ഷീണം മാറിയില്ല. പാലല്ലാതെ മറ്റൊരാഹാരവും കഴിക്കാൻ സ്വാദ് തോന്നിയില്ല. ഏകദേശം ഒരാഴ്ച അച്ഛനും ചേട്ടൻമാരും എന്നെ പരിചരിച്ചു. വീണ്ടും ഞാൻ ഉന്മേഷവാനായി അവരുടെ കൂടെ കളിക്കാൻ തുടങ്ങി.

ഒരു ദിവസം ഉച്ച കഴിഞ്ഞ് രണ്ടു മണി ആയിക്കാണും. ഞാൻ വരാന്തയിൽ കിടക്കുമ്പോൾ എന്തോ ഇഴഞ്ഞിഴഞ്ഞ് വരാന്തയിലേക്ക് വരുന്നതു കണ്ടു. നോക്കിയപ്പോൾ വലിയ ഒരു പാമ്പ്. ഞാൻ ശരിക്കും ഞെട്ടി വിറച്ചു പോയി. എനിക്കെന്തെങ്കിലും ചെയ്യാൻ കഴിയുന്നതിനു മുൻപേ അത് ഇഴഞ്ഞു വീടിനുള്ളിലേക്ക് കയറിപ്പോയി. ഞാൻ മുറിയിലേക്ക് ഓടി വന്ന് നോക്കിയപ്പോൾ അമ്മ കട്ടിലിൽ കിടന്നുറങ്ങുകയാണ്. അച്ഛനും ചേട്ടൻമാരും വീട്ടിൽ ഇല്ലാത്ത സമയം. ഞാൻ ഒച്ച വെച്ച് അമ്മയെ ഉണർത്തി. അമ്മ എന്നെ വഴക്കു പറഞ്ഞുകൊണ്ട് അടിക്കാൻ വന്നു. ദൈവാധീനം അമ്മ പാമ്പിനെ കണ്ടു. അമ്മ ഓടി പുറത്തു വന്ന് അടുത്ത വീട്ടിലെ അങ്കിളിനെ വിളിച്ചു കൊണ്ടു വന്നു. അപ്പോഴേയ്ക്കും പാമ്പ് ഇഴഞ്ഞു വന്ന് സ്റ്റെയർകേസിന് കീഴിൽ വെച്ചിരുന്ന പേപ്പർ കെട്ടിനുള്ളിൽ കയറി ഒളിച്ചു. എന്റെ നോട്ടം പേപ്പൽ കെട്ടിനുള്ളിലേയ്ക്ക് ആണ് എന്ന് അങ്കിൾ മനസ്സിലാക്കി. അദ്ദേഹം പേപ്പർ കെട്ടു വലിച്ച് വരാന്തയിൽ കൊണ്ടു വന്ന് വടികൊണ്ട് തട്ടി . അപ്പോൾ പാമ്പ് അതിൽ നിന്നും ഇറങ്ങി പുറത്തേയ്ക്കു പോയി. ഹമ്മേ രക്ഷപ്പെട്ടു.!

അന്നു മുതൽ അമ്മയും എന്നെ ഇഷ്ടപ്പെട്ടു തുടങ്ങി. പക്ഷെ കളിപ്പിക്കാനോ, തൊടാനോ ഒന്നും അമ്മയ്ക്ക് ഇഷ്ടമില്ലായിരുന്നു.

അച്ഛൻ ടി.വി. കാണാൻ ഇരിക്കുമ്പോൾ ഞാനും അടുത്ത കസേരയിൽ കയറി ഇരിക്കും. അത്, അമ്മയ്ക്കുള്ള കസേര ആണെന്ന് എനിക്കറിയാം. പക്ഷെ ആ അവകാശം മിക്കപ്പോഴും ഞാൻ താഴെ ഇരുന്ന് എന്റെ ദേഷ്യം പ്രകടിപ്പിക്കും. അമ്മ അതിൽനിന്നും എണീറ്റാലുടൻ ഞാനാസ്ഥാനം പെട്ടെന്ന് കരസ്ഥമാക്കും. പിന്നെ അമ്മ വേറെ കസേരയിൽ പോയി ഇരിക്കും. അപ്പോൾ എല്ലാവരും അമ്മയെ കളിയാക്കും. ഒരു ദിവസം അവരെല്ലാവരും വീടും പൂട്ടി പുറത്തുപോയി. ഞാൻ വീട്ടിനകത്തുണ്ട് എന്ന് അവരാരും അറിഞ്ഞില്ല. ആ തക്കം നോക്കി ഞാൻ അച്ഛന്റെ കിടക്കയിൽ കയറി സുഖമായി കിടന്നുറങ്ങി. ഇടയ്ക്ക് അതിൽ മൂത്രമൊഴിക്കുകയും ചെയ്തു. അവർ തിരിച്ചു വന്നപ്പോൾ ഒന്നും അറിയാത്ത ഭാവത്തിൽ ഞാൻ സെറ്റിയിൽ വന്നു കിടന്നു. ബെഡ്റൂമിൽ അച്ഛനും അമ്മയും കയറിയപ്പോൾ തന്നെ അവർക്ക് മനസ്സിലായി ഞാൻ കിടക്കയിൽ കയറി പണി ഒപ്പിച്ചിട്ടുണ്ട് എന്ന്. അമ്മയ്ക്ക് കലി കയറി, എന്നെ വീട്ടിൽ നിന്നും ഓടിച്ചു വിടാൻ അച്ഛനോട് പറഞ്ഞു. അച്ഛൻ എവിടെ നിന്നോ ഒരു വടിയും സംഘടിപ്പിച്ച് വന്ന് എന്നെ അടിച്ചു. ഞാൻ ഓടി റോഡിലിറങ്ങി. അന്നു രാത്രി ഞാൻ വളരെ വൈകി വരാന്തയിൽ വന്നു കിടന്നുറങ്ങി.

അച്ഛന്റെ പിണക്കമെല്ലാം രാവിലെ മാറിയിരുന്നു. പതിവുപോലെ എനിക്ക് ആഹാരമൊക്കെ തന്നു, തിരികെ വീടിനുള്ളിൽ പ്രവേശിക്കുവാനുള്ള അനുമതിയും കിട്ടി. അച്ഛൻ മിക്കവാറും സ്കൂട്ടറിലാണ് ഓഫീസിൽ പോയിരുന്നത്. അതിന്റെ ശബ്ദം ദൂരെ നിന്നെ എനിക്കു മനസ്സിലാകും. വൈകുന്നേരം അച്ഛന്റെ സ്കൂട്ടർ ശബ്ദം കേട്ടാലുടൻ ഞാൻ ഓടി എത്തും. എന്നിട്ട് അച്ഛന്റെ കൂടെ ബെഡ്റൂമിൽ പോകും. ബാത്റൂമിനു മുൻപിൽ കാവലിരിക്കും. അച്ഛൻ അവിടെ നിന്നും ഇറങ്ങി വരുന്നതു വരെ. പിന്നെ പാലുകുടി, ഭക്ഷണം അതുകഴിഞ്ഞ് അച്ഛന്റെ സ്കൂട്ടറിന്റെ സീറ്റിൽ കയറി കിടക്കാൻ എനിക്ക് ഒരു പാട് ഇഷ്ടമാണ്. അച്ഛന്റെ മണം ആ വാഹനത്തിനുള്ളിൽ എപ്പോഴും ഉണ്ടാകും. ആ മണവും ആസ്വദിച്ച് അവിടെ കിടക്കാൻ ഒരു പ്രത്യേക സുഖമാണ്.

കാലം വീണ്ടും പലതും മാറി മറഞ്ഞു, ചേട്ടൻമാർ രണ്ടുപേരും പഠിക്കാനായി ദൂരെ ഏതോ സ്ഥലങ്ങളിലേക്ക് പോയി. പിന്നെ അമ്മയും അച്ഛനും മാത്രമെ ആ വീട്ടിൽ ഉണ്ടായിരുന്നുള്ളു. അച്ഛന് കൂട്ട് ഞാനും എനിക്ക് കൂട്ട് അച്ഛനും. ഞങ്ങൾക്ക് വലിയ ബോറടിയൊന്നുമുണ്ടായില്ല. വളരെ സന്തോഷമുള്ള ദിനങ്ങൾ ഞങ്ങൾ ആസ്വദിച്ചു ജീവിച്ചു.

കുറച്ചു നാൾ കഴിഞ്ഞപ്പോൾ ഒരു ദിവസം അച്ഛനും അമ്മയും വീടു പൂട്ടി എവിടേയ്ക്കോ കാറിൽ കയറി പോയി. എന്നോട് ഒരു വാക്കു പോലും പറഞ്ഞില്ല, ഞാൻ കാത്തു കാത്തിരുന്നു. അച്ഛന്റെ സ്കൂട്ടർ അവിടെ ഉണ്ടായിരുന്നു, അതെനിക്കൊരു

ആശ്വാസമായി. അച്ഛൻ എപ്പോഴെങ്കിലും തിരിച്ചു വരുമെന്ന പ്രതീക്ഷയുമായി കാലങ്ങൾ കഴിച്ചു കൂട്ടി. അതിനിടയിൽ വേറെ ഏതോ ഒരു ഫാമിലി ആ വീട്ടിൽ താമസം തുടങ്ങി. എന്റെ നെഞ്ചു പൊട്ടിപോകുന്നതുപോലെ തോന്നി. തല കറങ്ങി താഴെ വീഴാതിരിക്കാൻ ശ്രമിച്ചു. എനിക്കു മനസ്സിലായി അച്ഛനും അമ്മയും കുട്ടികളും എന്നെ ഉപേക്ഷിച്ച് നാടുവിട്ട് വേറെ എവിടെയോ താമസം തുടങ്ങിയിരിക്കുന്നു. പക്ഷെ ഒരാശ്വാസം, അച്ഛന്റെ മണമുള്ള ആ സ്കൂട്ടർ കാർ ഷെഡ്ഡിൽ ഉണ്ട്. ആരും കാണാതെ രാത്രിയിൽ ഞാൻ അതിൽ വന്നു കിടന്നുറങ്ങും.

എന്റെ മനോവിഷമം അടിക്കടി കൂടികൂടി വന്നു. ഭക്ഷണം എവിടെ നിന്നെങ്കിലും സംഘടിപ്പിക്കാൻ പോലും താല്പര്യം തോന്നിയില്ല. ആരോഗ്യം ഓരോ ദിവസവും ക്ഷയിച്ചു കൊണ്ടിരുന്നു. ശരീരത്തിലെ രോമമെല്ലാം കൊഴിഞ്ഞു പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ ഞാനൊരു വിരൂപി ആയി മാറി. എന്നെ കണ്ടാൽ ആളുകൾ കല്ലെറിഞ്ഞു ഓടിക്കും. പാത്തും പതുങ്ങിയും രാത്രിയിൽ എന്റെ അച്ഛന്റെ സ്കൂട്ടറിൽ വന്നു കിടന്നുറങ്ങും.എന്നെങ്കിലും എന്റെ അച്ഛൻ അവിടെ വീണ്ടും വരുമെന്ന് ഞാൻ ഉറച്ചു വിശ്വസിച്ചു. അതിനുവേണ്ടി രാവും പകലും ഞാൻ കാത്തിരുന്നു. ഒരു ദിവസം ഞാനച്ഛനെ അവിടെ കണ്ടു. എനിക്കു സന്തോഷമായി. ഞാൻ വന്ന് അച്ഛന്റെ സ്കൂട്ടറിൽ വന്നിരുന്നു. അച്ഛൻ വീട്ടിനുള്ളിൽ നിന്നും ഇറങ്ങി വന്നു. പക്ഷെ സ്കൂട്ടറിൽ ഇരിക്കുന്ന വിരൂപിയായ എന്നെ അദ്ദേഹം തിരിച്ചറിഞ്ഞില്ല. സ്കൂട്ടറിൽ നിന്ന് എന്നെ തട്ടി മാറ്റി. മിണ്ടാപ്രാണി ആയ എനിക്കു സംസാരിക്കാൻ കഴിയില്ലല്ലോ. ഞാനച്ഛന്റെ സ്വന്തം കിട്ടു പൂച്ചയാണെന്ന് എങ്ങനെ പറഞ്ഞു മനസ്സിലാക്കും? എന്റെ സങ്കടം ആരറിയാൻ? ഞാൻ വീണ്ടും സ്കൂട്ടറിൽ കയറി ഇരുന്നു. അച്ഛൻ ദേഷ്യത്തോടെ വീണ്ടും എന്നെ തട്ടി എറിഞ്ഞു. എനിക്ക് സങ്കടം സഹിക്ക വയ്യാതെ അവിടെ നിന്നും എങ്ങോട്ടെന്നില്ലാതെ നടന്നു.

അച്ഛനെ ഒരു നോക്കു കൂടി കാണാൻ ഞാൻ നടത്തം നിറുത്തി തിരിഞ്ഞു നിന്നു.

അച്ഛൻ പടി ഇറങ്ങി പോകുന്നതും നോക്കി ദുഃഖത്തോടെ ഞാനവിടെ നിന്നു. എന്റെ കണ്ണിൽ നിന്നു ധാരധാരയായി കണ്ണുനീർ അടർന്നു വീണു കൊണ്ടിരുന്നു ●

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
## 2016 ജൂലായ് /ആഗസ്റ്റ് മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 14.7.2016 | 18 ാം വാർഷികത്തോടനുബന്ധിച്ചുള്ള മത്സരങ്ങൾ<br>4 PM - 4.30 PM Words Game By G.P. Pillai<br>5 PM - 5.45 PM Cinema Quiz by S. Sreekumar | | | 877 |
| 21.7.2016 | രാമായണ മാസാചരണത്തോടനുബന്ധിച്ചുള്ള പരിപാടി<br>രാമായണ ക്വിസ് | | | 878 |
| 28.7. 2016 | 18-ാം വാർഷികത്തോടനുബന്ധിച്ചുള്ള മത്സരം<br>General Quiz- By T.V.G. Menon<br>Assisted by P. Jayaraman | | | 879 |
| 31.7. 2016 | 18-ാമത് വാർഷികം യമുന ഹാൾ 10 a.m. 5 p.m. | | | 880 |
| 4.8. 2016 | കെ. വിജയൻ | ടി.കെ. ശ്രീകുമാരൻ നായർ | വയോജനങ്ങൾ വഴിവിളക്കുകൾ | 881 |
| 11. 8.2016 | | ശ്രീവല്ലഭൻ നായർ | ആഘോഷിക്കാം ഈ സുവർണ്ണ ജൂബിലി | 882 |

തുടർച്ച...

# ഹൈന്ദവാചാര വൈകല്യം

നന്ദകുമാർ മേനോൻ

## തന്ത്രവും വേദാന്തവും

ക്ഷേത്രാചാരങ്ങൾ തന്ത്രശാസ്ത്രത്തിനനുസരിച്ചാണ്ന ടത്തപ്പെടുന്നത്. തന്ത്രവും വേദാന്തവും വ്യത്യസ്തമാണ്. വേദാന്തം ദ്വൈതം എന്നും അദ്വൈതം എന്നും മറ്റും പല വിഭാഗങ്ങളായി അറിയപ്പെടുന്നുണ്ടെങ്കിലും, പ്രധാനമായും ഉപനിഷത്തുകളെയും, ബ്രഹ്മസൂത്രത്തെയും ആശ്രയിച്ചാണിരിക്കുന്നത്. ഭഗവത്ഗീത അതിനെ കൂറെ ലളിതവത്കരിക്കുന്നുമുണ്ട്. അതിലെ പ്രധാന താത്പര്യം, സർവ്വം ഖല്വിദം ബ്രഹ്മ (ഇക്കാണുന്നതെല്ലാം ബ്രഹ്മമാണ്), പ്രജ്ഞാനം ബ്രഹ്മ (ആ ബ്രഹ്മം എന്നത് വിശേഷതരത്തിലുള്ള ഒരു ജ്ഞാനമാണ്), സച്ചിദാനന്ദം ബ്രഹ്മ(ആ ബ്രഹ്മം സത്,ചിത്, ആനന്ദം ഇവ ചേർന്നുള്ള സ്വരൂപമാണ്) അഹം ബ്രഹ്മാസ്മി (ഈ ഞാൻ ആ ബ്രഹ്മമാണ്) എന്നിങ്ങനെയുള്ള അറിവാണ്. അങ്ങിനെയുള്ള ആ ബ്രഹ്മം വേദാന്തിയെ സംബന്ധിച്ചിടത്തോളം നിർഗുണമാണ്. എന്നുവച്ചാൽ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ ഗുണങ്ങളിൽ ഒന്നുപോലും ഇല്ലാത്തതാണ് ആ ബ്രഹ്മം. മുൻ പറഞ്ഞ അഞ്ചു ഗുണങ്ങളും ഊടും പാവും പോലെ ഇടകലർന്ന ദ്രവ്യങ്ങൾ കൊണ്ടുണ്ടാക്കപ്പെട്ട ഈ പ്രപഞ്ചം മുഴുവൻ യാതൊന്നിന്റെ രൂപാന്തരമാണോ ആ ബ്രഹ്മം.

നമുക്കതിനെ അറിയാൻ കഴിയില്ല. കാരണം മനുഷ്യന്റെ അറിവ് പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് ഉണ്ടാവുന്നത്. വർണ്ണങ്ങളുള്ള പൂക്കളെ കാണുന്നതും, കിളികളുടെ കളകളാരവം കേൾക്കുന്നതും, മുല്ല മല്ലി മുതലായ പൂക്കളുടെ ഗന്ധം നുകരുന്നതും, പൂക്കളിൽ കിനിയുന്ന തേനിന്റെ മാധുര്യം ആസ്വദിക്കുന്നതും, പഞ്ഞിയുടെ മാർദ്ദവം ആസ്വദിക്കുന്നതും എല്ലാം ആ ദ്രവ്യങ്ങളെല്ലാം ഗുണങ്ങളുള്ളവയായതുകൊണ്ടാണ്. 'സഗുണങ്ങൾ' ആയതുകൊണ്ടാണ്. മുൻപിലുള്ള ഒരു ദ്രവ്യത്തിനെ കാണാനോ, കേൾക്കാനോ, മണക്കാനോ, രുചിക്കാനോ, തൊടാനോ പറ്റില്ല. അതെന്താണെന്നു പറയാമോ എന്ന് ചോദിച്ചാൽ, നമുക്കു പറയാൻ പറ്റില്ല. അത് പ്രേതം പോലുള്ള എന്തെങ്കിലുമായിരിക്കും. അതിലൂടെ നമുക്കു കടന്നു പോകാനും പറ്റും. അത്തരം ഒന്നാണ് നിർഗ്ഗുണബ്രഹ്മം. ആ നിർഗ്ഗുണബ്രഹ്മം സ്വയം രൂപാന്തരങ്ങൾ പ്രാപിച്ച് സഗുണാത്മകമായ ഈ പ്രപഞ്ചം ഉണ്ടായത്. പല പരിണാമങ്ങളി ലൂടെയാണ്. ഇതാണ് വേദാന്തം.

അദ്വൈതവേദാന്തത്തിന്റെ പ്രധാന ഉപജ്ഞാതാവായറിയപ്പെടുന്ന ആദിശങ്കരൻ വ്യാഖ്യാനിച്ച മൂന്ന് പ്രധാന ചിന്താസരണികളാണ് വേദാന്തത്തിലെ പ്രസ്ഥാനത്രയമായി അറിയപ്പെടുന്നത്. ഉപനിഷത്, ഭഗവത് ഗീത, ബ്രഹ്മസൂത്രം ഇവയാണവ. ഇതിനകം തന്നെആദ്യത്തെ രണ്ടും ധാരാളം പ്രഭാഷണങ്ങളിലൂടെ പല ജ്ഞാനികളും ജനങ്ങളെ കേൾപ്പിച്ച് കഴിഞ്ഞു. അതിൽ മിക്ക പ്രഭാഷകരും, തന്ത്രത്തെ ഇകഴ്ത്തുകയും ക്ഷേത്രങ്ങളെ ഭൽസിക്കുകയും ചെയ്യുന്നുണ്ട്. ക്ഷേത്രം എന്നത് ഒരു സ്ഥാപനമാണ്. അവിടെ സ്ഥാപനപരമായ അനാചാരങ്ങളോ അഴിമതികളോ നിലനിൽക്കുന്നു ണ്ടെങ്കിൽ അവയെ ദൂരീകരിക്കേണ്ടതാണ്. എന്നാൽ അതുകൊണ്ട് ക്ഷേത്രാരാധനയും, താന്ത്രികാചാരങ്ങളും ദുഷിക്കപ്പെടേണ്ടവയല്ലെന്നു തന്നെയല്ല, ഇന്ന് വേദാന്തത്തെക്കാൾ മനുഷ്യർക്കാവശ്യം ക്ഷേത്രങ്ങളും ബന്ധപ്പെട്ട താന്ത്രികാരാധനകളുമാണ്.

## ഭഗവത് ഗീത

വേദാന്തം സാധാരണ മനുഷ്യർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. മണ്ഡനമിശ്രനെപ്പോലൊരു പരമജ്ഞാനിയെ അതു ബോദ്ധ്യപ്പെടുത്താൻ, ആദിശങ്കരന് അനേകം മാസങ്ങളിലെ തുടർച്ചയായ ഘോരമായ വാദങ്ങൾ വേണ്ടി വന്നു. മണ്ഡനമിശ്രനാണെങ്കിലോ, ഇതേവിഷയങ്ങളിൽ തന്നെ

അഗാധപാണ്ഡിത്യമുണ്ടായിരുന്ന സ്വന്തം ഭാര്യ ഉഭയഭാരതിയുടെഅനവരതമായ സഹകരണത്തോടു കൂടി അനേകവർഷങ്ങളായി വേദങ്ങളിലെ കർമ്മ കാണ്ഡം അനുസരിച്ചയാളും.

പിന്നെയാണോ ആംഗല വിദ്യാഭ്യാസം അനുസരിച്ച് പാശ്ചാത്യ സയൻസും പഠിച്ച്, സംസ്കൃതവിരോധം അലങ്കാരമായിക്കൊണ്ടുനടക്കുന്ന, ബാങ്കിലോ, ഐടി കമ്പനിയിലോ പണിചെയ്യുന്ന സ്ത്രീ പുരുഷൻമാർക്ക്, അത് മനസ്സിലാവുന്നത്?രാപകൽ കുടുംബത്തിന്റെ ഭക്ഷണകാര്യങ്ങളിലും, വീടുവൃത്തിയാക്കിവക്കുന്നതിലും, കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിലും ശ്രദ്ധചെലുത്തുന്ന വീട്ടമ്മമാർക്കത് മനസ്സിലാവുന്നത്? അതുകൊണ്ടതന്നെയാണ് ഇത്രയധികം ഗീതാജ്ഞാനപ്രഭാഷണങ്ങൾ നടന്നിട്ടും, ഒരൊറ്റ ഗൃഹനാഥനോ വീട്ടമ്മയോ വിദ്യാർത്ഥിയോ താൻ സ്വയം ഘനീഭൂതമായ ജ്ഞാനമാണെന്ന് 'അനുഭവിക്കാത്തത്'. അത്രയും വേണ്ട, 'ധ്യായതോ വിഷയാൻ പുംസ.......' എന്നതിന്റെയോ, 'സുഖദുഃഖെ സമീകൃത്വാ........' എന്നതിന്റെയോ അർത്ഥമെങ്കിലും മനസ്സിലാക്കി അതനുസരിച്ച് ജീവിക്കാത്തത്. എന്നാൽ ഇതു മനസ്സിലായാലും അപകടം തന്നെ. നല്ല ഭംഗിയായി വീട്ടു കാര്യങ്ങൾ നോക്കി നടത്തുന്ന ഒരു ഭാര്യക്കോ, ഭർത്താവിനോ ഒരാൾക്ക് പെട്ടെന്ന് 'അസക്തിരനഭിഷംഗ;പുത്രദാരഗൃഹാദിഷു' (പുത്രൻ, ഭാര്യ, ഗൃഹം, മുതലായവയിൽ സ്നേഹവാൽസല്യങ്ങൾ, താദാത്മ്യം എന്നിവ അരുത് മുതലായവയിൽ 'വളർത്തുമൃഗങ്ങൾ, ഇന്നത്തെക്കാലത്ത്, കാറ്, മോട്ടോർസൈക്കിൾ, മുതലായവയും പെടും. അഭിഷംഗം എന്നത് എംപഥി എന്ന ആംഗല പദം ദ്യോതിപ്പിക്കുന്ന അർത്ഥമാണ്) എന്ന് മനസ്സിലായാൽ എന്തായിരിക്കും അവസ്ഥ! അതുകൊണ്ടു തന്നെയാണ് ത്രികാലജ്ഞനായ ഭഗവാൻ ശ്രീകൃഷ്ണൻ ഭാവിയിൽ വരാൻ പോകുന്ന യുദ്ധവും യുദ്ധഭൂവിൽ നടക്കാൻ പോകുന്ന അർജ്ജുന വിഷാദയോഗവും മുൻ കൂട്ടിയറിഞ്ഞിട്ടും, ഒരു അത്താഴത്തിന് ശേഷമോ, ഒരു പ്രഭാത സവാരിക്കൊപ്പമോ സ്വന്തം അളിയനു ഗീത ഉപദേശിക്കാഞ്ഞത്. അത്രയുമല്ല, അർജ്ജുനൻ യുദ്ധഭൂമിക്ക് നടുവിൽ നിന്ന് ചോദിച്ചപ്പോഴും 'ഏതായാലും ഇവൻ ചോദിച്ചു, എങ്കിൽ പിന്നെ ആ ഭീഷ്മരെയും, ദ്രോണരെയും,ദുര്യോധനനേയും ദു;ശ്ശാസനനെയും കൂടി വിളിച്ച ഒന്നിച്ച് പറഞ്ഞു കൊടുക്കാം' എന്ന് വിചാരിക്കാതെ വളരെ രഹസ്യമായി അളിയനു പറഞ്ഞു കൊടുത്തത്.

## ഉപനിഷത്തുകൾ

ഇനി വേദാന്തം പ്രതിപാദിക്കുന്ന ഉപനിഷത്തുക്കൾ നോക്കാം. ബൃഹദാരണ്യകം, ചാന്ദോഗ്യം, തൈത്തരീയം, ഐതരേയം, കൗഷീതകം ,കേനം എന്നി അതി പ്രാചീനോപനിഷത്തുകൾക്കു ശേഷമാണ് കഠം, ഈശം, ശ്വേതാശ്വതരം, മുണ്ഡകം എന്നിവയും അതിനും ശേഷമാണ് മൈത്രി, മാണ്ഡൂക്യം ഇവയും ഉത്ഭവിച്ചത്. ഇവയിൽ ചിലത് ആത്മജ്ഞാനപ്രഭാഷണപരങ്ങളും, ചിലവ ഗുരുശിഷ്യസംവാദരൂപങ്ങളും, ചിലവ ബ്രഹ്മണ്യം, സന്യാസം, ഹംസാവസ്ഥ ഇത്തരം അവസ്ഥകളെ നിർവചിക്കുന്ന രൂപങ്ങളിലുള്ളവയുമാണ്. ഇവയിൽ ബ്രഹ്മജ്ഞാനത്തെ പ്രതിപാദിക്കുന്ന ചിലവ നോക്കാം.

ഈശാവാസ്യംഃ 'തദേജതി തന്നൈജതി തദ്ദൂരെ തദന്തികെ; തദന്തരസ്യ സർവസ്യ തദു സർവസ്യാസ്യ ബാഹ്യത;' (ഈശ.5) (അത് നീങ്ങുന്ന, അതു നീങ്ങുന്നില്ല. അതകലെ, അതടുത്ത്, അതെല്ലാത്തിനും അകത്ത്, അതെല്ലാത്തിനും പുറത്ത്)

കേനംഃ 'ന തത്ര ചക്ഷുർഗച്ഛതി,ന വാഗ്ഗച്ഛതി, നോ മനോ ന വിദ്മോ.....' (കേനം 1.3) (അവിടെ കാഴ്ച ചെല്ലില്ല, വാക്കുകൾ ചെല്ലില്ല, മനസ്സും ചെല്ലില്ല, ഞങ്ങൾക്കതെന്തൊണെന്നറിയില്ല) 'നാഹം മന്യെ സുവേദേതി,നോ ന വേദേതി വേദ ച' (കേനം2.2) (അറിഞ്ഞു എന്നു ഞാൻ വിചാരിക്കുന്നില്ല. അറിയുന്നില്ലെന്നും വിചാരിക്കുന്നില്ല. അറിയുന്നുമുണ്ട്) 'യസ്യാമതം തസ്യമതം മതം യസ്യ ന വേദ സ' (കേനം 2.3) (അറിയാത്തവൻ അറിയുന്നു, അറിയുന്നവൻ അറിയുന്നില്ല)

ഇതൊന്നും വായിച്ചാൽ ബ്രഹ്മാനന്ദമുണ്ടാവില്ല. ശങ്കരഭഗവത്പാദർക്കുപോലും അതുണ്ടായില്ല എന്ന് മേൽ വിവരിക്കാം.

## ബ്രഹ്മ സൂത്രം

ഇനിയുള്ളത് ബ്രഹ്മസൂത്രമാണ്. 'അഥാതോ ബ്രഹ്മജിജ്ഞാസാ' (അതിനുശേഷം അതുകൊണ്ട് ബ്രഹ്മത്തെപ്പറ്റി ജിജ്ഞാസ), 'ജൻമാദ്യസ്യയതഃ' (ഇതിന്റെ ജന്മം മുതലായവ എവിടെ നിന്നാണോ) എന്നിങ്ങനെ കാച്ചിക്കുറുക്കിയ ബ്രഹ്മസൂത്രത്തെ ധാരാളം വ്യാഖ്യാനിച്ചെങ്കിലെ പണ്ഡിതർക്കുപോലും മനസ്സിലാവൂ. ശങ്കരൻ അതിനു വ്യാഖ്യാനമെഴുതിയിട്ടുണ്ട്. മറ്റെല്ലാ മതങ്ങളെയും ഖണ്ഡിച്ചുകൊണ്ടു മുന്നേറുന്നതാണ്. ബ്രഹ്മസൂത്രങ്ങളും ശങ്കരന്റെ വ്യാഖ്യാനങ്ങളും.

അതിലും എന്തു ചെയ്താലാണ് ഞാൻ ബ്ര

ഷമമാണ് എന്ന വിശേഷജ്ഞാനമുണ്ടാവുക എന്ന വ്യക്തമല്ല.

സ്വന്തം ഗുരു ഗോവിന്ദമുനി തപസ്സിരിക്കുന്ന ഗുഹ നർമ്മദാ നദിയിലെ വെള്ളപ്പൊക്കം മൂലം മുങ്ങുമെന്ന അവസ്ഥ വന്നപ്പോൾ ശങ്കരഭഗവത്പാദർ തന്റെ കമണ്ഡലുവിലേക്ക് ആ ജലപ്രവാഹത്തെ മന്ത്രശക്തിയാൽ ആകർഷിച്ചുവെന്നൊരു കഥയുണ്ട്. അത് വിശ്വസിക്കാമെങ്കിൽ ആ മന്ത്രശക്തിയെന്താണ്? അതിൽ വേദാന്തമെന്താണ്? മണ്ഡനമിശ്രന്റെ ഭാര്യയുമായുണ്ടായ വാദത്തിൽ, അവർ ചോദിച്ച ലൈംഗിക വിഷയപരമായ ചോദ്യങ്ങൾക്കൊന്നും ശങ്കരനുത്തരമുണ്ടായിരുന്നില്ല. അവസാനം പരകായ പ്രവേശത്തിലൂടെ അമരുക മഹാരാജാവിന്റെ ജഡത്തിൽ പ്രവേശിച്ച് പട്ടമഹർഷികളുമായി രമിച്ചാണ് അതിൽ അറിവു സമ്പാദിച്ചത്. വേദാന്തത്തിലെ എന്തു വിദ്യയാണ് പരകായ പ്രവേശനത്തിന് ശങ്കരനെ സഹായിച്ചതെന്ന ചോദ്യത്തിലുപരി, ഞാൻ ശുദ്ധജ്ഞാനസ്വരൂപനും സച്ചിദാനന്ദ സ്വരൂപനുമായ'ബ്രഹ്മമാണ്' എന്ന് 'അനുഭവിച്ച്' ശങ്കരന് ഭൗതികമായ ലൈംഗിക വേഴ്ച കൂടാതെ അതിനെ പറ്റി അറിയില്ലായിരുന്നു എന്നത് ദുരൂഹമാണ്.

## വേദാന്തവും ക്ഷേത്ര തന്ത്രവും

എങ്കിൽ പിന്നെ സമകാലിക ജനതക്ക് വേദാന്തം കൊണ്ടെന്തു പ്രയോജനം! മകന് ജോലി കിട്ടാതെ കഷ്ടപ്പെടുന്ന അമ്മക്കോ, ഫ്യൂചേഴ്സിലും ഓപ്ഷൻസിലും പണം നഷ്ടപ്പെട്ട അച്ഛനോ, സ്വന്തമായി ഒരു വീടുവെക്കുവാൻ കഷ്ടപ്പെടുന്ന ഒരു യുവാവിനോ, അഹം ബ്രഹ്മാസമി, ജനമാസ്യയത, യസ്യാമതം തസ്യ മതം, അസക്തിരനഭിഷംഗ; മുതലായ വാക്യങ്ങൾകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നു മാത്രമല്ല അവയിൽ ചിലത് മനസ്സിലായാലും ഗൃഹസ്ഥൻ അപകടത്തിലാകും. അത്തരം ദൈനം ദിന പ്രശ്നങ്ങൾക്ക് ക്ഷേത്രങ്ങൾ തന്നെ ഗതി. കല്ല്യാണം കഴിക്കാത്ത മകളുടെ കല്ല്യാണം നടക്കാൻ ശിവപാർവ്വതിക്ഷേത്രത്തിൽ ഒരു സ്വയംവര പാഷ്പാജ്ഞലി നടത്തുക, മുടങ്ങിപ്പോയ ഭവന നിർമ്മാണം തടസ്സം കൂടാതെ തീരാൻ ഗണപതി ഹോമം നടത്തുക മുതലായ താന്ത്രികാരാധന സമ്പ്രദായങ്ങളാണതിനാവശ്യം.

ക്ഷേത്രങ്ങളിൽ പോകരുത്, പ്രാർത്ഥിക്കരുത്, ക്ഷേത്രങ്ങളിലെ സ്വത്തെല്ലാം പൊതുജനങ്ങൾക്ക് വിതരണം ചെയ്യണം എന്നൊക്കെ ഘോരഘോരം വായിട്ടടിക്കുന്ന കാവി വസ്ത്രക്കാർ തന്നെ ഇന്ന് സുലഭം, എല്ലാം ബ്രഹ്മമാണ് അതുകൊണ്ട് ഒരു ശിവക്ഷേത്രത്തിലോ, ഗണപതി ക്ഷേത്രത്തിലോ, ദുർഗ്ഗാക്ഷേത്രത്തിലോ പോകേണ്ടഃ എല്ലാം ഒന്നാണ്, എന്നാണെങ്കിൽ, എല്ലാസ്ത്രികളും സ്ത്രികളാണ്, അതുകൊണ്ട് ഒരാളെ ഭാര്യയായും മറ്റൊരാളെ പെങ്ങളായും ഇനിയൊരാളെ അമ്മയായും ഒന്നും കണക്കാക്കേണ്ട. ഒരാളെത്തന്നെ 'സ്ത്രി' യായി കണക്കാക്കി അമ്മയായും ഭാര്യയായും മകളായും എല്ലാം പെരുമാറാം എന്നു വരും. അതിലേറെ അപകടമെന്താണുള്ളത്? ഇതെല്ലാം സാക്ഷാൽ ആദിശങ്കരനും അറിയാമായിരുന്നു. അതുകൊണ്ടാണ് ഭഗവാൻ പ്രപഞ്ചസാരം എന്നൊരു താന്ത്രിക ഗ്രന്ഥമെഴുതി വെച്ചത്. അതിൽ നല്ല വൃത്തിയായി നരസിംഹമന്ത്രം കൊണ്ട് എങ്ങനെ ശത്രുസംഹാരം നടത്താം, ദുഃസ്വപ്നം കണ്ടുണർന്നവൻ ഈ നരസിംഹമന്ത്രജപം കൊണ്ട് ആ ക്ഷണം സുഖ നിദ്രപ്രാപിക്കുമെന്നും, വനത്തിൽ സഞ്ചരിക്കുന്നവൻ ഈ മന്ത്രജപം കൊണ്ട്, ദുഷ്ടമൃഗങ്ങളെയും, ഘോര സർപ്പങ്ങളെയും മറ്റും ദൂരെമാറ്റി എങ്ങനെ സുഖമായി ചരിക്കുമെന്നും മറ്റും പറയുന്നത്. നരസിംഹം മാത്രമല്ല, ലക്ഷ്മി, ത്രിപുരാ, മഹാഗണേശൻ, മൻമഥൻ, നാരായണൻ, വരാഹം ലവണ മന്ത്രം (വശീകരണത്തിന്) എന്നിങ്ങിനെ അസംഖ്യം മന്ത്രങ്ങളും, യന്ത്രങ്ങൾ എങ്ങിനെ എഴുതണം എന്നും മറ്റും പറഞ്ഞുവച്ചത്. ഇതെഴുതിയത് ആദിശങ്കരനല്ല എന്നാരും എന്നോട് കയർക്കാനും വരേണ്ടതില്ല. കാരണം ഇതിന് വ്യാഖ്യാനം എഴുതിയത്, ശങ്കരന്റെ ശിഷ്യൻ പത്മപാദാചാര്യരാണ്. ഇതേ ഉദ്ദേശത്തിൽ ത്തന്നെയാവണം ശങ്കരൻ സൗന്ദര്യലഹരി എന്ന താന്ത്രികഗ്രന്ഥം കൂടി എഴുതിവെച്ചത്.

അതുകൊണ്ട് ഈ കലി കാലത്തിൽ, മനുഷ്യന് ഭോഗമോക്ഷാദികൾ ലഭിക്കാൻ ഗുരുപദിഷ്ടവും വൈയക്തികവുമായ താന്ത്രികാരാധനയോ ക്ഷേത്രാരാധനയോ മാത്രമേ വഴിയുള്ളു.

എങ്കിൽ എന്താണ് ക്ഷേത്രം? എങ്ങിനെയാണ് ക്ഷേത്രാരാധന? എങ്ങനെയാണ് ഗുരുപദേശത്തിലൂടെ മന്ത്രസാധന നടത്തി ഭോഗമോക്ഷാദികൾ രണ്ടും നേടുന്നത്? ●

(തുടരും)

കായത്തിൽ പറ്റീടുന്ന പങ്കങ്ങളശേഷവും
തോയത്തിൽ സ്നാനം ചെയ്താൽ
പോയിടുമതെന്നി
യേയുള്ളകത്തുളവാകും ദോഷങ്ങൾ പോകുന്നീല
ഉള്ളു നന്നാകാൻ രാഗദ്വേഷാദി പോയീടണം.

***വ്യാസൻ***



# വർഷകാലായുർവ്വേദം

ഡോ. ദേവിദാസ് വെള്ളോടി



ചുട്ടുപഴുത്ത കിടക്കുന്ന മണ്ണിലേക്കും മലയാളിയുടെ മനസ്സിലേക്കും ഇടവപ്പാതി പെയ്തിറങ്ങി. മനം കുളിർത്തു കൊണ്ട് നാം വർഷത്തെ വരവേറ്റു. അത്യുഷ്ണത്തിന് വിരാമം. പക്ഷേ അതോടുകൂടി രോഗങ്ങളുടെ ഒരു നിരതന്നെ സാധാരണക്കാരനെ തേടി എത്തുകയായി.

വർഷഋതു ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ ചേർന്നതാണ്. വർഷകാലത്ത് രോഗപ്രതിരോധ ശേഷി കുറയുന്നു. ഒരു പാട് അസുഖങ്ങളെ വിളിച്ചു വരുത്തുന്നു. വെള്ളവും, വായുവും, മണ്ണും മലിനപ്പെട്ട് വെള്ളത്തിലൂടെയും, വായുവിലൂടെയും പകരുന്ന അസുഖങ്ങൾ വ്യാപകമായി പരക്കുന്നു. ജലദോഷം, പനി, ചുമ, തുമ്മൽ, ഛർദ്ദ്യതിസാരം, ഡെങ്കിപ്പനി തുടങ്ങിയവയാണ് സാധാരണ കണ്ടു വരുന്ന അസുഖങ്ങൾ. ഇതിൽ ജലദോഷം, പനി, തുമ്മൽ തുടങ്ങിയവ വായു ദുഷിച്ചുണ്ടാകന്നതും, ഛർദ്ദ്യതിസാരം, ദഹനമാന്ദ്യം എന്നിവ വെള്ളം ദുഷിച്ചുണ്ടാകുന്നതുമാണെന്ന് സാമാന്യമായി പറയാം.

ഇനി വർഷകാലത്ത് നമ്മുടെ ശരീരത്തിലെന്തെല്ലാം മാറ്റങ്ങൾ വരുന്നു എന്ന് ചിന്തിക്കാം. വർഷകാലത്ത് ശരീരത്തിൽ പിത്തദോഷത്തിന്റെ കോപമുണ്ടാകും. അതിന് പുറമെ വായുവും ജലവും അശുദ്ധമാകുകയും ചെയ്യുന്നതിനാൽ ത്രിദോഷകോപവും സംഭവിക്കുന്നു. വർധിച്ച പിത്തത്തെ ശോധനം ചെയ്തു കളയുക തന്നെ വേണം. തുടർന്ന് ത്രിദോഷശമനത്തിനുതകുന്ന മരുന്നുകൾ കഴിക്കുകയും യുക്തമായ തൈലങ്ങളാൽ തേച്ചു കുളിക്കുകയും വേണം.

ആദ്യമായി ബാഹ്യമായി വരുന്ന രോഗാണുക്കളെ കൊണ്ട് എന്തെല്ലാം പ്രയാസങ്ങൾ വരുമെന്ന് നോക്കാം. ഡെങ്കിപ്പനി, ജലദോഷം, ഭക്ഷണത്തിൽ കൂടെയുള്ള രോഗാണുബാധ, ശ്വാസകോശ രോഗാണുബാധ, കോളറ തുടങ്ങിയവയാണ് ഇതിൽ പ്രധാനം.

## സാമാന്യമായി ചെയ്യാനുള്ള മുൻകരുതലുകൾ

1. ഇടയ്ക്കിടക്ക് കൈവൃത്തിയായി കഴുകി ശുദ്ധി വരുത്തുക.

2. ശീതികരിച്ച (AC) മുറിയിലേക്ക് തല നനഞ്ഞ് പ്രവേശിക്കരുത്.

3. പഴകിയ ഭക്ഷണം കഴിക്കാതിരിക്കുക.

4. ശുദ്ധീകരിച്ച വെള്ളം മാത്രം പാചകത്തിന് ഉപയോഗിക്കുക. തിളപ്പിച്ച വെള്ളം മാത്രം കുടിക്കുക.

5. ചൂടുള്ള ഭക്ഷണ പാനീയങ്ങൾ കഴിക്കുക. ഐസ് ഒഴിവാക്കുക.

6. വിറ്റാമിൻ സി യുടെ ഉപയോഗം വർദ്ധിപ്പിക്കുക.

7. ഭക്ഷണപദാർത്ഥങ്ങൾ തുറന്നു വെയ്ക്കാതിരിക്കുക.

8. കെട്ടിക്കിടക്കുന്ന വെള്ളത്തിലാണ് കൊതുക് മുട്ടയിടുന്നത്. കെട്ടികിടക്കുന്ന വെള്ളം ഒഴിഞ്ഞു പോകാനുള്ള മാർഗ്ഗങ്ങൾ തേടുക. തുറന്നു വെച്ച ചിരട്ട, പാത്രങ്ങൾ, ചട്ടി എന്നിവയിലൂടെ കൊതുക് വളരാം. ഇത് തടയുക. കൊതുക് നിവാരണത്തിനുള്ള മരുന്ന് അടിക്കുക. പുകയില കഷായവും, സോപ്പു ലായനിയും, വേപ്പെണ്ണയും 5ঃ 3ঃ 1 അനുപാതത്തിൽ ചേർത്ത് തളിക്കുക. കൊതുക് നശിച്ചു പോകും.

## കൊതുകിനുള്ള പുകയ്ക്കൽ

കടുക്, മഞ്ഞൽ, കുന്തരിക്കം, വെളുത്തുള്ളി എന്നിവ വേപ്പെണ്ണയിൽ കുഴച്ച് പുകയ്ക്കാൻ ഉപയോഗിക്കുക. കൊതുകുകൾ വരില്ല. അപരാജിത ധൂമം മാർക്കറ്റിൽ വാങ്ങാൻ സാധിക്കും. ഇത് പുകയ്ക്കുന്നതും നല്ലതാണ്.

## ദഹനക്കേട്

ദഹനവ്യവസ്ഥ എളുപ്പത്തിൽ തകരാറിലാകുമെന്നതിനാൽ ദഹിക്കുവാൻ എളുപ്പമുള്ള ഭക്ഷണങ്ങൾ കഴിക്കുക. ഇഞ്ചി, കുരുമുളക് തുടങ്ങിയവയുടെ ഉപയോഗം വർദ്ധിപ്പിക്കുക. കുരുമുളക് രസം ഭക്ഷണത്തിന്റെ കൂടെ ശീലമാക്കുക.

## കുടിക്കാനുള്ള വെള്ളം

